കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

# തളിപ്പറമ്പ നഗരസഭ

# ഓഡിറ്റ് റിപ്പോർട്ട് 2018-19

# ജില്ലാ ഓഡിറ്റ് കാര്യാലയം കണ്ണൂർ

**E-mail: doknr.ksad@kerala.gov.in**

**(രജിസ്റ്റർ ചെയ്തു കൈപ്പറ്റു ചീട്ടു സഹിതം)**

നം.കെ.എസ്.എ/കെ.എൻ.ആർ./സി.18/1695/2019

ജില്ലാ ഓഡിറ്റ് കാര്യാലയം,കണ്ണൂർ,
ഫോൺ: 0497 2707698,
ഇ-മെയിൽ: doknr.ksad@kerala.gov.in

തീയതി 31.12.2019

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

ചെയർമാൻ(സെക്രട്ടറി മുഖാന്തിരം)

തളിപ്പറമ്പ നഗരസഭ

സർ,

വിഷയം: തളിപ്പറമ്പ നഗരസഭ– 2018-19 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട്- സംബന്ധിച്ച്.

****************************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ നഗരപാലികാ നിയമം 295(4) വകുപ്പ് എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം തളിപ്പറമ്പ നഗരസഭയുടെ 2018-19 സാമ്പത്തികവർഷത്തെ വരവു ചെലവു കണക്കുകളുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർനടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ 1-11, 1-12, 1-13, 1-14, 1-17, 1-18, 1-19, 1-30, 1-33, 1-40, 1-42, 1-44, 1-49, 1-51 ഖണ്ഡികകളിലേയ്ക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം നഗരസഭയുടെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ നഗരസഭ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള മുനിസിപ്പാലിറ്റി-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

ഈ റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്.(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ15(1) , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 23(1) 1997 ലെ കേരളാ മുനിസിപ്പാലിറ്റി പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

സീനിയർ ഡെപ്യൂട്ടിഡയറക്ടർ

പകർപ്പ്:

1 സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്(ഉപരിപത്രം സഹിതം)

2 ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം(എയിംസിൽ )

3 ഡയറക്ടർ, നഗരകാര്യ വകുപ്പ്,തിരുവനന്തപുരം(ഉപരിപത്രം സഹിതം)

4റീജിനൽ ജോയിന്റ് ഡയറക്ടർ, നഗരകാര്യം, കോഴിക്കോട്(ഉപരിപത്രം സഹിതം)

5കാര്യാലയ പ്രതി

നം.കെ.എസ്.എ/കെ.എൻ.ആർ./സി.18/1695/2019 **തീയതി : 31.12.2019**

# <u>കണ്ണൂർ ജില്ലയിലെ തളിപ്പറമ്പ നഗരസഭയുടെ 2018-19 സാമ്പത്തിക വർഷത്തെ വരവ് ചെലവ് കണക്കുകളിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.</u>

(***1994*** ലെ കേരളാ നഗരപാലികാ നിയമം 295(4) വകുപ്പ് ***, 1994*** ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം **-** വകുപ്പ് ***13, 1996***ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം ***18*** എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്***.)***

തളിപ്പറമ്പ നഗരസഭയുടെ **2018-19** സാമ്പത്തിക വർഷത്തെ വരവു ചെലവു കണക്കുകൾ ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി.***01.04.18***മുതൽ ***30.09.19*** വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ് , അവയുടെ ഒടുക്ക്, വിവിധ അക്കൌണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിക്കുകയുണ്ടായി.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ നഗരസഭയുടെ ശ്രദ്ധയിൽ പെടുത്തിയിട്ടുണ്ട്. ആകെ നൽകിയ 50 അന്വേഷണക്കുറിപ്പുകളിൽ 50 എണ്ണത്തിനും മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർനടപടികൾ നഗരസഭ സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ

കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവും ഉണ്ടായിരിക്കുന്നതല്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| **ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ** | ശ്രീ. ബി. സന്തോഷ് സീനിയർ ഡെപ്യൂട്ടി ഡയറക്ടർ |
| **ഓഡിറ്റിന് വിനിയോഗിച്ച സമയം** | 15.10.19മുതൽ 01.11.19 വരെ |
| **ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ** | ശ്രീമതി.സിന്ധു. ടി . പി,ഓഡിറ്റ് ഓഫീസർ(ഹ.ഗ്രേ) |
| | ശ്രീ.ഷൈജുമാത്യു ,അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| | ശ്രീ.ഷഹീൻ പി.,അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| | ശ്രീമതി.റീനപിട്ടൻ,അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| | ശ്രീമതി.സബിത. കെ.,ഓഡിറ്റർ |
| | ശ്രീ.പ്രമോദ്. കെ,ഓഡിറ്റർ |

(ബി)നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| ചെയർമാൻ | ശ്രീ.അള്ളാംകുളം മഹമ്മൂദ് | 01.04.18 മുതൽ 31.03.19 വരെ |
| സെക്രട്ടറി | ശ്രീ ബിജു പി വി | 01.04.18 മുതൽ 14.05.18വരെയും<br>19.03.19മുതൽ 31.03.19 വരെയും |
| | ശ്രീ അഭിലാഷ്. കെ | 15.05.18മുതൽ 18.03.19 വരെ |

**നിർവ്വഹണ ഉദ്യോഗസ്ഥർ**

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| കൃഷി ഓഫീസർ | ശ്രീമതി.സ്വപ്ന.കെ | 01.04.18 മുതൽ 31.03.19 വരെ |
| വെറ്റിനറി സർജ്ജൻ | ഡോ.ശ്രീഷ ആർ ഖരെ | 01.04.18 മുതൽ 23.04.18 വരെ |
| | ഡോ.സന്തോഷ് കുമാർ കെ വി | 24.04.18 മുതൽ 31.03.19 വരെ |
| ഐ സി ഡി എസ് സൂപ്പർവൈസർ | ശ്രീമതി.ലക്ഷ്മിക്കുട്ടി.പി. | 01.04.18 മുതൽ |

| | | |
|---|---|---|
| | | 31.03.19 വരെ |
| സൂപ്രണ്ട്,താലൂക്ക് ഹോസ്പിറ്റൽ | ഡോ.പ്രീത.എം | 01.04.18 മുതൽ 31.03.19 വരെ |
| ചീഫ് മെഡിക്കൽ ഓഫീസർ, ആയുർവേദ ഹോസ്പിറ്റൽ | ഡോ.ഗീത.എൻ | 01.04.18 മുതൽ 31.03.19 വരെ |
| ഹെൽത്ത് ഇൻസ്പെക്ടർ | ശ്രീ. ശ്രീജിത്ത് ആർ | 01.04.18 മുതൽ 26.10.18 വരെ |
| | ശ്രീ.ബൈജു.പി.പി | 27.10.18 മുതൽ 31.03.19 വരെ |
| ഹെഡ്മാസ്റ്റർ,ജി എം യു പി എസ്,തളിപ്പറമ്പ | ശ്രീ ദിനേശൻ. പി | 01.04.18 മുതൽ 31.03.19 വരെ |
| സിഡിഎസ്,മെമ്പർസെക്രട്ടറി | ശ്രീ.പ്രദീപ് കുമാർ.പി | 01.04.18 മുതൽ 30.09.18 വരെ |
| | ശ്രീ. ലക്ഷ്മണൻ.കെ.പി | 01.10.18 മുതൽ 31.03.19 വരെ |
| മുനിസിപ്പൽ എഞ്ചിനീയർ | ശ്രീ.ബിജു.പി.വി. | 01.04.18 മുതൽ 31.03.19 വരെ |
| സൂപ്രണ്ട്-ജനറൽ | ശ്രീ.രാമചന്ദ്രൻ. നിച്ചം പടമ്മൽ | 01.04.18 മുതൽ31.03.19 വരെ |
| സൂപ്രണ്ട്-റവന്യൂ | ശ്രീ. ബാബുജി.ടി എസ് | 01.04.18 മുതൽ31.03.19 വരെ |

ഉള്ളടക്കം


| **ഭാഗം 1 ഓഡിറ്റ് റിപ്പോർട്ട്** | | |
|---|---|---|
| 1 | 1-1 | ബജറ്റ് |
| 2 | 1-2 | വാർഷികധനകാര്യപത്രിക |
| 3 | 1-3 | സാമ്പത്തിക വിശകലനം (റസീറ്റ് & പേമെന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം) |
| 4 | 1-4 | ഫണ്ട് വിനിയോഗം |
| 5 | 1-5 | പദ്ധതി അവലോകനം |
| 6 | 1-6 | തൊഴിലുറപ്പ് പദ്ധതി |
| 7 | 1-7 | ക്ഷേമ പദ്ധതികൾ |
| 8 | 1-8 | ക്യാഷ് പരിശോധന |
| 9 | 1-9 | ആഭ്യന്തരനിയന്ത്രണം |
| | | |

| | | |
|---|---|---|
| 10 | 1-10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം |
| 11 | 1-11 | വാർഷിക ധനകാര്യ പത്രിക - കണക്കിൽ കോടികളുടെ വ്യത്യാസം |
| 12 | 1-12 | വാണിജ്യാവശ്യത്തിനായി ലൈസൻസ് എടുത്ത സ്ഥാപനങ്ങൾക്ക് പാർപ്പിടാവശ്യത്തിന് ബാധകമായ നിരക്കിൽ വസ്തുനികുതി നിർണ്ണയം നടത്തി |
| 13 | 1-13 | വസ്തുനികുതി അപാകങ്ങൾ |
| 14 | 1-14 | തൊഴിൽ നികുതി - അപാകതകൾ |
| 15 | 1-15 | ലേലത്തുക വൈകി ഒടുക്കിയതിന് പിഴപ്പലിശ ഈടാക്കിയിട്ടില്ല |
| 16 | 1-16 | വാടക -അപാകങ്ങൾ |
| 17 | 1-17 | സ്വകാര്യമാർക്കറ്റ് ലൈസൻസില്ലാതെ പ്രവർത്തിക്കുന്നു |
| 18 | 1-18 | കശാപ്പുശാല പ്രവർത്തിക്കുന്നത് ലൈസൻസില്ലാതെ-ചട്ടലംഘനത്തിനുള്ള പിഴ ഈടാക്കേണ്ടതാണ് |
| 19 | 1-19 | കലക്ഷനാകാത്ത ചെക്കുകൾ - നഗരസഭയ്ക്ക് വരുമാന നഷ്ടം സംഭവിക്കുന്നു |
| 20 | 1-20 | ഡെന്റൽ ക്ലിനിക്കുകൾ ലൈസൻസില്ലാതെ പ്രവർത്തിക്കുന്നു |
| 21 | 1-21 | ഡി & ഒ ലൈസൻസ് |
| 22 | 1-22 | ഭിന്നശേഷിക്കാർക്കുള്ള ഉപകരണ വിതരണം-അപാകങ്ങൾ-99158രൂപയുടെ ചെലവ് തടസപ്പെടുത്തുന്നു. |
| 23 | 1-23 | പെയിൻ&പാലിയേറ്റീവ് പരിചരണ പദ്ധതി-അപാകങ്ങൾ .-76708രൂപ തടസത്തിൽ വെക്കുന്നു |
| 24 | 1-24 | ജാഗ്രത സമിതി ശാക്തീകരണം-കോർഡിനേറ്റർ നിയമനം |
| 25 | 1-25 | ഭിന്നശേഷിക്കാർക്കുള്ള മെഡിക്കൽ ക്യാമ്പ്-6400രൂപയുടെ ചെലവ് തടസപ്പെടുത്തുന്നു. |
| 26 | 1-26 | ഹെഡ്മാസ്റ്റർ നിർവ്വഹണം നടത്തിയ പദ്ധതികളിലെ അപാകതകൾ - 39808/-രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. |
| 27 | 1-27 | ടെൻഡർ നടപടിക്രമങ്ങളിലെ അപാകങ്ങൾ |
| 28 | 1-28 | ബിറ്റുമിൻവില തിരികെ ഈടാക്കൽ-രേഖപ്പെടുത്തലിലെ അപര്യാപ്തത. |
| 29 | 1-29 | നിർമ്മാണതൊഴിലാളി ക്ഷേമനിധി വിഹിതം-കളക്ഷൻ ചാർജ്ജ് ഈടാക്കുന്നില്ല. |
| 30 | 1-30 | കണ്ടിജന്റ് ജീവനക്കാരുടെ പെൻഷൻ |

| | | |
|---|---|---|
| | | -അപാകങ്ങൾ. |
| 31 | 1-31 | പി എം എ വൈ ഭവന നിർമ്മാണ പദ്ധതി |
| 32 | 1-32 | വാർഷിക കണക്കിൽ ഉൾപ്പെടാത്ത നീക്കിബാക്കി തുകകൾ. |
| 33 | 1-33 | റിംഗ് കമ്പോസ്റ്റ് - പദ്ധതി നടത്തിപ്പിലെ കാലതാമസം - 12-ാം പദ്ധതി കാലത്ത് തെരഞ്ഞെടുത്ത ഗുണഭോക്താക്കളെ ഉൾപ്പെടുത്തി പദ്ധതി തുടരുന്നു |
| 34 | 1-34 | നഗരസഭാ സെക്രട്ടറിയുടെ ശമ്പളവും അലവൻസുകളും |
| 35 | 1-35 | അയ്യങ്കാളി നഗര തൊഴിലുറപ്പു പദ്ധതി- അവലോകനം |
| 36 | 1-36 | പ്ലാൻഫണ്ട് വകമാറ്റിയത്- വിനിയോഗിക്കാതെ അവശേഷിക്കുന്ന തുക തിരിച്ചടക്കേണ്ടതാണ്. |
| 37 | 1-37 | ഓഫീസ് അറ്റന്റൻസിൽ ആബ്സന്റ് മാർക്ക് ചെയ്ത ദിനങ്ങളിൽ ശമ്പളം അനുവദിച്ചു-3240രൂപ തിരികെ ഈടാക്കേണ്ടതാണ് |
| 38 | 1-38 | ഇ- ടോയിലറ്റ് വാർഷിക അറ്റകുറ്റപണി അപാകങ്ങൾ |
| 39 | 1-39 | കണ്ടിജന്റ് ജീവനക്കാർ യൂനിഫോം തുണികൾ - ക്വാട്ട് ചെയ്ത തുകയിലും അധിക നിരക്ക് അനുവദിച്ചത് കാരണം 12782 രൂപയുടെ അധികച്ചെലവ് |
| 40 | 1-40 | പത്രപരസ്യം ഡിസ്കൗണ്ട് ലഭിക്കാത്തത് സംബന്ധിച്ച് |
| 41 | 1-41 | 2014 ലെ ശമ്പള പരിഷ്കരണ കുടിശ്ശിക അധികം നല്കിയത്.3595രൂപ പലിശസഹിതം ഈടാക്കേണ്ടതാണ് |
| 42 | 1-42 | സർക്കാർ അംഗീകാരമില്ലാതെ ഡാറ്റാ എൻട്രി ഓപ്പറേറ്റർ മാരെ നിയമിച്ച് 313110 രൂപ വേതനം നല്കിയതും മറ്റ് അപാകങ്ങളും |
| 43 | 1-43 | യാത്രാബത്ത – സർക്കാർ നിർദ്ദേശിച്ച നിരക്കിലും അധിക നിരക്കിൽ അനുവദിക്കുന്നത് സംബന്ധിച്ച് |
| 44 | 1-44 | പട്ടികജാതി മേഖലയിൽ നടത്തിയ പ്രോജക്ടുകൾ ഗുണഭോക്താക്കളെ തിരഞ്ഞെടുക്കുന്നതിൽ സർക്കാർ നിർദ്ദേശങ്ങൾ പാലിക്കുന്നില്ല. |
| 45 | 1-45 | തെരുവ് വിളക്ക് പരിപാലനം - സ്ക്രാപ്പ് വാല്യൂ ഈടാക്കിയിട്ടില്ല-₹16777 ഈടാക്കേണ്ടതാണ് |
| 46 | 1-46 | കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് അംഗീകരിച്ച നിരക്കിലും അധികം |

| | | |
|---|---|---|
| | | നല്കിയത്-29220രൂപ തിരിച്ചു പിടിക്കേണ്ടതാണ് |
| 47 | 1-47 | കടലാസ് രഹിത മുനിസിപ്പൽ ഓഫീസ് - അപാകങ്ങൾ |
| 48 | 1-48 | പെൻഷൻ ഫണ്ട് |
| 49 | 1-49 | ലൈബ്രറി സെസ്സ് കൃത്യമായി ഒടുക്കു വരുത്തുന്നില്ല |
| 50 | 1-50 | ഇൻഷുറൻസ് ഇടപാടുകൾ കേരള സംസ്ഥാന ഇൻഷുറൻസ് വകുപ്പ് മുഖേന നടത്തുന്നില്ല. |
| 51 | 1-51 | നഗരസഭയിലെ മാലിന്യ സംസ്ക്കരണ പദ്ധതികൾ |
| **ഭാഗം 2** | | **ഇല്ല** |
| **ഭാഗം 3** | | **ഇല്ല** |
| **ഭാഗം 4പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും** | | |
| 52 | 4-1 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം |
| 53 | 4-2 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം |
| 54 | 4-3 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ |
| 55 | 4-4 | വായ്പ/ വായ്പ തിരിച്ചടവ് |
| 56 | 4-5 | സ്ഥിരനിക്ഷേപങ്ങൾ |
| 57 | 4-6 | ഓഡിറ്റ് റിക്കവറി |
| 58 | 4-7 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് |
| 59 | 4-8 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം |
| 60 | 4-9 | ഓഡിറ്റ് പ്രത്യവലോകനം |
| 61 | 4-10 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ |
| **അനുബന്ധ പത്രികകൾ** | | |
| 62 | അനുബന്ധം-1 | ഓഡിറ്റ് സാക്ഷ്യപത്രം |
| 63 | അനുബന്ധം-2-1 | റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് |
| 64 | അനുബന്ധം-2-2 | ഇൻകം & എക്സ്പെന്റിച്ചർ സ്റ്റേറ്റ്മെന്റ് |
| 65 | അനുബന്ധം-2-3 | ബാലൻസ് ഷീറ്റ് |

## ഭാഗം -1
## ഓഡിറ്റ് റിപ്പോർട്ട്

## 1-1 ബജറ്റ്

2018-19 സാമ്പത്തിക വർഷത്തെ ബജറ്റ് 27.03.18 തീയതിയിലെ ഒന്നാം നമ്പർ തീരുമാനപ്രകാരവും പുതുക്കിയ / പരിഷ്കരിച്ച ബജറ്റ് 01.03.19 തീയതിയിലെ ഒന്നാം നമ്പർ തീരുമാനപ്രകാരവും അംഗീകരിച്ചിട്ടുണ്ട്. വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു

| | ബജറ്റ് പ്രകാരം | പുതുക്കിയ ബജറ്റ് പ്രകാരം |
|---|---|---|
| മുന്നിരിപ്പ് | 11,80,30,806 | രേഖപ്പെടുത്തിയിട്ടില്ല |
| വരവ് | 44,58,88,500 | രേഖപ്പെടുത്തിയിട്ടില്ല |
| ആകെ വരവ് | 56,39,19,306 | 47,18,67,001 |
| ചെലവ് | 46,65,47,000 | 32,03,18,001 |
| നീക്കിയിരിപ്പ് | 9,73,72,306 | 15,15,49,000 |

## 1-2 വാർഷികധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.07.19 | 03.08.19 | തിരിച്ചയച്ചിട്ടില്ല | -- |

സമയ പരിധിക്കകം ധനകാര്യ പത്രിക സമർപ്പിക്കാൻ ശ്രദ്ധിക്കേണ്ടതാണ്

## 1-3 സാമ്പത്തിക വിശകലനം (റസീറ്റ് & പേമെന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 6,23,49,111 |
| വരവ് | 26,10,42,863 |
| ആകെ | 32,33,91,974 |
| ചെലവ് | 25,75,31,546 |
| നീക്കിയിരിപ്പ് | 6,58,60,428 |

## 1-4 ഫണ്ട് വിനിയോഗം

| **ഫണ്ടിനം** | **മുന്നിരിപ്പ്** | **വരവ്** | **ആകെ** | **ചെലവ്** | **നീക്കിയിരിപ്പ്** |
|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ (ACR പ്രകാരം)**(1)** | 0 | 3,90,20,922 | 3,90,20,922 | 3,90,20,801 | 121 |
| വികസന ഫണ്ട്-എസ്.സി.പി (ACR പ്രകാരം) | 0 | 23,67,000 | 23,67,000 | 23,18,339 | 48,661 |
| വികസന ഫണ്ട്-ടി.എസ്.പി (ACR പ്രകാരം) | 0 | 3,31,000 | 3,31,000 | 50,000 | 2,81,000 |
| | | | | | |

| | | | | | |
|---|---|---|---|---|---|
| മെയിന്റനൻസ് ഗ്രാന്റ് റോഡ് (ACR പ്രകാരം) | 0 | 1,40,75,000 | 1,40,75,000 | 1,38,87,415 | 1,87,585 |
| മെയിന്റനൻസ് ഗ്രാന്റ് നോൺ-റോഡ് (ACR പ്രകാരം) | 0 | 98,99,000 | 98,99,000 | 80,93,352 | 18,05,648 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് **(1)**<br><br>(ACR പ്രകാരം) | 0 | 5,19,81,000 | 5,19,81,000 | 4,99,09,103 | 20,71,897 |
| ദുരിതാശ്വാസനിധി | 2,38,856 | 10,805 | 2,49,661 | 1,21,000 | 128661**(4)** |
| അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതി | 50,14,523 **(3)** | 1,84,076 | 51,98,599 | 13,57,590 | 38,41,009 |
| ഐ.സി .ഡി . എസ് -എസ് എൻ പി | 0 | 8,16,875 | 8,16,875 | 0 | 8,16,875 |
| ഐഡിഎസ്എം ടി | 62,69,604 | 2,22,333 | 64,91,937 | 0 | 64,91,937 |
| ഐഎച്ച്എസ്ഡിപി | 31,90,543 | 1,13,143 | 33,03,686 | 0 | 3303686 |
| എൻയുഎൽഎം | 92144 | 454521 | 546665 | 375558 | 171107 |
| എം പി ഫണ്ട് | 0 | 55,25,600 | 55,25,600 | | |
| സികെഎം | 2374547 | 84207 | 2458754 | 0 | 2458754 |
| എസ് എസ് എ | 2,84,511 | 10,089 | 2,94,600 | 0 | 2,94,600 |
| വിമുക്തി | 50,000 | 50,000 | 1,00,000 | 27,748 | 72,252 |
| ഐസിഐസിഐ | 10,26,758 | 3,40,000 | 13,66,758 | 1,38,811 | 12,27,947 |
| പി എം എ വൈ | 61,93,792 | 2,92,85,286 | 3,54,79,078 | 74,87,983 | 2,79,91,095 |
| തൊഴിൽ രഹിത വേതനം | 0 | 1,26,120 | 1,26,120 | 1,26,120 | 0 |
| ഉൽപ്പാദന ബോണസ് | 0 | 1,70,000 | 1,70,000 | 1,70,000 | 0 |
| ജനറൽ പർപ്പസ് ഗ്രാന്റ്**(2)** | | 1,85,32,862 | | | |
| തനത് ഫണ്ട്**(2)** ബാങ്ക് അക്കൗണ്ട് | | | | | |
| തനത് ഫണ്ട്**(2)** ട്രഷറി അക്കൗണ്ട് | | | | | |

(1) വാർഷിക ധനകാര്യ പത്രികയിൽ രേഖപ്പെടുത്തിയ തുക ശരിയല്ല. പ്രോജക്ടുകളുടെ വിവരങ്ങൾ രേഖപ്പെടുത്തുമ്പോൾ ഹെഡ് മാറി പോസ്റ്റ് ചെയ്തതിനാൽ ,ധനകാര്യ കമ്മീഷൻ ഗ്രാന്റിനത്തിലും വികസന ഫണ്ട് ജനറൽ ഇനത്തിലും വരുന്ന ചില തുകകൾ റവന്യൂ

വരവിനത്തിൽ ചേർത്തു പോയതിനാലാണ് വ്യത്യാസം വന്നത്(ആർ പി 4 ൽ- അവസാനത്തെ രണ്ട് ഇനങ്ങൾ)

(2)തനതു ഫണ്ടിൽ നിന്നും പദ്ധതികൾക്കു വേണ്ടി 1,48,13,017രൂപ ചെലവഴിച്ചിട്ടുണ്ട്.വിവരങ്ങൾ രേഖപ്പെടുത്തുന്ന രജിസ്റ്ററുകളുടെ അഭാവത്തിൽ മുന്നിരിപ്പുൾപ്പെടെയുള്ള മറ്റു വിശദാംശങ്ങൾ ലഭ്യമായിട്ടില്ല.

(3)വാർഷിക ധനകാര്യ പത്രിക പ്രകാരം (ബി 2-ഷെഡ്യൂൾ,2017-18) മുന്നിരിപ്പ് 54,33,654 രൂപയാണ്.ഇതിൽ 4,19,131 രൂപ ആശ്രയ പദ്ധതിക്കായി ലഭിച്ച ഫണ്ടാണെന്നും ആയത് സി ഡി എസ് വിഭാഗത്തിലേക്ക് കൈമാറിയിട്ടുണ്ടെന്നും (കാനറ ബാങ്ക് ആശ്രയ 2 )മറുപടി നല്കിയിട്ടുണ്ട്.

(4)77,661രൂപയാണ് ബാലൻസ് ഷീറ്റിൽ രേഖപ്പെടുത്തിയ നീക്കിയിരിപ്പ്. എന്നാൽ ആർ പി 40(ബി)യിൽ 42,940രൂപയാണ് ബാങ്ക് അക്കൗണ്ട് നീക്കിയിരിപ്പായി കാണിച്ചിട്ടുള്ളത്.

**പദ്ധതി പ്രവർത്തനങ്ങൾ കൃത്യമായി ഏകോപിപ്പിച്ചില്ല-4394912 രൂപ ലാപ്സായി**

പദ്ധതി പ്രവർത്തനങ്ങൾ കൃത്യമായി മോണിറ്റർ ചെയ്ത് സമയബന്ധിതമായി പൂർത്തീകരിക്കാതിരുന്നതിനാൽ പട്ടികയിൽ പരാമർശിച്ച പ്രകാരം ഫിനാൻസ് കമ്മീഷൻ ഗ്രാന്റിനത്തിൽ 2071897രൂപയും ,സംരക്ഷണഗ്രാന്റ് റോഡിതരം ഇനത്തിൽ 1805648രൂപയും സംരക്ഷണഗ്രാന്റ് -റോഡ് ഇനത്തിൽ187585രൂപയും ടിഎസ് പി ഫണ്ടിനത്തിൽ 281000രൂപയും എസ് സി പി ഫണ്ടിനത്തിൽ 48661രൂപയും വികസനഫണ്ട് ജനറൽ വിഭാഗത്തിൽ 121രൂപയും ലാപ്സായിട്ടുണ്ട്. പദ്ധതി പ്രവർത്തനങ്ങൾ കൃത്യമായി മോണിറ്റർ ചെയ്ത് സമയബന്ധിതമായി പൂർത്തിയാക്കുന്നുണ്ടെന്ന് ഉറപ്പു വരുത്തേണ്ടതിലേക്ക് നഗരസഭാ കൗൺസിലിന്റെയും സ്റ്റാൻഡിംഗ് കമ്മറ്റികളുടെയും പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നും വർക്കിംഗ് ഗ്രൂപ്പുകളുടെ പ്രവർത്തനം അതാത് സ്റ്റാൻഡിംഗ് കമ്മറ്റികൾ വിലയിരുത്തേണ്ടതും അപാകങ്ങൾ പരിഹരിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ നല്കേണ്ടതുമാണ്

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | പൂർത്തിയാക്കിയത് | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|---|
| 315 | 19,20,44,656 | 255 | 12,86,11,027 | 44 | 211 | 60 | 67% |

<u>പൂർത്തിയാക്കാതെ ഉപേക്ഷിക്കപ്പെട്ട പദ്ധതികൾ</u>

..

<u>നിർവ്വഹണ ഉദ്യോഗസ്ഥർ നടപ്പാക്കിയ പദ്ധതികളുടെ വിവരങ്ങൾ</u>

| നിർവ്വഹണ ഉദ്യോഗസ്ഥൻ | ആകെ പദ്ധതികളുടെ എണ്ണം | നടപ്പാക്കിയ പദ്ധതികളുടെ എണ്ണം | പദ്ധതി അടങ്കൽ | പദ്ധതിച്ചെലവ് |
|---|---|---|---|---|
| | | | | |

| | | | | |
|---|---|---|---|---|
| കൃഷി ഓഫീസർ | 4 | 4 | 3803300 | 3403300 |
| സീനിയർ വെറ്റിനറി സർജ്ജൻ | 11 | 8 | 1973700 | 1029580 |
| ഐ സി ഡി എസ് സൂപ്പർവൈസർ | 7 | 6 | 5510000 | 4283304 |
| സൂപ്രണ്ട്,താലൂക്ക് ഹോസ്പിറ്റൽ | 7 | 7 | 2986775 | 1989095 |
| ചീഫ് മെഡിക്കൽ ഓഫീസർ, ആയുർവേദ ഹോസ്പിറ്റൽ | 2 | 2 | 1100000 | 1099600 |
| ഹെഡ്മാസ്റ്റർ,ജി എം യു പി എസ് തളിപ്പറമ്പ | 16 | 10 | 5366691 | 4036981 |
| സിഡിഎസ് ,മെമ്പർ സെക്രട്ടറി,(പ്രോജക്ട് ഓഫീസർ,ദാരിദ്ര്യ നിർമ്മാർജ്ജനസെൽ) | 8 | 7 | 15344393 | 14469149 |
| മുനിസിപ്പൽ എഞ്ചിനീയർ | 234 | 195 | 138290614 | 92096224 |
| ഹെൽത്ത് ഇൻസ്പെക്ടർ | 6 | 1 | 7978289 | 1058750 |
| സെക്രട്ടറി | 20 | 15 | 9690894 | 5145044 |
| ആകെ | 315 | 255 | 19,20,44,656 | 12,86,11,027 |

**(എ)പദ്ധതി ആസൂത്രണം,നിർവ്വഹണം,മോണിറ്ററിംഗ്**

*(എ)* ആസൂത്രണസമിതി- *2017-18 സാമ്പത്തിക വർഷം രൂപീകൃതമായ ആസൂത്രണ സമിതിയാണ് നിലവിലും തുടരുന്നത്.2018-19* പദ്ധതി നിർവ്വഹണവുമായി ബന്ധപ്പെട്ട് ആസൂത്രണ സമിതി ഒരു തവണ മാത്രമാണ് ചേർന്നിട്ടുള്ളത്.*02/02/18* ന് ചേർന്ന യോഗത്തിൽ *2018-19* ലേക്കുള്ള പദ്ധതികൾ തയ്യാറാക്കാൻ വർക്കിംഗ് ഗ്രൂപ്പുകളെ സഹായിക്കാനും മോണിറ്ററിംഗ് നടത്താൻ വർക്കിംഗ് ഗ്രൂപ്പുകൾക്ക് നിർദ്ദേശം നല്കാനുമാണ് തീരുമാനമെടുത്തിട്ടുള്ളത്. *2.10.18* നു ചേർന്ന യോഗത്തിലാകട്ടെ *2019-20* പദ്ധതി രൂപീകരണ ചർച്ചകൾക്ക് തുടക്കം കുറിക്കൽ എന്ന് രേഖപ്പെടുത്തിയിട്ടുണ്ട്.എന്നാൽ ചർച്ചകൾ സംബന്ധിച്ച വിവരങ്ങൾ രേഖപ്പെടുത്തിയിട്ടില്ല. ആസൂത്രണ സമിതിയിൽ നിക്ഷിപ്തമായ ചുമതലകൾ നിർവ്വഹിക്കുന്നുണ്ടെന്ന് ഉറപ്പു വരുത്തുന്നതിലേക്കും തീരുമാനങ്ങൾ കൃത്യമായി മിനുട്സ് ചെയ്യുന്നതിന് ആവശ്യമായ നിർദ്ദേശങ്ങൾ നല്കുന്നതിലേക്കും ഭരണ സമിതിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു

***(ബി)* വർക്കിംഗ് ഗ്രൂപ്പുകൾ**

പതിനഞ്ച് വർക്കിംഗ് ഗ്രൂപ്പുകളാണ് നഗരസഭയിൽ രൂപീകരിച്ചിട്ടുള്ളത് . വർക്കിംഗ് ഗ്രൂപ്പ് മിനുട്സ് പരിശോധിച്ചതിൽ പദ്ധതി അവലോകനം , മോണിറ്ററിംഗ് സംബന്ധിച്ച ചർച്ചകൾ നടന്നതായി രേഖപ്പെടുത്തിയിട്ടില്ല എന്ന് വ്യക്തമായി.പദ്ധതി നിർദ്ദേശങ്ങൾ നല്കുന്നതിൽ മാത്രമായി വർക്കിംഗ് ഗ്രൂപ്പുകളുടെ പ്രവർത്തനം ഒതുങ്ങിപ്പോകുന്നത് വർക്കിംഗ് ഗ്രൂപ്പുകളുടെ പ്രവർത്തനം സംബന്ധിച്ച നിർദ്ദേശങ്ങൾക്ക് വിരുദ്ധമാണ്. പദ്ധതി രൂപീകരണ

നിർവ്വഹണ വേളകളിലും മോണിറ്ററിംഗ് നടത്തുന്നതിലും വർക്കിംഗ് ഗ്രൂപ്പുകൾ നിക്ഷിപ്തമായ ചുമതലകൾ നിറവേറ്റുന്നുണ്ടെന്ന് ഉറപ്പു വരുത്തുന്നതിലേക്ക് വർക്കിംഗ് ഗ്രൂപ്പുകളുടെ ചുമതലയുള്ള സ്റ്റാൻഡിംഗ് കമ്മറ്റികളുടെ ശ്രദ്ധ ക്ഷണിക്കുന്നു

**(സി) സ്റ്റാൻഡിംഗ് കമ്മറ്റികൾ**

ധനകാര്യ സ്റ്റാൻ്ഡിംഗ് കമ്മറ്റിയിൽ ബജറ്റ് പാസാക്കിയതായി രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും ആയതിന്റെ വിശദാംശങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല. വസ്തു നികുതി സംബന്ധിച്ച ചർച്ചകൾ നടക്കുന്നുണ്ടെങ്കിലും കലക്ഷൻ പുരോഗതി വിലയിരുത്തുകയോ പിഴവുകൾ പരിഹരിക്കുവാനുള്ള നിർദ്ദേശങ്ങൾ നല്കുകയോ ചെയ്യുന്നില്ല. മറ്റു വരവിനങ്ങളുടെ വിശദാംശങ്ങൾ പരിശോധനാവിധേയമാക്കുന്നില്ല. പ്രതിമാസ വരവു ചെലവു കണക്കുകളും ഫ്രണ്ട് ഓഫീസ് പ്രവർത്തനവും വിലയിരുത്തി നിർദ്ദേശങ്ങൾ നല്കുന്നതിലും വേണ്ടത്ര ശ്രദ്ധ ചെലുത്തിക്കാണുന്നില്ല. ഘടക സ്ഥാപനങ്ങളുടെ പ്രവർത്തനം വിലയിരുത്തുന്നതിലും നഗരസഭയുടെ സാമ്പത്തിക കാര്യങ്ങളിലും കൂടുതൽ ഇടപെടലുകൾ ഉണ്ടാകേണ്ടതുണ്ട്

നിക്ഷേപ സമാഹരണത്തിന്റെ ഭാഗമായി ബാങ്കുകളുടെ അപേക്ഷ പരിഗണിച്ച് സ്ഥിരനിക്ഷേപങ്ങൾ നല്കാൻ തീരുമാനിച്ചു എന്ന തരത്തിലുള്ള തീരുമാനങ്ങൾ ഉണ്ടാകുന്നത് ശരിയല്ല. നഗരസഭയുടെ താല്പര്യപ്രകാരം അധിക ഫണ്ട് നിക്ഷേപിക്കുന്നു എന്നായിരുന്നു വേണ്ടിയിരുന്നത്. വനിതാ സഹകരണ സംഘത്തിന് നിക്ഷേപം നല്കിയത് ശരിയോ എന്നും പലിശ കൂടുതൽ ലഭിക്കുമെന്നതിലുപരിയായി നിക്ഷേപങ്ങളുടെ സുരക്ഷിതത്വവും പരിഗണിക്കപ്പെടണം.

മറ്റു സ്റ്റാൻഡിംഗ് കമ്മറ്റികളിലും നിക്ഷിപ്തമായ ചുമതലകൾ എല്ലാം നിറവേറ്റുന്ന രീതിയിലുള്ള ചർച്ചകൾ നടന്നതായി രേഖപ്പെടുത്തപ്പെട്ടിട്ടില്ല

ഘടകസ്ഥാപനങ്ങളുടെ പ്രവർത്തനം വിലയിരുത്തുന്നതിലും പദ്ധതി അവലോകനം നടത്തുന്നതിലും വർക്കിംഗ് ഗ്രൂപ്പുകളുടെ പ്രവർത്തനം വിലയിരുത്തുന്നതിലും മോണിറ്ററിംഗ് കാര്യക്ഷമമാക്കുന്നതിലും കൂടുതൽ ഇടപെടലുകൾ ഉണ്ടാകേണ്ടതുണ്ട്.

**(ഡി)വാർഡുസഭ**

വാർഡ് സഭകൾ മൂന്നു തവണ വീതം ചേർന്നിട്ടുണ്ട്. മിനുട്ട്സ് ക്ലോസ് ചെയ്യുമ്പോൾ യോഗതീരുമാനങ്ങൾ പങ്കെടുത്ത വോട്ടർമാരിൽ പതിനഞ്ചു പേർ സാക്ഷ്യപ്പെടുത്തിയിരിക്കണമെന്ന വ്യവസ്ഥ പാലിക്കപ്പെട്ടിട്ടില്ല.

1994-ലെ മുനിസിപ്പാലിറ്റി നിയമം സെക്ഷൻ 42എ(5) പ്രകാരം വാർഡ് സഭയുടെ ക്വാറം പ്രസ്തുത പ്രദേശത്തെ സമ്മതിദായകരുടെ എണ്ണത്തിന്റെ പത്ത് ശതമാനം ആയിരിക്കുന്നതാണ്. എന്നാൽ നിശ്ചിത ക്വാറം തികയാത്ത വാർഡ് സഭകളും ഉണ്ട്. ക്വാറം തികയാത്ത വാർഡു സഭകളിൽ എടുക്കുന്ന തീരുമാനങ്ങൾക്ക് നിയമസാധുതയില്ല. ഇത്തരം യോഗങ്ങൾ മാറ്റി വെക്കേണ്ടതാണ്. തുടർന്ന് നടത്തുന്ന വാർഡ് സഭയുടെ ക്വാറം 50 മതിയാകുന്നതാണ്. ക്വാറം തികയാത്ത വാർഡുസഭകൾ മാറ്റിവെച്ച് പുതുതായി ചേരുന്നു എന്ന് ഉറപ്പു വരുത്തേണ്ടത് വാർഡ് കൗൺസിലർമാരുടെ നിയമപരമായ ഉത്തരവാദിത്തമാണ്.
ചില മീറ്റിംഗുകളുടെ മിനുട്സിൽ കൌൺസിലറും കോർഡിനേറ്ററും ഒപ്പു രേഖപ്പെടുത്തിയിട്ടില്ല. വാർഡുസഭകളുടെ പ്രവർത്തനം കുറ്റമറ്റതാക്കുന്നതിലേക്ക് നഗരസഭാ കൗൺസിലിന്റെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

**(ഇ)ക്ഷേമപെൻഷൻ**

ക്ഷേമപെൻഷൻ ഗുണഭോക്താക്കളുടെ അർഹത നഷ്ടപ്പെടുന്ന വിഷയം വാർഡുസഭകളുടെ അജണ്ടയിൽ ഉൾപ്പെടുത്താവുന്നതാണ്. അങ്ങനെ ചെയ്യുകയാണെങ്കിൽ അനർഹരുടെ അക്കൗണ്ടുകളിലേക്ക് തുക കൈമാറപ്പെടുന്നത് ഒരു പരിധിവരെ ഒഴിവാക്കാം. സർക്കാർ നിർദ്ദേശപ്രകാരം ആശാ വർക്കർമാരുടേയും അംഗൻവാടി വർക്കർമാരുടെയും സേവനം

ഉപയോഗപ്പെടുത്തി അർഹത നഷ്ടപ്പെടുന്ന ഗുണഭോക്താക്കളുടെ വിവരം ശേഖരിക്കാവുന്നതാണ്. അനർഹരെ യഥാസമയം ഡാറ്റാബേസിൽ നിന്ന് ഒഴിവാക്കുക എന്നത് തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ ചുമതലയാണ്.

## 1-6 തൊഴിലുറപ്പ് പദ്ധതി

| മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|
| 50,14,523 | 1,84,076 | 51,98,599 | 13,57,590 | 38,41,009 |

## 1-7 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| വാർദ്ധക്യകാലപെൻഷൻ | 2,60,88,600(*) | 2093 |
| കർഷകതൊഴിലാളി പെൻഷൻ | 42,38,200 | 311 |
| വിധവാപെൻഷൻ | 1,78,48,700 | 1421 |
| 50 വയസ്സിനു മുകളിലുള്ള അവിവാഹിതകൾക്കുള്ള പെൻഷൻ | 15,20,500 | 126 |
| ഭിന്നശേഷിയുള്ളവർക്കുള്ള പെൻഷൻ | 50,72,500 | 401 |

(*)വാർഷിക ധനകാര്യ പത്രികയിൽ (I-6,I-14) 25,06,01,100രൂപയാണ് വരവിലും ചെലവിലും ഉൾപ്പെടുത്തിയിട്ടുള്ളത്.

## 1-8 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 15.10.19-ന് സ്ഥാപന തലവന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 50385രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു .

## 1-9 ആഭ്യന്തരനിയന്ത്രണം

പ്രതിമാസം സ്റ്റാഫ് മീറ്റിംഗ് ചേരുന്നില്ല. സ്റ്റാഫ് കൌൺസിൽ രൂപീകരിച്ചിട്ടുണ്ടെങ്കിലും ആയതിൽ നഗരസഭാ സെക്രട്ടറി ഉൾപ്പെടുന്നില്ല.പ്രസ്തുത വിഷയം എക്സിറ്റ് മീറ്റിംഗിൽ ശ്രദ്ധയിൽ പെടുത്തിയപ്പോൾ സെക്ഷനുകൾ തിരിച്ച് മീറ്റിംഗ് ചേരുന്നുണ്ടെന്നും സെക്ഷൻ സൂപ്രണ്ട്മാർക്ക് ആവശ്യമായ നിർദ്ദേശങ്ങൾ സെക്രട്ടറി നല്കുന്നുണ്ടെന്നുമാണ് അറിയിച്ചത്. എന്നാൽ ഇതു സംബന്ധിച്ച രേഖകൾ പരിശോധനക്കായി ഹാജരാക്കിയിട്ടില്ല. ഓഫീസ് ഉത്തരവു വഴി ജീവനക്കാർക്ക് വിശദമായ ജോലിവിഭജനരേഖ തയ്യാറാക്കി നല്കിയിട്ടുണ്ട്. പ്രതിമാസ സ്റ്റാഫ് മീറ്റിംഗ് ചേർന്ന് ജിവനക്കാരുടെ പ്രവർത്തനങ്ങൾ വിലയിരുത്തി യഥാസമയം നിർദ്ദേശങ്ങൾ നല്കേണ്ടതും നടപടിക്രമങ്ങൾ മിനുട്സ് ചെയ്യേണ്ടതുമാണ്.

രജിസ്റ്ററുകളിൽ സർട്ടിഫിക്കറ്റ് ഓഫ് കൌണ്ട് രേഖപ്പെടുത്തുന്നില്ല. റവന്യൂ സെക്ഷനുകളിൽ സൂക്ഷിക്കുന്ന രജിസ്റ്ററുകളിൽ വാർഷിക സംക്ഷിപ്തം എഴുതി കൺട്രോളിംഗ് ഓഫീസർ സാക്ഷ്യപ്പെടുത്താത്തതും അപാകമാണ്.

വിവിധ സ്റ്റേഷനറി സാധനങ്ങളുടെ സ്റ്റോക്ക് രജിസ്റ്ററുകളിൽ സാധനങ്ങളുടെ ഇനം തിരിച്ചുള്ള വിവരങ്ങൾ രേഖപ്പെടുത്തി ഓരോ ദിവസവും ഓരോ ഇനത്തിലും കൃത്യമായി എത്ര എണ്ണം നീക്കിയിരിപ്പുണ്ട് എന്ന് മനസ്സിലാകുന്ന വിധത്തിൽ രേഖപ്പെടുത്തലുകൾ വരുത്തുന്നില്ല.

വാർഷിക ഭരണ റിപ്പോർട്ട് തയ്യാറാക്കിയിട്ടുണ്ടെങ്കിലും ആവശ്യമായ വിവരങ്ങൾ എല്ലാം രേഖപ്പെടുത്തിയിട്ടില്ലാത്തതിനാൽ അംഗീകരിക്കാൻ കഴിഞ്ഞിട്ടില്ല. രേഖപ്പെടുത്തുന്ന വിവരങ്ങളുടെ കൃത്യത ഉറപ്പു വരുത്താതെ റിപ്പോർട്ട് സമർപ്പിക്കുന്നത് ശരിയായ പ്രവണതയല്ല.

വാർഷിക ധനകാര്യ പത്രിക തയ്യാറാക്കിയതിൽ നിരവധി അപാകങ്ങൾ വന്നിട്ടുണ്ട്. കാര്യാലയത്തെ സംബന്ധിച്ച കൃത്യമായ കണക്കുകൾ ലഭ്യമാക്കാതിരിക്കുന്നത് ഗുരുതരമായ വീഴ്ചയാണ്.
ആഭ്യന്തരനിയന്ത്രണ സംവിധാനം മെച്ചപ്പെടുത്തുന്നതിന് ഫലപ്രദമായ സംവിധാനങ്ങൾ ആവിഷ്ക്കരിച്ച് നടപ്പാക്കേണ്ടതിലേക്ക് ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 12/05/14മുതൽ 16.05.14 വരെ | 2012-13 മുതൽ 2013-14 വരെ | 13.02.15 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 04.03.17 മുതൽ 22.03.17 വരെ | 2012 മുതൽ 2015-16 വരെ | 08.05.17 |

## 1-11 വാർഷിക ധനകാര്യ പത്രിക - കണക്കിൽ കോടികളുടെ വ്യത്യാസം

വാർഷിക ധനകാര്യ പത്രികയിൽ വിവരങ്ങൾ രേഖപ്പെടുത്തി സമർപ്പിക്കുന്നതിന് മുമ്പ് മേൽനോട്ടച്ചുമതലയുള്ള ഉദ്യോഗസ്ഥർ പരിശോധനകൾ നടത്തി കണക്കുകൾ കൃത്യമാണെന്ന് ഉറപ്പു വരുത്തുന്നില്ല. അതുകൊണ്ടു തന്നെ 2018-19 സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ പത്രികയിൽ കോടിക്കണക്കിന് രൂപ അധികമായി രേഖപ്പെടുത്താനും വിവിധ ഹെഡുകളിൽ തെറ്റായി തുക രേഖപ്പെടുത്താനും ഇടയായിട്ടുണ്ട് . വാർഷിക ധനകാര്യ പത്രികയെന്നത് സ്ഥാപനത്തിന്റെ സാമ്പത്തിക സ്ഥിരതയെ സംബന്ധിച്ച സാക്ഷ്യപത്രമാണ് . ധനകാര്യ പത്രികയിൽ വരുത്തുന്ന അപാകങ്ങൾ മറ്റ് ഏജൻസികൾക്ക് സ്ഥാപനത്തിന്റെ ധനസ്ഥിതി സംബന്ധിച്ച തെറ്റായ വിവരങ്ങൾ ലഭ്യമാക്കാനും സ്ഥാപനത്തെ തെറ്റായി വിലയിരുത്താനും ഇടയാക്കുന്നു എന്നതിലുപരിയായി നഗരസഭയുടെ യഥാർത്ഥ സാമ്പത്തിക അവസ്ഥ ഭരണസമിതിക്കും അതുപോലെ തല്പര കക്ഷികൾക്കും ലഭിക്കാതിരിക്കാനും കാരണമാകുന്നു. ചില ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു

1. ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റിൽ ദേശീയ വാർധക്യകാല പെൻഷൻ വരവിലും ചെലവിലും 25,06,01,100 രൂപയാണ് ചേർത്തത് . എന്നാൽ യഥാർത്ഥ ചെലവ് 2.6കോടി രൂപ

മാത്രമാണ് . വരവിലും ചെലവിലും 22.45 കോടി രൂപ അധികമായി രേഖപ്പെടുത്തിയിട്ടുണ്ട്.

2.റസീറ്റ് & പേമെന്റ് സേറ്റ്മെന്റിലെ ആർ പി 4 ഷെഡ്യൂളിൽ രേഖപ്പെടുത്തിയ രണ്ട് തുകകൾ(Remission and Refund- user charges-₹4,40,365,Remission and refund – other charges-₹27,25,240രൂപ) യഥാർത്ഥത്തിൽ വികസന ഫണ്ട് ജനറൽ വിഭാഗത്തിലും ധനകാര്യകമ്മീഷൻ ഗ്രാന്റിനത്തിലും വരേണ്ട തുകയാണ് ഇവ . ഹെഡ് മാറി ചേർത്തതിനാൽ റവന്യൂ വരുമാനത്തോടൊപ്പം ചേർക്കാനും ഗ്രാന്റുകളുടെ കണക്ക് തെറ്റായി രേഖപ്പെടുത്താനും ഇടയായിട്ടുണ്ട്.

3.വിവിധ വരവു രജിസ്റ്ററുകളിൽ കൃത്യമായ വിവരങ്ങൾ രേഖപ്പെടുത്തി വാർഷിക സംക്ഷിപ്തം രേഖപ്പെടുത്തിയിട്ടില്ലാത്തതിനാൽ റവന്യൂ വരവിനങ്ങളിൽ രേഖപ്പെടുത്തിയ തുക കൃത്യമാണോയെന്ന് പരിശോധിക്കാൻ കഴിഞ്ഞിട്ടില്ല.

4. ബാലൻസ് ഷീറ്റ് ബി 9 ഷെഡ്യൂളിൽ രേഖപ്പെടുത്തിയ പല തുകയും ഏതിനത്തിലുള്ളതാണെന്ന് വിശദീകരിക്കാൻ നഗരസഭയ്ക്ക് കഴിയുന്നില്ല

മറ്റ് വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു

1- വസ്തുനികുതി - വാർഷിക കണക്ക് പ്രകാരമുള്ള ഡിമാന്റ്, കലക്ഷൻ, നീക്കിയിരിപ്പ് എന്നിവ കൃത്യമല്ല(ഡിമാന്റ്-കലക്ഷൻ =ബാലൻസ് വരുന്നില്ല). ഇത് സഞ്ചയയിൽ നിന്നുള്ള ഡിസിബി പത്രികയുമായും പൊരുത്തപ്പെടുന്നില്ല.

2- തൊഴിൽനികുതി (ജീവനക്കാർ) വാർഷിക കണക്ക് പ്രകാരമുള്ള ഡിമാന്റ്,കലക്ഷൻ, നീക്കിയിരിപ്പ് എന്നിവകൃത്യമല്ല (ഡിമാന്റ്-കലക്ഷൻ =ബാലൻസ് വരുന്നില്ല).ഈ ഇനത്തിൽ ശമ്പളത്തിൽ നിന്ന് നേരിട്ട് ഈടാക്കിയ തുകയുടെ വിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല. രജിസ്റ്റർ സൂക്ഷിപ്പിലെ അപര്യാപ്തതകൾ കാരണം രേഖപ്പെടുത്തലുകൾ ശരിയാണോ എന്ന് പരിശോധിക്കാൻ കഴിഞ്ഞിട്ടില്ല

3-.തൊഴിൽനികുതി (ട്രേഡ്സ്) ഡിമാന്റ്,കലക്ഷൻ, നീക്കിയിരിപ്പ് എന്നിവ കൃത്യമല്ലഎന്നിവകൃത്യമല്ല.(ഡിമാന്റ്-കലക്ഷൻ =ബാലൻസ് വരുന്നില്ല).

| ഡിമാന്റ് A | കലക്ഷൻ B | ബാലൻസ് A-B | ബാലൻസ്(B15 പ്രകാരം) |
|---|---|---|---|
| 2573268 | 2380566 | 192702 | 129882 |

192702-129882= 62820 രൂപയുടെ വ്യത്യാസം വിശദീകരിച്ചിട്ടില്ല.
4. കംഫർട്ട് സ്റ്റേഷൻ, ബസ് സ്റ്റാന്റ് ഫീസ് എന്നിവയുടെ ലേലതുകയുടെ മുൻകൂർ ലഭിച്ചതുക Auction Deposit എന്ന ഹെഡിൽ തെറ്റായാണ് വരവ് കാണിച്ചത്
5- വാർഷിക ധനകാര്യ പത്രികയിലെ തുകകൾ എപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്ററിലെ തുകകളുമായി പെരുത്തപ്പെടുന്നില്ല.

| ഇനം | വാർഷിക കണക്ക് പ്രകാരം (RP-6 Schedule) | എപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ പ്രകാരം | വ്യത്യാസം |
|---|---|---|---|
| ഡവലപ്പ്മെന്റ് ഫണ്ട് ജനറൽ | 38580436 | 39020801 | 440365 |
| സെൻട്രൽ ഫിനാൻസ് കമ്മിഷൻ ഗ്രാന്റ് | 47183863 | 49909103 | 2725240 |

വ്യത്യാസം വന്ന തുക മേൽ സൂചിപ്പിച്ചതു പ്രകാരംതെറ്റായി ആർ പി 4 ഷെഡ്യൂളിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

6- ബാങ്ക് റീക്കൺസിലിയേഷൻ പത്രികയിൽ കാണിച്ച ബാങ്ക് സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള നീക്കിയിരിപ്പ് ശരിയല്ല.

| ബാങ്ക് | ബാങ്ക് ബുക്ക് പ്രകാരം നീക്കി യിരിപ്പ് | (+) Cheques issued but not presented into bank | (+)Directly credited by bank | total | (-)Cheque deposited but not collected | (-) Directly debited bank | യഥാർത്ഥ നീക്കി യിരിപ്പ് | ബാങ്ക് സ്റ്റേറ്റ്മെന്റ് പ്രകാരം നീക്കി യിരിപ്പ് | വ്യത്യാ സം |
|---|---|---|---|---|---|---|---|---|---|
| PNB own fund | 1,26,62,902 | 48,25,518 | 14974 | 1,75,03,394 | 1060968 | 37000 | 16405426 | 16379493 | 25933 |
| SBI saving 6165 | 820412 | 0 | 0 | 820412 | 8729 | 0 | 811683 | 820412 | 8729 |
| Treasury TPA 308 | 524904 | 0 | 0 | 524904 | 0 | 11086 | 513818 | 524904 | 11086 |

7- SBI internet banking 15-03-2019 വരെയുള്ള ബാങ്ക് സ്റ്റേറ്റ്മെന്റാണ് ഹാജരാക്കിയത്. ഇത് പ്രകാരമുള്ള നീക്കിയിരിപ്പ് 34446 രൂപയാണ്. ബാങ്ക് റീക്കൺസിലിയേഷൻ സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള നീക്കിയിരിപ്പ് 34844 രൂപയാണ്. 398 രൂപയുടെ വ്യത്യാസം വിശദീകരിച്ചിട്ടില്ല.

8 – തദ്ദേശ സ്ഥാപനം നല്കിയതും എന്നാൽ 3 മാസത്തിലധികമായി പണമാക്കാത്തതുമായ 27ചെക്കുകൾ liability in respect of stale cheque എന്ന ശീർഷകത്തിലേക്ക് മാറ്റിയിട്ടില്ല.

9- PNB Own Fund റീക്കൺസിലിയേഷൻ സ്റ്റേറ്റ്മെന്റ് പ്രകാരം 2019 ജനുവരിക്ക് മുമ്പെ ലഭിച്ച താഴെ പറയുന്ന ചെക്കുകൾ കലക്ഷനായിട്ടില്ല. കലക്ഷനാകാത്ത ചെക്കുകൾക്ക് പകരമായി ചെക്കുകൾ നല്കിയപ്പോൾ ആദ്യം നല്കിയ ചെക്ക് ക്യാൻസൽ ചെയ്തിട്ടില്ല

| ചെക്ക് നമ്പർ | തീയതി | തുക | ഇനം |
|---|---|---|---|
| 199693 | 01-10-2016 | 4615 | Rent |
| 24777 | 28-03-2017 | 100000 | Auction Bus stand fee |
| 24779 | 31-03-2017 | 177788 | Auction Bus stand fee |
| 264926 | 12-04-2017 | 58860 | Advertisement fee |
| 460453 | 23-08-2018 | 82500 | - |
| 1596950 | 29-08-2018 | 3750 | - |

10- Hudco loan ഇനത്തിൽ ലഭിച്ച 15400000 രൂപ grant for project എന്ന ശീർഷകത്തിലാണ് തെറ്റായി വരവ് കാണിച്ചത് .ആയത് 2019-20 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിലേക്ക് ജേണൽ എൻട്രി വഴി ശരിയാക്കിയിട്ടുണ്ട്.

11- ബാലൻസ് ഷീറ്റ് B-4 Schedule Grants & Contribution for specific purpose ശീർഷകത്തിൽ കാണിച്ച തുകകളുടെ കൃത്യത പരിശോധിക്കുന്നതിന് അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. വിവിധ ഇനങ്ങളിൽ വരുന്ന തുക ഒരുമിച്ച് രേഖപ്പെടുത്തുമ്പോൾ ഓരോന്നിന്റെയും വിനിയോഗം നിരീക്ഷിക്കുന്നതിന് എസിആർ സൂക്ഷിക്കേണ്ടതുണ്ട്

12- Indira Ghandi National Old Age Pension expenditure report പ്രകാരം 2,60,88,600 രൂപയാണ് എന്നാൽ വാർഷിക കണക്കിൽ (I-6 Revenue grants contribution) (I-14 programme expenditures ) 25,06,01,100 രൂപയാണ്. തുക രേഖപ്പെടുത്തുന്നതിനു പകരം ഹെഡ് കോഡ് തെറ്റായി രേഖപ്പെടുത്തിപ്പോയതിനാലാണ് ഈ വ്യത്യാസം വന്നിട്ടുള്ളത്. വരവിലും ചെലവിലും 21 കോടി രൂപയുടെ വ്യത്യാസം വന്നിട്ടുണ്ട്

13- Balance Sheet Schedule B-I – 2017-18 നീക്കിയിരിപ്പ് 157947144 രൂപയാണ്. എന്നാൽ 2018-19

മുന്നിരിപ്പായി കാണിച്ചത് 156322144. 16,25,000 രൂപയുടെ വ്യത്യാസം വിശദീകരിച്ചിട്ടില്ല.

14. B7, RP 27 (ഡെപ്പോസിറ്റ് റിസീവ്ഡ്) ഷെഡ്യൂളിൽ ഉൾപ്പെട്ട തുകകളുടെ കൃത്യത പരിശോധിക്കുന്നതിനാവശ്യമായ രജിസ്റ്ററുകൾ ഹാജരാക്കിയില്ല.

15. ടെൻഡർ ഫോറം രജിസ്റ്റർ, പാരാമെഡിക്കൽ, ട്യൂട്ടോറിയൽ സ്ഥാപനങ്ങളുടെ രജിസ്റ്റർ എന്നിവ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.
16-അയ്യങ്കാളി തൊഴിലുറപ്പ് പദ്ധതി രജിസ്റ്റർ പ്രകാരം തൻവർഷ ചെലവ് 1357590 രൂപയും വാർഷിക കണക്ക് പ്രകാരം 1280895 രൂപയുമാണ്. ശരിയായ ചെലവ് ഹെഡിൽ പോസ്റ്റ് ചെയ്യപ്പെടാത്തതിനാലാണ് വ്യത്യാസം വന്നിട്ടുള്ളത്.

17- Advance Register പരിശോധനക്ക് ഹാജരാക്കിയിട്ടില്ല.
18- പൂർത്തീകരിച്ച മരാമത്ത് പ്രവൃത്തികൾ Capital Work in progress ശീർഷകത്തിൽ നിന്ന് ആസ്തിയിലേക്ക് മാറ്റിയിട്ടില്ല.

## 1-12 വാണിജ്യാവശ്യത്തിനായി ലൈസൻസ് എടുത്ത സ്ഥാപനങ്ങൾക്ക് പാർപ്പിടാവശ്യത്തിന് ബാധകമായ നിരക്കിൽ വസ്തുനികുതി നിർണ്ണയം നടത്തി

2018-19 വർഷത്തെ വാർഡ് അടിസ്ഥാനത്തിലുള്ള ഡി & ഓ ലൈസൻസ് ഡിമാൻഡ് രജിസ്റ്ററിൽ വാണിജ്യാവശ്യത്തിനായി ഡി&ഓ ലൈസൻസ് എടുത്ത ചില സ്ഥാപനങ്ങളുടെ കെട്ടിട നമ്പർ സഞ്ചയയിൽ പരിശോധിച്ചപ്പോൾ ആയതിന്റെ ഉപയോഗക്രമം പാർപ്പിടാവിശ്യത്തിന് എന്ന് കണക്കാക്കിയാണ് വസ്തുനികുതി നിർണ്ണയം നടത്തിയത് എന്ന് വ്യക്തമായി. വിശദ വിവരം ചുവടെ കൊടുക്കുന്നു.

| ക്രമ നം. | ലൈസൻസിയുടെ പേര് | വാണിജ്യ ഇനം | കെട്ടിടത്തിന്റെ നം വിസ്തീർണ്ണം (/ച.മീ.) | ഡി & ഓ ലൈസൻസ് ഫീ ഒടുക്കിയ രശീതി നം.തീയതി |
|---|---|---|---|---|
| 1 | എം.എം മോഹൻദാസ്,തലോറ | ബേക്കറി & സ്റ്റേഷനറി | 2/452<br>31.2 | 112995/31/1/18 |
| 2, | സാൻ മഹേന്ദ്രൻ ,ലക്ഷ്മി നിവാസ്,തളിപ്പറമ്പ | ബേക്കറി | 2/388 (1)<br>105.62 | 116621/7.3.18 |
| 3 | മുഹമ്മദ് അലി .എസ് പാലകുളങ്ങര,തളിപ്പറമ്പ | ഫർണ്ണിച്ചർ | 2/569<br>116 | 114587/20.2.18 |
| 4 | മുഹമ്മദ് കെ.പി,സയിദ് നഗർ,തളിപ്പറമ്പ | പലചരക്ക് | 3/21<br>16.5 | 115137/23.2.18 |
| 5 | കെ.പി അഷറഫ് നഫീസ മൻസിൽ, തളിപ്പറമ്പ | ഐസ് ക്രീം വിൽപന | 7/82<br>100.59 | 100688/10.4.19 |
| 6 | ഉമ്മർ.എ.പി,സി.എച്ച് റോഡ് | സ്റ്റേഷനറി | 6/324<br>16.3 | 117010713463/8.2.18 |
| 7 | സുരേശൻ .പി.പി | ടൈലറിംഗ് ഷോപ്പ് | 7/136 | 117177/14.3.18 |

| | | | | |
|---|---|---|---|---|
| | പുതിയ പുരയിൽ,തലോറ | | 70 | |
| 8 | ശ്രീനിവാസൻ .പി.വി പുത്തൻ വീട് ,തലോറ | ടീ ഷോപ്പ് | ~~7/138~~ 111.7 | 117191/14.3.18 |

ആയതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം. 46/30-10-19 ന് നൽകിയ മറുപടിയിൽ അപാകം പരിഹരിക്കുന്നതാണ് എന്ന് അറിയിച്ചിട്ടുണ്ട്. ഈ രീതിയിൽ മുഴുവൻ കെട്ടിടങ്ങളുടെയും ഉപയോഗക്രമം പരിശോധിച്ച് അതു പ്രകാരം തന്നെയാണ് നികുതി ഈടാക്കുന്നതെന്ന് ഉറപ്പു വരുത്തേണ്ടതാണ്.

## 1-13 വസ്തുനികുതി അപാകങ്ങൾ

**<u>a) നിർമ്മാണം പൂർത്തിയാക്കിയ മുഴുവൻ കെട്ടിടങ്ങൾക്കും നികുതി നിർണ്ണയം നടത്തിയിട്ടുണ്ട് എന്ന് ഉറപ്പുവരുത്താനാവശ്യമായ രേഖകൾ /രജിസ്റ്ററുകൾ സൂക്ഷിക്കേണ്ടതാണ്.</u>**

ബിൽഡിംഗ് പെർമിറ്റ് രജിസ്റ്റർ പ്രകാരം 2018-19 വർഷം 409 കെട്ടിടങ്ങൾക്ക് നിർമ്മാണം പൂർത്തിയാക്കി Occupancy Certificate നല്കിയിട്ടുണ്ടെങ്കിലും മുഴുവൻ കെട്ടിടങ്ങൾക്കും വസ്തു നികുതി നിർണ്ണയം നടത്തിയിട്ടുണ്ടോ എന്ന് പരിശോധിക്കുന്നതിനാവശ്യമായ രേഖകൾ സ്ഥാപനത്തിൽ സൂക്ഷിച്ചിട്ടില്ല. പുതിയ കെട്ടിടങ്ങളുടെ നികുതി നിർണ്ണയവുമായി ബന്ധപ്പെട്ട് ഹാജരാക്കിയ രജിസ്റ്ററിൽ (new building register) കെട്ടിട നിർമ്മാണം പൂർത്തിയാക്കിയ തിയ്യതി, Occupancy Certificate നൽകിയ തീയ്യതി, നികുതി നിർണ്ണയം നടത്തിയ തിയ്യതി എന്നിവ രേഖപ്പെടുത്താത്തതിനാലും പെർമിറ്റ് രജിസ്റ്ററിൽ Occupancy Certificate നൽകിയ കെട്ടിടങ്ങളുടെ അസ്സസ്സ്മെന്റ് നമ്പറോ കെട്ടിട നമ്പറോ രേഖപ്പെടുത്താത്തതിനാലും നിർമ്മാണം പൂർത്തിയാക്കിയ മുഴുവൻ കെട്ടിടങ്ങൾക്കും നികുതി നിർണ്ണയം നടത്തിയിട്ടുണ്ട് എന്ന് ഉറപ്പു വരുത്താൻ സാധിച്ചിട്ടില്ല.

**<u>b)ഒഴിഞ്ഞു കിടക്കുന്നതിനാൽ നികുതി ഇളവ് (വേക്കൻസി റമിഷൻ) അനുവദിക്കുന്നതിൽ കാലതാമസം ഒഴിവാക്കേണ്ടതാണ്.</u>**

2016-17 Is t& IInd, 2017-18 Ist & IInd, 2018-19 Ist അർദ്ധവർഷങ്ങളിൽ വേക്കൻസി റമിഷൻ ലഭ്യമാക്കുന്നതിന് കെട്ടിട ഉടമകൾ കൃത്യ സമയത്ത് (അതാത് അർദ്ധവർഷം) അപേക്ഷ നൽകിയിട്ടുണ്ടെങ്കിലും ആയതിൽ ധനകാര്യ സ്റ്റാൻഡിംഗ് കമ്മറ്റി തീരുമാനമെടുത്തിരിക്കുന്നത് 30.10.2018 ലെ 17-ാം നമ്പർ തീരുമാനപ്രകാരമാണ്. ഈ രീതിയിൽ തീരുമാനമെടുക്കുന്നതിൽ കാലതാമസം ഉണ്ടാകുന്നത് നികുതി വരവിൽ കുടിശ്ശിക വരുന്നതിനും ഓരോ സാമ്പത്തീക വർഷവും നികുതി വരവിലുള്ള കൃത്യമായ കണക്കുകൾ തയ്യാറാക്കുന്നതിനും തടസ്സമാകും . കെട്ടിട ഉടമകൾ യഥാസമയം നികുതിയിളവിന് അപേക്ഷകൾ നൽകിയിട്ടും അവരുടെ പേരിൽ നികുതി കുടിശ്ശിക ബാധ്യതയായി കണക്കുകളിൽ പ്രതിഫലിക്കാൻ സാധ്യതയുണ്ട്. ഈ രീതിയിൽ നികുതിയളവ് അനുവദിച്ച തുകയുടെ കണക്കുകൾ അതാത് സാമ്പത്തിക വർഷങ്ങളിൽ സഞ്ചയയിൽ ഉൾപ്പെടുത്താത്തത് കണക്കുകളിൽ പൊരുത്തക്കേടുകൾ ഉണ്ടാകുന്നതിന് കാരണമാകുന്നതാണ്. നികുതിയിളവിനായി നൽകുന്ന അപേക്ഷകളിന്മേൽ യഥാസമയം നടപടികൾ സ്വീകരിക്കേണ്ടതാണ്.

വേക്കൻസി റമിഷൻ അനുവദിച്ച മുഴുവൻ കെട്ടിടങ്ങളുടെയും നികുതി ഒഴിവാക്കിയ വിവരം സഞ്ചയ സോഫ്റ്റ് വെയറിൽ ഉൾപ്പെടുത്തിയിട്ടില്ല . ഉദാഹരണമായി താഴെ കൊടുത്തിരിക്കുന്ന കെട്ടിടങ്ങൾക്ക് 2018-19 ഒന്നാം അർദ്ധവർഷം നികുതി ഇളവ് അനുവദിച്ചിട്ടുണ്ടെങ്കിലും വിവരം സഞ്ചയയിൽ ഉൾപ്പെട്ടിട്ടില്ല. .

നികുതി നിർണ്ണയവുമായും തളിപ്പറമ്പ നഗരസഭയുടെ ഭാഗങ്ങൾ ഉൾപ്പെടുത്തി ആന്തൂർ നഗരസഭയുടെ രൂപീകരണവുമായി ബന്ധപ്പെട്ട് നടത്തിയ പുനക്രമീകരണവുമായും

ബന്ധപ്പെട്ട് നടത്തിയ അപ്ഡേഷനിൽ പല രീതിയിലുള്ള അപാകങ്ങളും വന്നിട്ടുള്ളതായി പരിശോധനയിൽ വ്യക്തമായിട്ടുണ്ട്. ചില ഉദാഹരണങ്ങൾ താഴെ കൊടുക്കുന്നു.

1) 2017-18 വർഷം വേക്കൻസി റമിഷൻ പ്രകാരം റീത്ത രവീന്ദ്രനാഥ് എന്നയാളുടെ ഉടമസ്ഥതയിലുള്ള XV 585, XV 586 എന്നീ നമ്പറിലുള്ള കെട്ടിടങ്ങൾക്ക് ഒഴിഞ്ഞുകിടക്കുന്നതിനാൽ അനുവദനീയമായ നികുതിയിളവ് അനുവദിക്കപ്പെട്ടിട്ടുണ്ടെങ്കിലും സഞ്ചയയിൽ കെട്ടിടങ്ങളുടെ വിവരങ്ങൾ രേഖപ്പെടുത്തി നികുതി ഡിമാന്റ് രേഖപ്പെടുത്തിയിട്ടില്ല.

2)XIV 103 , 104 നമ്പരുകളിലുള്ള ടി കൃഷ്ണൻ എന്നയാളുടെ ഉടമസ്ഥതയിലുള്ള കെട്ടിടങ്ങൾക്ക് 2018 ഒന്നാം അർദ്ധവർഷം 302 രൂപ വീതം നികുതിയിളവ് അനുവദിച്ച വിവരം സഞ്ചയയിൽ ഉൾപ്പെടുത്തിയിട്ടില്ല

3) രജിസ്റ്റർ പ്രകാരം 2018 ഒന്നാം അർദ്ധവർഷം 2861 രൂപ നികുതിയിളവ് അനുവദിച്ച XXXVI -387 A3 നമ്പറിലുള്ള(പഴയനമ്പർ) ഷഹ്സാദ് അലിയുടെ ഉടമസ്ഥതയിലുള്ള കെട്ടിടത്തിന് സഞ്ചയയിൽ റമിഷൻ അനുുവദിച്ചതായി ഉൾപ്പെടുത്തിയിട്ടില്ല. ആന്തൂർ നഗരസഭ രൂപീകരണത്തെ തുടർന്നുള്ള വാർഡ് ക്രമീകരണവുമായി ബന്ധപ്പെട്ട് പുതിയ നമ്പർ നൽകുന്നതിൽ നിന്ന് ഒഴിവായതിനാൽ സഞ്ചയയിൽ പ്രസ്തുത കെട്ടിടത്തിന് നിലവിൽ നികുതി ഒഴിവായതായാണ് കാണുന്നത്.

4)കണ്ണാങ്കീൽ ഷാബീർ വാർഡ് 29 കെട്ടിട നം . 596 ന് സ്ഥാപനത്തിലെ വേക്കൻസി റമിഷൻ രജിസ്റ്റർ പ്രകാരം 2018 ഒന്നാം അർദ്ധവർഷം 709 രൂപ നികുതി ഇളവ് അനുവദിച്ചിട്ടുണ്ടെങ്കിലും ആയത് സഞ്ചയയിൽ ഉൾപ്പെടുത്താതെ 2018 ഒന്നാം അർദ്ധവർഷത്തെ നികുതി ഡിമാന്റ് വിവരങ്ങൾ ക്യാൻസൽ ചെയ്തതായാണ് രേഖപ്പെടുത്തിയിരിക്കുന്നത്. ഡിമാന്റ് വിവരങ്ങൾ ഉൾപ്പെടുത്തേണ്ടതാണ്.

**c)പൊളിച്ചു മാറ്റിയ കെട്ടിടങ്ങളുടെ നികുതിയിളവ് ((write off)– വിശദാംശങ്ങൾസഞ്ചയയിൽ ഉൾപ്പെടുത്തിയിട്ടില്ല**

ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ 06/05.03.2019 നമ്പർ തീരുമാന പ്രകാരം 31 കെട്ടിടങ്ങൾ പൊളിച്ചുമാറ്റിയതായി റവന്യൂ ഇൻസ്പെക്ടർ റിപ്പോർട്ട് ചെയ്തതിന്റെ അടിസ്ഥാനത്തിൽ 2018-19 ഒന്നാം അർദ്ധ വർഷം മുതൽ നികുതിയിൽ നിന്ന് ഒഴിവാക്കിയിട്ടുണ്ട്. എന്നാൽ പ്രസ്തുത കെട്ടിടങ്ങളെ വസ്തുനികുതിയിൽ നിന്ന് ഒഴിവാക്കിയതായി സഞ്ചയയിൽ രേഖപ്പെടുത്തിയിട്ടില്ല. ചില ഉദാഹരണങ്ങൾ താഴെ കൊടുക്കുന്നു.

| പേര് | കെട്ടിട നമ്പർ | വാർഷിക വസ്തു നികുതി |
|---|---|---|
| ചുള്ളിയോടൻ പട്ടുവം വളപ്പിൽ ജമീല | VII-286 | 1410 |
| | VII-287 | 792 |
| | VII-288 | 792 |
| പണിക്കറകത്ത് മുസ്തഫ | VII-289 | 792 |
| | VII-290 | 792 |
| | VII-291 | 1874 |
| | VII-292 | 792 |
| പാറോൽ സൌദ | XII 88 | 319 |
| | XII 89 | 475 |

നികുതി എഴുതിത്തള്ളാൻ തീരുമാനിക്കപ്പെട്ട കെട്ടിടങ്ങൾ നിലവിലും സഞ്ചയയിൽ ആക്ടീവായി തുടരുന്നത് വസ്തു നികുതിയുമായി ബന്ധപ്പെട്ട ഡിമാന്റിലെ കണക്കിലെ വ്യത്യാസത്തിന് കാരണമായേക്കാം. ആയതിനാൽ Write off അനുവദിച്ച മുഴുവൻ

കെട്ടിടങ്ങളുടെയും വിവരങ്ങൾ സഞ്ചയയിൽ ഉൾപ്പെടുത്താൻ നടപടികൾ സ്വീകരിക്കേണ്ടതാണ്.

**d)മൊബൈൽ ടവറുകളുടെ വസ്തുനികുതിയിനത്തിലുള്ള ഭീമമായ കുടിശ്ശിക - തുക പിരിച്ചെടുക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.**

തളിപ്പറമ്പ നഗരസഭാപരിധിയിൽ 22 മൊബൈൽ ടവറുകൾ പ്രവർത്തിച്ചുവരുന്നുണ്ട് എന്നാണ് നഗരസഭയിൽ നിന്ന് അറിയിച്ചത്. ആയതിൽ 3 എണ്ണം മാത്രമാണ് നികുതി പൂർണ്ണമായും ഒടുക്കിയിട്ടുള്ളത്. ബാക്കിയുള്ള മൊബൈൽ ടവറുകളിൽ നിന്നും 15,68,341 രൂപ വസ്തുനികുതിയിനത്തിൽ ലഭിക്കാനുണ്ട്. വസ്തു നികുതി ഈടാക്കുന്നതുമായി ബന്ധപ്പെട്ട് എല്ലാ മൊബൈൽ ടവറുകളുടെയും ഉടമസ്ഥർക്ക് ഡിമാന്റ് നോട്ടിസ് നൽകിയിട്ടും നികുതി ഒടുക്കാൻ തയ്യാറായിട്ടില്ല എന്നാണ് ഓഡിറ്റ് എൻക്വയറിക്ക്(നം 19/24.10.19) മറുപടി നൽകിയത്. മൊബൈൽ ടവർ ഉടമകളിൽ നിന്നും വസ്തുനികുതി ഈടാക്കുന്നതിന് ചട്ടപ്രകാരമുള്ള നിയമ നടപടികൾ സ്വീകരിച്ച് വിവരം അറിയിക്കേണ്ടതാണ്.

**e) സാംഖ്യ - സഞ്ചയ വസ്തു നികുതി കണക്കുകൾ പൊരുത്തപ്പെടുന്നില്ല.**

1. 2018-19 വർഷത്തെ ധനകാര്യ പത്രിക പ്രകാരം തൻ വർഷത്തെ വസ്തു നികുതി ഡിമാന്റ് (I-1) 3,66,12,111/- രൂപയും കലക്ഷൻ 1,68,74,199 രൂപയുമാണ്. എന്നാൽ സഞ്ചയ പ്രകാരം ഡിമാന്റ് 4,74,08,481രൂപയും കലക്ഷൻ 1,92,99,454 രൂപയുമാണ്. ഡിമാന്റ്, കലക്ഷൻ തുകകളിലുണ്ടായിട്ടുള്ള വൈരുദ്ധ്യത്തിന് കാരണം കണ്ടെത്തി ആയത് പരിഹരിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

2) 2018-19 ധനകാര്യ പത്രിക പ്രകാരം 20,51,620 രൂപ മുൻ വർഷങ്ങളിലെ വസ്തു നികുതി കുടിശ്ശികയിനത്തിൽ പിരിഞ്ഞു കിട്ടാൻ ബാക്കിയുണ്ട്. എന്നാൽ സഞ്ചയപ്രകാരം കുടിശിക 1,28,64,145 രൂപയാണ്. വസ്തു നികുതി കുടിശ്ശികയുടെ യഥാർത്ഥ കണക്കുകൾ കണ്ടെത്തി ആയത് ക്രമീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-14 തൊഴിൽ നികുതി - അപാകതകൾ

**1.തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്റർ എഴുതി സൂക്ഷിക്കുന്നില്ല.**

2005- ലെ കേരള മുനിസിപ്പാലിറ്റി (തൊഴിൽ നികുതി) ചട്ടങ്ങളിലെ ചട്ടം 10 പ്രകാരം, സെക്രട്ടറി ചട്ടം 8ൽ പറഞ്ഞിട്ടുള്ള ഓരോ സ്ഥാപനത്തിനും പ്രത്യേക പേജുകൾ അനുവദിച്ചു കൊണ്ട് വാർഡ് തിരിച്ചുള്ള ഒരു ഡിമാന്റ് രജിസ്റ്റർ സൂക്ഷിക്കേണ്ടതും അങ്ങനെയുള്ള സംഗതികൾ ഓഫീസ് മേധാവിയും സ്വയം ശമ്പളം എഴുതി വാങ്ങുന്ന ഓഫീസർ ആരെങ്കിലും ഉണ്ടെങ്കിൽ അയാളും നികുതി നൽകാൻ ബാദ്ധ്യസ്ഥരായ ആളുകളായിരിക്കുന്നതും അടവ് തുക അവരുടെ പേരിൽ വരവ് വയ്ക്കേണ്ടതുമാണ് . പ്രസ്തുത രജിസ്റ്റർ ഒന്നോ അതിലധികമോ വർഷത്തേക്ക് ഉപയോഗിക്കാം എന്നും നിഷ്കർഷിക്കുന്നുണ്ട്. എന്നാൽ നഗരസഭയിൽ ഇത്തരത്തിൽ ഒരു ഡിമാന്റ് രജിസ്റ്റർ എഴുതി സൂക്ഷിക്കുന്നില്ല. ഇത് സംബന്ധിച്ച നൽകിയ ഓഡിറ്റ് അന്വേഷണ(നം. 3/19-10-19)ത്തിന് ലഭ്യമാക്കിയ മറുപടിയിൽ തൊഴിൽ നികുതി ഓൺലൈൻ ആയി അടക്കുന്നതിനുള്ള സംവിധാനം ഒരുക്കണമെന്നുള്ള നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ തൊഴിൽ നികുതി സംബന്ധിച്ചുള്ള ഡാറ്റാ എൻട്രി പ്രവൃത്തികൾ ഓഡിറ്റ് വർഷം ആരംഭിക്കുകയും 50% ൽ അധികം പ്രവൃത്തി പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട് എന്നും ബാക്കി ഭാഗം പൂർത്തീകരിക്കാത്തതിനാൽ ഡിമാന്റ് രജിസ്റ്റർ തയ്യാറാക്കിയിട്ടില്ല എന്നുമാണ് അറിയിച്ചത്. തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്റർ തയ്യാറാക്കേണ്ടതാണ്.

**2.ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കിയിട്ടില്ല.**

നഗരസഭ പ്രദേശത്ത് പ്രവർത്തിക്കുന്ന മുഴുവൻ വ്യാപാരസ്ഥാപനങ്ങളുടെയും നടത്തിപ്പുകാരുടെയും വിവരങ്ങളടങ്ങിയ പട്ടിക (ട്രേഡേഴ്സ് ലിസ്റ്റ്) വാർഡ് തിരിച്ച് എഴുതി തയ്യാറാക്കി സൂക്ഷിക്കേണ്ടതാണ്. എന്നാൽ നഗരസഭയിൽ ഇത്തരത്തിൽ ഒരു ലിസ്റ്റ് തയ്യാറാക്കിയിട്ടില്ല. ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കാത്തതിനാൽ നഗരസഭയുടെ പരിധിയിലുള്ള

മുഴുവൻ സ്ഥാപനങ്ങളിൽ നിന്നും ഡി& ഒ ലൈസൻസ് ഫീ, തൊഴിൽ നികുതി എന്നിവ ഈടാക്കുന്നുണ്ട് എന്ന് ഉറപ്പു വരുത്താൻ കഴിയുന്നില്ല. ആവശ്യമായ ഫീൽഡ് തല പരിശോധന നടത്തി പൂർണ്ണവും കുറ്റമറ്റതുമായ ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കേണ്ടതാണ്. ഇക്കാര്യത്തിൽ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ഫലപ്രദമായ ഇടപെടൽ ഉണ്ടാവേണ്ടതുണ്ട്.

**3.വക്കീലൻമാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നില്ല**

നഗരസഭയുടെ പരിധിയിൽ ജോലി ചെയ്യുന്ന വക്കീലൻമാരിൽ നിന്നും 2018-19 സാമ്പത്തിക വർഷം തൊഴിൽനികുതി ഈടാക്കിയിട്ടില്ല. ഇതുമായി ബന്ധപ്പെട്ട് ഡിമാന്റ് നോട്ടീസ് നല്കിയിട്ടുണ്ടോ എന്നും സമർപ്പിക്കപ്പെട്ട റിട്ടേണുകൾ പരിശോധനക്കായി ഹാജരാക്കേണ്ടതാണ് എന്നും ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന്(നം. 3/19-10-19) ലഭ്യമാക്കിയ മറുപടിയിൽ നഗരസഭയുടെ പരിധിയിലുള്ള വക്കീലൻമാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നില്ല എന്നും ഡിമാന്റ് നോട്ടീസ് നൽകിയിട്ടില്ല എന്നും അറിയിച്ചിട്ടുണ്ട്. ഡിമാന്റ് നോട്ടീസ് നല്കാതിരുന്നത് നഗരസഭയുടെ ഭാഗത്തു നിന്നുണ്ടായ ഗുരുതരമായ അപാകമാണ്. വക്കീലൻമാരിൽ നിന്നും കുടിശിക സഹിതം തൊഴിൽ നികുതി ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.(കേരള മുനിസിപ്പാലിറ്റി ആക്ട് സെക്ഷൻ 245, 249, 259 കാണുക.)

നഗരസഭയുടെ പരിധിയിൽ ജോലി ചെയ്യുന്ന വക്കീലൻമാരിൽ നിന്നും ചട്ടപ്രകാരമുള്ള പിഴ സഹിതം തൊഴിൽ നികുതി ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

**4.കരാറുകാർ, ആധാരമെഴുത്തുകാർ**

നഗരസഭാ പരിധിയിൽ പ്രവർത്തിക്കുന്ന വിവിധ കരാറുകാർ, ആധാരമെഴുത്തുകാർ മുതലായവരിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നില്ല. ആയത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം. 3/19-10-19) ലഭ്യമാക്കിയ മറുപടിയിൽ കരാറുകാർക്ക് ഓഡിറ്റ് വർഷം ഡിമാന്റ് നോട്ടീസ് നൽകിയിരുന്നു എന്നും എന്നാൽ ആരും തന്നെ തൊഴിൽ നികുതി ഒടുക്കിയിട്ടില്ല എന്നുമാണ് അറിയിച്ചത്. കരാറുകാരിൽ നിന്നും ബാധകമായ പിഴപ്പലിശ സഹിതം തൊഴിൽ നികുതി ഈടാക്കി നഗരസഭാ ഫണ്ടിൽ ഒടുക്കേണ്ടതാണ്.

ആധാരം എഴുത്തുകാരിൽ നിന്നും കുടിശിക സഹിതം തൊഴിൽ നികുതി ഈടാക്കേണ്ടതാണ്.

5. **ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നില്ല**

നഗരസഭാ പരിധിയിലുള്ള ദേവസ്വം ബോർഡിന്റെ കീഴിലുള്ള അമ്പലങ്ങളിലെ ജിവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നില്ല.ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണം നം. 3/19-10-19 ന് ദേവസ്വം ബോർഡിന്റെ കീഴിലുള്ള അമ്പലങ്ങളിലെ ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കുന്നില്ല എന്നും മേൽ ഓഫീസുകൾക്ക് ഡിമാന്റ് നോട്ടീസ് നല്കിയിരുന്നു എങ്കിലും ജീവനക്കാർ തൊഴിൽ നികുതി അടവാക്കിയില്ല എന്നുമാണ് അറിയിച്ചത്. ഡിമാന്റ് നോട്ടീസ് നൽകിയിട്ടും തൊഴിൽ നികുതി അടവാക്കാത്ത ജിവനക്കാരിൽ നിന്നും ചട്ടപ്രകാരമുള്ള പിഴപലിശയും കുടിശ്ശികയും അടക്കം നികുതി ഈടാക്കി നഗരസഭ ഫണ്ടിൽ ഒടുക്കേണ്ടതാണ്.

6.ഭാരതിയ വിദ്യാഭവൻ,തളിപ്പറമ്പ എന്ന സ്ഥാപനത്തിന്റെ 2018-19 ഒന്നാം അർദ്ധവർഷത്തെ തൊഴിൽനികുതി റിട്ടേണിൽ പല ജീവനക്കാരുടേയും ശമ്പളം മുൻവർഷങ്ങളിലേതിനേക്കാൾ കുറച്ച് കാണിച്ചും, ജീവനക്കാരുടെ എണ്ണത്തിൽ കുറവ് കാണിച്ചും സമർപ്പിച്ചതിനാൽ 4.9.18 ന് മേൽ സ്ഥാപനത്തിന് 7 ദിവസത്തിനുള്ളിൽ മറുപടി ഹാജരാക്കുവാൻ ആവശ്യപ്പെട്ടുകൊണ്ട് നോട്ടീസ് നൽകിയിട്ടുണ്ട്. ഇതു സംബന്ധിച്ച തുടർ നടപടികളുടെ വിവരം ലഭ്യമാക്കേണ്ടതാണ്.

## 1-15 ലേലത്തുക വൈകി ഒടുക്കിയതിന് പിഴപ്പലിശ ഈടാക്കിയിട്ടില്ല

ബസ്സ്റ്റാന്റ് ഫീസ് പിരിക്കുന്നതിനുള്ള കുത്തകാവകാശം ലേലം ചെയ്തതുമായി ബന്ധപ്പെട്ട ലേല നോട്ടീസിലെ വ്യവസ്ഥകൾ പ്രകാരം ലേലം കൊണ്ടയാൾ ലേലം ചെയ്ത തുകയുടെ 50% തുക അന്നേ ദിവസവും,ബാക്കി തുക മൂന്ന് തുല്യ ഗഡുക്കളായി മെയ് 31, ജൂലൈ 31, സെപ്തംബർ 30 എന്നീ തീയ്യതികൾക്കുള്ളിലും അടച്ചു തീർക്കേണ്ടതാണെന്നും,ആയതിൽ വീഴ്ചവരുത്തുന്ന പക്ഷം പ്രതിമാസം 1% നിരക്കിൽ പിഴ ഈടാക്കുന്നതാണ് എന്നും വ്യക്തമാക്കിയിട്ടുണ്ട്.
കണ്ണൂർ ജില്ലാ ബസ് ട്രാൻസ്പോർട്ട് എംപ്ലോയീസ് കോ-ഓപ്പ് സോസൈറ്റി ലിമിറ്റഡ് 803000/- രൂപയ്ക്ക് ഓഡിറ്റ് വർഷം തളിപ്പറമ്പ ബസ് സ്റ്റാന്റ് ഫീസ് ഈടാക്കുന്നതിനുള്ള കുത്തകാവകാശം ലേലം കൊണ്ടതിൽ ആദ്യ ഗഡു 401500രൂപ 31/03/18 നും രണ്ടാം ഗഡു 31/05/18നും (₹133833)മൂന്നാംഗഡു 1/10/18നും (₹133833) നാലാംഗഡു (₹133833) 31/01/19 നുമാണ് ഒടുക്കിയത്.

ജൂലൈ 31,സെപ്തംബർ 30 മാസങ്ങളിൽ അടവാക്കേണ്ട തുക 1-10-18 , 31-1-19 തീയ്യതികളിലാണ് ഒടുക്കിയിരിക്കുന്നത്. തുക വൈകി ഒടുക്കിയ കരാറുകാരനിൽ നിന്നും പിഴ പലിശ ഈടാക്കിയിട്ടുണ്ടോ എന്നത് സംബന്ധിച്ചുള്ള വിവരം ലഭ്യമാക്കാൻ ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം. 17 ,24-10-19) നൽകിയ മറുപടിയിൽ, ഉടമ്പടി പ്രകാരം യഥാസമയം ഒടുക്കേണ്ടിയിരുന്ന തുക വൈകി ഒടുക്കിയ കരാറുകാരനിൽ നിന്നും പിഴപ്പലിശ ഈടാക്കിയിട്ടില്ല എന്നും ആയത് ടിയാനിൽ നിന്നും ഈടാക്കുന്നതാണ് എന്നും വ്യക്തമാക്കിയിട്ടുണ്ട്. പിഴപ്പലിശ ഈടാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്

## 1-16 വാടക -അപാകങ്ങൾ

1. ഡിമാന്റ് രജിസ്റ്റർ പൂർണ്ണമല്ല

2018-19വർഷത്തെ വാടക രജിസ്റ്ററിൽ വാർഷാവസാന സംക്ഷിപ്തം എഴുതി റവന്യൂ സൂപ്രണ്ട് സാക്ഷ്യപ്പെടുത്തിയിട്ടില്ല. വാടകക്കാരിൽ നിന്നും എത്ര തുക ഈടാക്കുന്നുണ്ട് എന്നോ,ഈടാക്കിയ തീയ്യതി,രശീതി നമ്പർ,വാടക വൈകി അടക്കുന്നവരിൽ നിന്നും എത്ര പിഴ പലിശ ഈടാക്കി എന്നോ ഉള്ള കൃത്യമായ വിവരങ്ങൾ രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല. രജിസ്റ്റർ അപൂർണ്ണമായി സൂക്ഷിച്ചതിന് വിശദീകരണം ലഭ്യമാക്കാൻ ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണം( നം. 16 ,22-10-19) ന് ലഭ്യമാക്കിയ മറുപടിയിൽ വാടക രജിസ്റ്ററിലെ അപാകങ്ങൾ പരിഹരിച്ച് പരിശോധനയ്ക്ക് ഹാജരാക്കുന്നതാണ് എന്ന് വ്യക്തമാക്കിയിട്ടുണ്ട്.

മേൽ കാരണങ്ങളാൽ വാടക,ലേലം തുടങ്ങിയ ഇനങ്ങളിൽ വാർഷിക ധനകാര്യ പത്രികയിൽ രേഖപ്പെടുത്തിയ തുകയുടെ കൃത്യത പരിശോധിക്കുന്നതിന് സാധിച്ചിട്ടില്ല.

2. എഗ്രിമെന്റ് പരിശോധനക്കായി ഹാജരാക്കിയിട്ടില്ല

നഗര സഭയുടെ പരിധിയിലുള്ള ബസ് സ്റ്റാന്റ് ഷോപ്പിംഗ് കോംപ്ലക്സ്,മാർക്കറ്റ് ഷോപ്പിംഗ് കോംപ്ലക്സ്, എന്നിവയിലെ മുറികൾ വാടകയ്ക്ക് നൽകിയതിന് 10%,5% നിരക്കിൽ വർദ്ധനവ് വരുത്തി പുതുക്കി നിശ്ചയിച്ചിട്ടുണ്ടെന്ന് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ എഗ്രിമെന്റ് പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. ആയത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണം( നം. 16 ,22-10-19) ന് ലഭ്യമാക്കിയ മറുപടിയിൽ നഗരസഭ വാടകയ്ക്ക് നൽകിയ കെട്ടിടങ്ങളുടെ എഗ്രിമെന്റ് പുതുക്കുന്നതിലെക്കായി അപേക്ഷ കൌൺസിൽ മുമ്പാകെ സമർപ്പിക്കുകയും ആയത് പുതുക്കി 10%,5% നിരക്കിൽ വർദ്ധനവ് വരുത്തി പുതുക്കി നിശ്ചയിച്ചിട്ടുണ്ടെന്നും,ആയത് പ്രകാരം വാടക ഈടാക്കുന്നുണ്ട് എന്നും, വാടകക്കാർ എഗ്രിമെന്റ് വച്ചിട്ടുണ്ട് എന്നുമാണ് അറിയിച്ചത്.എന്നാൽ എഗ്രിമെന്റ് പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

3. വാടകക്കാരിൽ നിന്നും വാടക ഈടാക്കിയിട്ടില്ല

താഴെ പറയുന്ന വാടകക്കാരിൽ നിന്ന് 2018-19 സാമ്പത്തിക വർഷത്തെ വാടക ഈടാക്കിയതായി രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല.

| വാർഡ് നമ്പർ/ കെട്ടിട നമ്പർ | പേര് | പ്രതിമാസ വാടക |
|---|---|---|
| 13,B2/1150 | കെൽട്രോൺ നോളജ് സെന്റർ | ₹31,548 |
| 13/B6/1150 | രാധാമണി അനിൽ | ₹13,207 |
| | | ₹44,755 |

തുക ഈടാക്കിയിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കാൻ (ചെക്ക് നമ്പർ തീയതി,തുക, ബാങ്ക് അക്കൌണ്ടിൽ വരവു വന്ന തീയതി) ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന്

(നം.16 ,22-10-19) മറുപടി ലഭ്യമാക്കിയിട്ടില്ല. മേൽ പറഞ്ഞ വാടകക്കാരിൽ നിന്നും വാടക ഈടാക്കിയിട്ടില്ലെങ്കിൽ 5,37,060/-രൂപ (44755x12) കാലതാമസത്തിനുള്ള പിഴ സഹിതം ഈടാക്കേണ്ടതും വിവരം അറിയിക്കേണ്ടതുമാണ്.

## 1-17 സ്വകാര്യമാർക്കറ്റ് ലൈസൻസില്ലാതെ പ്രവർത്തിക്കുന്നു

കേരള മുനിസിപ്പാലിറ്റി ആക്ട് , സെക്ഷൻ 460പ്രകാരം നഗരസഭാ പരിധിയിൽ പ്രവർത്തിക്കുന്ന ഏതൊരു സ്വകാര്യമാർക്കറ്റും നഗരസഭയിൽ നിന്നുള്ള ലൈസൻസില്ലാതെ പ്രവർത്തിക്കാൻ പാടില്ലാത്തതും ഓരോ വർഷവും അവസാനിക്കുന്നതിന് ആറാഴ്ച്ച മുമ്പ് ലൈസൻസ് പുതുക്കേണ്ടതുമാണ്. കൂടാതെ സെക്ഷൻ 461 പ്രകാരം തൊട്ടു മുൻ വർഷം ഉടമസ്ഥനു ലഭിച്ച ആദായത്തിന്റെ 33 1/3%-ൽ കവിയാത്ത തുക വാർഷിക ലൈസൻസ് ഫീസിനത്തിൽ ഒടുക്കേണ്ടതുമാണ്.

തളിപ്പറമ്പ നഗരസഭയിൽ ജുമാഅത്ത് പള്ളിക്കമ്മറ്റിയുടെ ഉടമസ്ഥതയിൽ പ്രവർത്തിക്കുന്ന സ്വകാര്യ മാർക്കറ്റിലെ കച്ചവടക്കാർ ലൈസൻസെടുത്താണ് പ്രവർത്തിക്കുന്നതെന്ന് അറിയിച്ചിട്ടുണ്ട്. എന്നാൽ മാർക്കറ്റ് ഉടമ സ്വകാര്യ മാർക്കറ്റ് നടത്തുന്നതിനുള്ള ലൈസൻസ് എടുത്തിട്ടില്ല. നിശ്ചിത നിരക്കിൽ ലൈസൻസ് ഫീസ് ഈടാക്കിക്കൊണ്ട് സ്വകാര്യ മാർക്കറ്റ് പ്രവർത്തനം ക്രമപ്രകാരമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-18 കശാപ്പുശാല പ്രവർത്തിക്കുന്നത് ലൈസൻസില്ലാതെ- ചട്ടലംഘനത്തിനുള്ള പിഴ ഈടാക്കേണ്ടതാണ്

കേരള മുനിസിപ്പാലിറ്റി ആക്ട് സെക്ഷൻ 453 പ്രകാരം നഗരസഭാ പരിധിയിൽ ഏതൊരു സ്ഥലത്തും മൃഗങ്ങളെ കശാപ്പു ചെയ്യുന്നതിനോ തോലുരിക്കുകയോ വെട്ടി നുറുക്കുകയോ ചെയ്യുന്നതിനോ വേണ്ടി ഒരു കശാപ്പു ശാലയായി ഉപയോഗിക്കുന്ന ഏതെങ്കിലും സ്ഥലത്തിന്റെ ഉടമസ്ഥൻ ഒരോ വർഷത്തിലും ആദ്യമാസത്തിൽ ലൈസൻസിനു വേണ്ടി അപേക്ഷിക്കണം. (പുതിയതാണെങ്കിൽ തുറക്കുന്നതിന് ഒരു മാസം മുമ്പേ). സെക്ഷൻ 455(2) പ്രകാരം ലൈസൻസില്ലാതെ യാതൊരു കശാപ്പു ശാലയും പ്രവർത്തിക്കാൻ അനുവദിക്കാൻ പാടുള്ളതല്ല. നഗരസഭയിലെ സ്വകാര്യമാർക്കറ്റിൽ അംഗീകാരമില്ലാതെ അറവുശാല പ്രവർത്തിക്കുന്നതായി ഹെൽത്ത് വിഭാഗത്തിൽ നിന്നും വിവരാവകാശനിയമപ്രകാരമുള്ള

അപേക്ഷയ്ക്ക് നല്കിയ മറുപടിയിൽ വ്യക്തമാക്കിയിട്ടുണ്ട്. ലൈസൻസില്ലാതെ പ്രവർത്തിക്കുന്ന അറവുശാലയിൽ നിന്നും നിയമലംഘനത്തിനുള്ള പിഴ ഈടാക്കുന്നതുൾപ്പെടെ എന്തെങ്കിലും തരത്തിലുള്ള ശിക്ഷാ നടപടികൾ സ്വീകരിച്ചിട്ടുള്ളതായി കൗൺസിൽ മിനുട്സിലോ ഫയലുകളിലോ രേഖപ്പെടുത്തിയതായി ശ്രദ്ധയിൽ പെട്ടിട്ടില്ല. ചട്ടലംഘനത്തിനുള്ള പിഴ ഈടാക്കുന്നതുൾപ്പെടെയുള്ള തുടർനടപടികൾ സ്വീകരിക്കേണ്ടതും വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതുമാണ്.

## 1-19 കലക്ഷനാകാത്ത ചെക്കുകൾ - നഗരസഭയ്ക്ക് വരുമാന നഷ്ടം സംഭവിക്കുന്നു

2018-19 സാമ്പത്തിക വർഷാവസാനം തയ്യാറാക്കിയ ബാങ്ക് റിക്കൺസിലിയേഷൻ പത്രിക പ്രകാരം നഗരസഭയുടെ തനത് വരുമാനം നിക്ഷേപിക്കുന്ന പഞ്ചാബ് നാഷണൽ ബാങ്കിൽ 31.03.19 ന് 10,60,968 രൂപയുടെ ചെക്കുകൾ കലക്ഷനാകാത്ത കിടക്കുന്നുണ്ടെന്ന് രേഖപ്പെടുത്തിയിട്ടുണ്ട്. ഇതിൽ 2019 ജനവരി മാസത്തിനു മുമ്പ് ലഭിച്ച താഴെ പറയുന്ന ചെക്കുകളും ഉൾപ്പെടുന്നു.

| ക്രമ നം | ചെക്ക് നമ്പർ തീയതി | തുക | ആവശ്യം | ഓഡിറ്റ് അന്വേഷണത്തിന് (നം.4)നഗരസഭ നല്കിയ മറുപടി |
|---|---|---|---|---|
| 1 | 199693/01.10.16 | 4615 | ബസ്സ്റ്റാന്റ് ഷോപ്പിംഗ് കോംപ്ലക്സ് - XIII/1150X(SH)നമ്പർ മുറിയുടെവാടക | ചെക്ക് നമ്പർ 501383/01.11.16 പ്രകാരം 10/16,11/16 മാസങ്ങളിലെ കുടിശികയായ 9230രൂപ ഒടുക്കിയിട്ടുണ്ട് |
| 2 | 24777/28.03.17 | 100000 | ബസ്സ്റ്റാന്റ് ലേലം | തളിപ്പറമ്പ ജുഡീഷ്യൽ ഫസ്റ്റ് ക്ലാസ് മജിസ്ട്രേറ്റ് കോടതിയിൽ STC 1509/17,1510/17 നമ്പറുകളിലായി കേസുകൾ കോടതിയുടെ പരിഗണനയിലുണ്ട് |
| 3 | 24779/31.03.17 | 177788 | ബസ്സ്റ്റാന്റ് ലേലം | -ടി- |
| 4 | 264926/12.04.17 | 58860 | താലൂക്ക് ഓഫീസ് പരിസരത്തെ റോഡിലെ ഹാൻഡ് റെയിലുകളിൽ പരസ്യ ബോർഡുകൾ സ്ഥാപിക്കുന്നതിന് ശ്രീ ധനേഷ് റാം ഒടുക്കിയ തുക | ചെക്ക് സംബന്ധിച്ച് ബാങ്കുമായി ബന്ധപ്പെട്ട് പരിശോധന നടത്തി തുടർനടപടികൾ സ്വീകരിക്കുന്നതാണ് |
| 5 | 460453/23.08.18 | 82500 | മുത്തേടത്ത് ഹയർസെക്കന്ററി സ്ക്കൂളിലെ2018-19 | പുതിയ ട്രഷറി ചെക്ക് ഹാജരാക്കിയിട്ടുള്ളതും ആയത് 12/10/18 ന് |

| | | | | |
|---|---|---|---|---|
| | | | ഒന്നാം അർദ്ധവർഷത്തെ തൊഴിൽ നികുതി | വരവു വന്നിട്ടുള്ളതുമാണ്. |
| 6 | 1596950/29.08.18 | 3750 | തളിപ്പറമ്പ MACT കോടതിയിലെ ജീവനക്കാരുടെ 2018-19 ഒന്നാം അർദ്ധവർഷത്തെ തൊഴിൽ നികുതി | ചെക്ക് സംബന്ധിച്ച് ബാങ്ക/ട്രഷറിയുമായി ബന്ധപ്പെട്ട് പരിശോധന നടത്തി തുടർനടപടികൾ സ്വീകരിക്കുന്നതാണ് |

ക്രമനമ്പർ 1,5 ഇവയിൽ പുതിയ ചെക്കുകൾ വഴി തുക ഒടുക്കിയ സാഹചര്യത്തിൽ കലക്ഷനാകാത്ത ചെക്കുകൾ ഒഴിവാക്കേണ്ടതായിരുന്നു. ക്രമനമ്പർ 4,6 പ്രകാരമുള്ള സംഗതികളിൽ തുടർനടപടികൾ സ്വീകരിക്കാത്തത് ശരിയായ നടപടിയല്ല.

## 1-20 ഡെന്റൽ ക്ലിനിക്കുകൾ ലൈസൻസില്ലാതെ പ്രവർത്തിക്കുന്നു

2018-19-ലെ സ്വകാര്യ ആശുപത്രി,പരാമെഡിക്കൽ ലൈസൻസ് സംബന്ധിച്ചുള്ള ഫയൽ പരിശോധിച്ചതിൽ നഗരസഭാപരിധിയിൽ 12ഡെന്റൽ ക്ലിനിക്കുകൾ പഴയ രജിസ് ട്രേഷൻ പുതുക്കുന്നതിനും, പുതിയ രജിസ്ട്രേഷൻ എടുക്കുന്നതിനും വേണ്ടി അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. എന്നാൽ നഗരസഭയിലെ ഡെന്റൽ ക്ലിനിക്കുകളുടെ എണ്ണം ആവശ്യപ്പെട്ടുകൊണ്ട് അഡ്വ.സിമ്മി.ടി.വി എന്നവർ 13/6/18 ന് വിവരാവകാശ നിയമ പ്രകാരം സമർപ്പിച്ച അപേക്ഷക്ക് നഗരസഭയിൽ 16 ഡെന്റൽ ക്ലിനിക്കുകൾ ഉണ്ട് എന്ന് മറുപടി നൽകിയിട്ടുണ്ട്. മറുപടിയിൽ പരാമർശിച്ച 16 ക്ലിനിക്കുകളിൽ താഴെ പറയുന്നവരുടെ അപേക്ഷകൾ പരിശോധയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

| ക്രമ നം | ഡെന്റൽ ക്ലിനിക്ക് നടത്തുന്നവരുടെ പേര് | വാർഡ് നം / കെട്ടിട നം |
|---|---|---|
| 1 | ഡോ.ആഷിക.എസ്<br>തളിപ്പറമ്പ | 1/203(B,B2,B3) |
| 2 | ഡോ.സൂര്യകൃഷ്ണ,കുറുമാത്തൂർ | 10/273H |
| 3 | ഡോ.ഹൃദ്യ രാജ്,ചിറ്റാരിപ്പറമ്പ,മാനന്തേരി | 14/89A |
| 4 | ഡോ.കെ.വി.വത്സലൻ,കുറ്റിക്കോൽ | 20/801 |

മേൽ പറഞ്ഞ ഡെന്റൽ ക്ലിനിക്കുകളുടെ രജിസ്ട്രേഷൻ സംബന്ധിച്ചുള്ള വിവരം ലഭ്യമാക്കാൻ ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.47/30-10-19)മറുപടി ലഭ്യമാക്കിയതിൽ മേൽ പറഞ്ഞവരുടെ അപേക്ഷ പരിശോധനയ്ക്ക് ഹാജരാക്കുന്നതാണ് എന്ന് അറിയിച്ചിട്ടുണ്ട്.അപേക്ഷകളും ലൈസൻസ് നൽകിയതിന്റെ വിവരങ്ങളും പരിശോധനക്കായി ഹാജരാക്കേണ്ടതാണ്.

## 1-21 ഡി & ഒ ലൈസൻസ്

2011-ലെ കേരള മുനിസിപ്പാലിറ്റി (ആപൽക്കരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും മറ്റു വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങളിലെ പട്ടിക -1, പട്ടിക 2,

പട്ടിക 3 പ്രകാരം നഗരസഭയിലെ വിവിധ പ്രദേശങ്ങളിലെ സ്ഥാപനങ്ങളെ എ,ബി,സി ഗണത്തിൽ ഉൾപ്പെടുത്തി പ്രതിവർഷം ലൈസൻസ് അനുവദിക്കുകയും ഫീസ് ഈടാക്കുകയും ചെയ്യുന്നുണ്ട്. എന്നാൽ നഗരസഭയിലെ സാഹചര്യങ്ങൾക്കനുസൃതമായി ചട്ടം 4(1)-ൽ പറഞ്ഞതുപ്രകാരമുള്ള നടപടിക്രമങ്ങൾ പാലിച്ചതായി രേഖകളില്ല.
ഗണം എ ,ബി, സി വിഭാഗങ്ങളിൽ ഏതൊക്കെ പ്രദേശങ്ങളെയാണ് ഉൾപ്പെടുത്തിയിരിക്കുന്നത് എന്ന് വ്യക്തമാക്കാൻ ആവശ്യപ്പെട്ടു കൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് മറുപടി ലഭ്യമാക്കിയിട്ടില്ല. ഏതൊക്കെ വാർഡുകളെ ഏത് ഗണത്തിൽ ഉൾപ്പെടുത്തി എന്നതിൽ വ്യക്തതയില്ലാത്തതിനാൽ ഡി & ഒ ലൈസൻസ് ഫീസിന്റെ വരവിനത്തിലുള്ള കൃത്യത പരിശോധിക്കാൻ സാധിച്ചിട്ടില്ല.
രജിസ്റ്ററിൽ വർഷാന്ത്യ സംക്ഷിപ്തം രേഖപ്പെടുത്തി ഹെൽത്ത് ഇൻസ്പെക്ടർ സാക്ഷ്യപ്പെടുത്തിയിട്ടില്ല. അതുകൊണ്ടു തന്നെ വാർഷിക ധനകാര്യ പത്രികയിൽ രേഖപ്പെടുത്തിയ തുക കൃത്യമാണോ എന്ന പരിശോധന സാധ്യമായിട്ടില്ല.ട്രെയ്ഡേഴ്സ് ലിസ്റ്റ് തയ്യാറാക്കിയിട്ടില്ലാത്തതിനാൽ എല്ലാ സ്ഥാപനങ്ങളും ലൈസൻസെടുത്താണോ പ്രവർത്തിക്കുന്നത് എന്ന് ഉറപ്പു വരുത്താൻ കഴിഞ്ഞിട്ടില്ല

## 1-22 ഭിന്നശേഷിക്കാർക്കുള്ള ഉപകരണ വിതരണം- അപാകങ്ങൾ-99158രൂപയുടെ ചെലവ് തടസപ്പെടുത്തുന്നു.

| | |
|---|---|
| പ്രോജക്ട് നം. | 183/19. |
| പ്രോജക്ടിന്റെ പേര് | ഭിന്നശേഷിക്കാർക്കുള്ള ഉപകരണ വിതരണം. |
| അടങ്കൽ | ₹ 264000 |
| <u>ചെലവ്</u> ബിൽ നം/ തീയ്യതി/തുക | (1)18/2018-19/15.3.2019- ₹99158. |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ഐ.സി.ഡി.എസ്.സൂപ്പർവൈസർ. |

മേൽ പദ്ധതിക്കുള്ള വാർഡ് സഭ അംഗീകരിച്ച ഗുണഭോക്തൃ ലിസ്റ്റ് പരിശോധനക്കായി ഹാജരാക്കിയിട്ടില്ല.

കൂടാതെ 31.03.19 ന് മുൻകൂറായി തുക കൈമാറിയതിനെ തുടർന്ന് കെൽട്രോണിൽ നിന്ന് Invoice No. ITP/04777/19-20.Dt.18.9.2019 പ്രകാരം, കാഴ്ച്ചശക്തിയില്ലാത്തവർക്ക് നല്കുന്നതിനായി വാങ്ങിയ രണ്ട് ലാപ് ടോപ്പുകൾ നിശ്ചിത സ്പെസിഫിക്കേഷൻ ഉള്ളതാണെന്ന് ഉറപ്പുവരുത്തിയതിന്റെ സാക്ഷ്യപത്രവും ലാപ് ടോപ്പുകൾ വിതരണം ചെയ്തതുമായി ബന്ധപ്പെട്ട രേഖകളും പരിശോധനക്കായി ഹാജരാക്കിയിട്ടില്ല. ഇതു സംബന്ധിച്ചു നല്കിയ ഓഡിറ്റ് എൻക്വയറി നമ്പർ 37/28.10.19 ന് നല്കിയ മറുപടിയിൽ ലാപ്പ്ടോപ്പുകൾ വിതരണം ചെയ്തിട്ടില്ല എന്ന് അറിയിച്ചിട്ടുണ്ട്. ലാപ്പ്ടോപ്പുകൾ ഉടനെ തന്നെ വിതരണം ചെയ്യുന്നതാണെന്ന് എക്സിറ്റ് മീറ്റിംഗിൽ നഗരസഭാ ചെയർമാൻ അറിയിച്ചിട്ടുണ്ട്.
മേൽക്കാരണങ്ങളാൽ 99158രൂപയുടെ ചെലവ് തടസപ്പെടുത്തുന്നു. ലാപ്പ്ടോപ്പുകൾ വിതരണം ചെയ്തതുമായി ബന്ധപ്പെട്ട രേഖകൾ ഹാജരാക്കി തടസം ഒഴിവാക്കേണ്ടതാണ്

## 1-23 പെയിൻ&പാലിയേറ്റീവ് പരിചരണ പദ്ധതി-അപാകങ്ങൾ .-76708രൂപ തടസത്തിൽ വെക്കുന്നു

| | |
|---|---|
| പ്രോജക്ട് നം. | 83/19 |
| പ്രോജക്ടിന്റെ പേര് | പെയിൻ&പാലിയേറ്റീവ് കെയർ. |
| അടങ്കൽ | ₹ 706000 |
| <u>ചെലവ്</u><br>ബിൽ നം/ തീയ്യതി/തുക | പ്രസ്തുത പദ്ധതി പ്രകാരം ആകെ ചെലവായ<br>651980 രൂപയിൽ ഉൾപ്പെടുന്ന വിവിധ ബില്ലുകളിൽ ഫിസിയോ തെറാപ്പിസ്റ്റിന്<br>ഹോണറേറിയം നൽകിയതുമായി ബന്ധപ്പെട്ട ചെലവുകൾ ഉൾപ്പെടുന്ന ബില്ലുകൾ<br>(1)9/2018-19/30.8.2018- ₹ 44160<br>(2)10/2018-19/24.9.2018- ₹44900<br>(3)11/2018-19/17.10.2018- ₹ 45050<br>(4)12/2018-19/13.11.2018- ₹ 45100<br>(5)14/2018-19/17.12.2018- ₹ 45590<br>(6)15/2018-19/22.1.2019- ₹ 44610<br>(7)16/2018-19/14.2.2019- ₹ 44668<br>(8)19/2018-19/14.3.2019- ₹ 42534 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സൂപ്രണ്ട് താലൂക്ക് ഹോസ്പ്പിറ്റൽ,തളിപ്പറമ്പ് |

സ.ഉ(കൈ)നം.17/2018/ത.സ്വ.ഭ.വ തീയ്യതി.2.2.2018ലെ മാർഗ്ഗരേഖയിലെ ഖണ്ഡിക 7.7.1-ൽ(3)അനുസരിച്ച് എല്ലാ നഗരസഭകളും സ.ഉ(സാധാ)നം.3217/2015/ത.സ്വ.ഭ.വ തീയ്യതി.29.10.2015 നമ്പർ ഉത്തരവിലെ മാർഗ്ഗ നിർദ്ദേശങ്ങൾ പാലിച്ചു കൊണ്ട് പാലിയേറ്റീവ് പരിചരണ പ്രവർത്തനങ്ങൾ ഏറ്റെടുക്കണമെന്ന് നിഷ്കർഷിക്കുന്നുണ്ട്.

1.പ്രസ്തുത ഉത്തരവിലെ ഖണ്ഡിക 2.9-d-യിൽ ഫിസിയോ തെറാപ്പിസ്റ്റിന്റെ സേവനം ഒരു മാസത്തിൽ കുറഞ്ഞത് ഒരു ദിവസം ഗൃഹസന്ദർശനം നടത്തണം എന്ന വ്യവസ്ഥയ്ക്ക് വിധേയമായി ഒരു വർഷത്തിൽ പരമാവധി 15 ദിവസത്തെ സേവനം ഉപയോഗപ്പെടുത്തി ദിവസ വേതനം നല്കാനാണ് നിർദ്ദേശിക്കുന്നത്.ഇതിൽ നിന്ന് വ്യത്യസ്തമായി ഫിസിയോ തെറാപ്പിസ്റ്റിന്റെ സേവനം ഉപയോഗപ്പെടുത്തിയതിന് ഹോണറേറിയം നൽകിയതിന്റെ വിശദവിവരം ചുവടെ കൊടുക്കുന്നു.

| ഫിസിയോ തെറാപ്പിസ്റ്റിന്റെ പേര് | സേവനം നൽകിയ മാസം/ വർഷം | ഹോണറേറിയം ഇനത്തിൽ അനുവദിച്ച തുക ₹ | ബിൽ നം/ തീയ്യതി | ഹോണറേറിയം ഇനത്തിൽ ആകെ അനുവദിക്കാവുന്ന തുക ₹ |
|---|---|---|---|---|
| | | | | 15x600=9000 |

| | | | | |
|---|---|---|---|---|
| അൽഫോൻസ തോമസ് | ജൂലൈ/2018 | 11200 | 9/2018-19/30.8.2018. | 15x600=9000 |
| " | ആഗസ്റ്റ്/2018 | 11200 | 10/2018-19/24.9.2018 | |
| " | സപ്തംബർ/2018 | 11200 | 11/2018-19/17.10.2018. | |
| " | ഒക്ടോബർ/2018 | 11600 | 12/2018-19/13.11.2018. | |
| " | നവംബർ/2018 | 11600 | 14/2018-19/17.12.2018. | |
| " | ഡിസംബർ/2018 | 10065 | 15/2018-19/22.1.2019 | |
| " | ജനുവരി/2019 | 8129 | 16/2018-19/14.2.2019 | |
| " | ഫെബ്രുവരി/2019 | 10714 | 19/2018-19/14.3.2019 | |
| | ആകെ തുക | 85708 | | 9000 |

ഫിസിയോ തെറാപ്പിസ്റ്റിന് ഹോണറേറിയം ഇനത്തിൽ 76708രൂപ അധികം അനുവദിച്ചത് ക്രമപ്രകാരമല്ല. തുക തടസ്സപ്പെടുത്തുന്നു

2.പ്രസ്തുത ഉത്തരവിലെ ഖണ്ഡിക 2.5.6 അനുസരിച്ച് പാലിയേറ്റീവ് നോമിനൽ രജിസ്റ്ററിൽ

ഉൾപ്പെട്ടിരിക്കുന്ന രോഗികളുടെ പേരുവിവരം തദ്ദേശ ഭരണ സ്ഥാപനത്തിന്റെ ഔദ്യോഗിക വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കാതെ പാലിയേറ്റീവ് കെയർ പ്രൊജക്ടിൽനിന്ന് തുക ചെലവഴിക്കാൻ പാടില്ല. ആയതിനാൽ പാലിയേറ്റീവ് നോമിനൽ രജിസ്റ്ററിൽ ഉൾപ്പെട്ടിരിക്കുന്ന രോഗികളുടെ പേരുവിവരം തദ്ദേശ ഭരണ സ്ഥാപനത്തിന്റെ വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ച് പെയിൻ&പാലിയേറ്റീവ് പരിചരണം കുറ്റമറ്റതും കാര്യക്ഷമവുമാക്കാനുള്ള നടപടികൾ കൈക്കൊള്ളേണ്ടതും സർക്കാർ ഉത്തരവ് പാലിക്കാതെ പദ്ധതി നടപ്പാക്കിയതിന് വിശദീകരണം നല്കേണ്ടതുമാണ് .

## 1-24 ജാഗ്രത സമിതി ശാക്തീകരണം-കോർഡിനേറ്റർ നിയമനം

| | |
|---|---|
| പ്രോജക്ട് നം. | 166/19 |
| പ്രോജക്ടിന്റെ പേര് | ജാഗ്രത സമിതി ശാക്തീകരണം. |
| അടങ്കൽ | ₹ 50000 |
| ചെലവ് ബിൽ നം/ തീയ്യതി/തുക | (1)7/2018-19/29.11.2018- ₹ 10000<br>(2)9/2018-19/18.12.2018- ₹ 5000<br>(3)13/2018-19/18.1.2019- ₹ 5000<br>(4)17/2018-19/17.2.2019- ₹ 5000<br>(5)20/2018-19/15.3.2019- ₹ 5000 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ഐ.സി.ഡി.എസ്.സൂപ്പർവൈസർ. |

പതിമൂന്നാം പദ്ധതി പൊതു മാർഗ്ഗരേഖ(സഉ(എം എസ്) നം 80/17/തസ്വഭവ തീയതി 03.04.2017)ഖണ്ഡിക 12-2-8 അനുസരിച്ച് ജാഗ്രതാ സമിതി പ്രവർത്തനങ്ങൾ

കാര്യക്ഷമമാക്കുന്നതിന് എം എസ് ഡബ്ല്യു യോഗ്യതയുള്ള ഒരുവനിതയെ നിയമിക്കാവുന്നതാണ്.തളിപ്പറമ്പ നഗരസഭാ സെക്രട്ടറിയുടെ 28.11.2018 ലെ ഐ സി ഡി എസ് / ടി എം സി/166/18-19 ഉത്തരവു പ്രകാരം ജാഗ്രതാ സമിതി ശാക്തീകരണം കോർഡിനേറ്ററായി നിയമിച്ച ലതിക .കെ(മലയാളം ബിരുദധാരി) എന്നവർക്ക് നിശ്ചിത യോഗ്യതയില്ല. പ്രോജക്ട് വിഭാവനം ചെയ്ത ലക്ഷ്യം കൈവരിക്കുന്നതിന് നിശ്ചിത യോഗ്യതയുള്ളവരെത്തന്നെ നിയമിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-25 ഭിന്നശേഷിക്കാർക്കുള്ള മെഡിക്കൽ ക്യാമ്പ്-6400രൂപയുടെ ചെലവ് തടസപ്പെടുത്തുന്നു.

| | |
|---|---|
| പ്രോജക്ട് നം. | 182/19. |
| പ്രോജക്ടിന്റെ പേര് | ഭിന്നശേഷിക്കാർക്കുള്ള മെഡിക്കൽ ക്യാമ്പ്. |
| അടങ്കൽ | ₹ 50000. |
| ചെലവ്<br>ബിൽ നം/തീയ്യതി/ തുക | (1)15/2018-19/23.1.2019- ₹ 45000. |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ഐ.സി.ഡി.എസ്.സൂപ്പർവൈസർ. |

തുക ചെലവഴിച്ചതിന്റെ വിവരങ്ങൾ

| | |
|---|---|
| ഭക്ഷണം | 25000 |
| സ്റ്റേഷനറി | 2600 |
| സ്പെഷലിസ്റ്റ് ഡോക്ടറുടെ വേതനം | 11000 |
| ശ്രീമതി ചിത്ര എ വി | 4000 |
| ഷൈലജ കെ വി | 2400 |
| ആകെ | ₹45000 |

മേൽ പദ്ധതി പ്രകാരം നടപ്പിലാക്കിയ ഭിന്നശേഷിക്കാർക്കുള്ള മെഡിക്കൽ ക്യാമ്പിൽ 200 ൽ കൂടുതൽ പേർ പങ്കെടുത്തിട്ടുണ്ട്. പദ്ധതി മാർഗ്ഗരേഖാ നിർദ്ദേശങ്ങളിൽ മെഡിക്കൽ ഓഫീസർമാർക്ക് ഭക്ഷണം ഉൾപ്പെടെയുള്ള ചെലവുകളും മറ്റുള്ളവർക്ക് ഭക്ഷണച്ചെലവും നല്കാമെന്ന് വ്യക്തമാക്കുന്നുണ്ട്. എന്നാൽ പദ്ധതിച്ചെലവിൽ ശ്രീമതി.ചിത്ര.എ.വി.യുടെ കേരള ഗ്രാമീൺ ബാങ്കിന്റെ 40493100012136 എന്ന അക്കൗണ്ട് നമ്പറിലേക്ക് നല്കിയ 4000 രൂപയും, ഷൈലജ.കെ.വി.യുടെ സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യയുടെ 67168665468 എന്ന അക്കൗണ്ട് നമ്പറിലേക്ക് നല്കിയ 2400 രൂപയും ഉൾപ്പെടുന്നു. തുക ഏതാവശ്യത്തിനാണ് നല്കിയതെന്ന് വ്യക്തമാക്കപ്പെട്ടിട്ടില്ല. (ഓഡിറ്റ് എൻക്വയറിനമ്പർ 37/28.10.19). ആയതിനാൽ 6400രൂപയുടെ ചെലവ് തടസപ്പെടുത്തുന്നു.

## 1-26 ഹെഡ്മാസ്റ്റർ നിർവ്വഹണം നടത്തിയ പദ്ധതികളിലെ അപാകതകൾ - 39808 രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

1. വാങ്ങിയ സ്പോർട്സ് ഉപകരണങ്ങൾ മുഴുവൻ വിതരണം ചെയ്തില്ല-19818രൂപയുടെ ചെലവ്

തടസപ്പെടുത്തുന്നു

പ്രോജക്ടിന്റെ പേര് -യുവജന ക്ലബുകൾക്ക് സ്പോർട്ട്സ് കിറ്റ് വിതരണം

പ്രോജക്ട് നമ്പർ -so 304/19

ഫണ്ടിനം/അടങ്കൽ തുക -വികസനഫണ്ട്,200000/-

ബിൽനം/തീയ്യതി/തുക -2/18-19, 30/5/18 ₹76360

മേൽ പദ്ധതി പ്രകാരം മലബാർ സ്പോർട്ട്സ് & ടോയ്സ് ,പയ്യന്നൂർ എന്നസ്ഥാപനത്തിൽ നിന്നും 34 രജിസ്ട്രേർഡ് സ്പോർട്ട്സ് ക്ലബുകൾക്ക് വിതരണം ചെയ്യുന്നതിനായി സ്പോർട്ട്സ് ഉപകരണങ്ങൾ വാങ്ങിയിട്ടുണ്ട്. ഇതിൽ താഴെ പറയുന്ന കളിയുപകരണങ്ങൾ വിതരണം ചെയ്തിട്ടില്ല.

| വാങ്ങിയ ഉപകരണങ്ങൾ (invoice no. 1540/24.03.18) | വില | വിതരണം നടത്തിയ ഉപകരണങ്ങളുടെ എണ്ണം | ബാക്കി |
|---|---|---|---|
| ഫുട്ബാൾ - 40 | 40x580 =23200 | 34 | 6 (6x580 =3480) |
| ക്രിക്കറ്റ് ബാൾ -40 | 40x750 =30000 | 22 | 18 (18x750=13500) |
| ക്രിക്കറ്റ് സ്റ്റമ്പ് -240 | 240x70 =16800 | 204 | 36(36x70 =2520) |
| ക്രിക്കറ്റ് ബാറ്റ് -120 | 120x53 =6360 | 114 | 6 (6x53 =318) |
| ആകെ | 76360 | | 19818 |

ഇതുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.40/28-10-19 ) ലഭ്യമാക്കിയ മറുപടിയിൽ ബാക്കി വന്ന സ്പോർട്ട്സ് ഉപകരണങ്ങൾ (ഫുട്ബാൾ 6,ക്രിക്കറ്റ് ബാൾ-18,ക്രിക്കറ്റ് സ്റ്റമ്പ് -36,ക്രിക്കറ്റ് ബാറ്റ് -6)വിതരണം ചെയ്യാതെ സ്റ്റോർ റൂമിൽ സൂക്ഷിച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കിയിട്ടുണ്ട്. ഉപകരണങ്ങളുടെ ആവശ്യകത നിർണ്ണയിക്കാതെ വാങ്ങിയതിനാലാണ് ഈ അപാകം സംഭവിച്ചതെന്ന് ഓഡിറ്റിൽ നിരീക്ഷിക്കുന്നു. ഓരോ ക്ലബിനും ഏതൊക്കെ കളിയുപകരണങ്ങളാണ് ആവശ്യമുള്ളത് എന്ന് രേഖപ്പെടുത്തിക്കൊണ്ടുള്ള അപേക്ഷ സമർപ്പിച്ചിട്ടില്ല.വ്യക്തമായ ആസൂത്രണമില്ലാതെ പദ്ധതികൾ നടപ്പാക്കുന്നത് ശരിയല്ല. വിതരണം ചെയ്യാതെ അവശേഷിക്കുന്ന സാധനങ്ങളുടെ വിലയായ 19818/- ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.അടുത്ത സാമ്പത്തിക വർഷത്തെ പദ്ധതി തയ്യാറാക്കുമ്പോൾ പ്രത്യേകാനുമതിയോടെ അവശേഷിക്കുന്ന ഉപകരണങ്ങൾ പദ്ധതിയിൽ ഉൾപ്പെടുത്തി വിതരണം ചെയ്യുന്നതിനുള്ള സാധ്യതകൾ പരിശോധിക്കാവുന്നതാണ്.

**2.ആവശ്യമായതിൽ കൂടുതൽ പുസ്തകങ്ങൾ വാങ്ങി-19990രൂപ തടസപ്പെടുത്തുന്നു**

പ്രോജക്ടിന്റെ പേര്- സ്കൂളുകൾക്കും,സാംസ്ക്കാരിക നിലയങ്ങൾക്കും പത്രങ്ങളും,മറ്റു

പ്രസിദ്ധീകരണങ്ങളും

പ്രോജക്ട് നമ്പർ -303/19

ഫണ്ടിനം/അടങ്കൽ തുക -വികസന ഫണ്ട് പൊതുവിഭാഗം ,400000/-

സ്ക്കൂളുകൾക്കും സാംസ്ക്കാരിക നിലയങ്ങൾക്കും പത്രമാസികകളും സ്ക്കൂളുകൾക്ക് ഒരു വട്ടം കൂടി എന്ന റഫറൻസ് ഗ്രന്ഥവും വാങ്ങി നല്കുന്നതിനു വേണ്ടി തയ്യാറാക്കിയ മേൽ പദ്ധതിയുടെ ഭാഗമായി കറന്റ് ബുക്ക്സ് ,കോഴിക്കോട് എന്ന സ്ഥാപനത്തിൽ നിന്നും 49975/- രൂപ (ബിൽനം/തീയ്യതി -6/18-19,28/9/18) ചെലവഴിച്ച് വിദ്യാലയങ്ങളിൽ റഫറൻസ് ഗ്രന്ഥമായി ഉപയോഗിക്കാൻ പറ്റുന്ന "ഒരു വട്ടം കൂടി' എന്ന പുസ്തകത്തിന്റെ 25 കോപ്പികൾ നഗരസഭയുടെ പരിധിയിലുള്ള 14 സ്കൂളുകളിലേക്ക് നൽകുന്നതിനു വേണ്ടി(@1999) വാങ്ങിയിട്ടുണ്ട്.ആയതിന്റെ സ്റ്റോക്ക് രജിസ്റ്റർ പരിശോധിച്ചതിലും,നിർവ്വഹണ ഉദ്യോഗസ്ഥൻ ലഭ്യമാക്കിയ മറുപടി പ്രകാരവും 15 പുസ്തകങ്ങൾ(13x1+1x2) നഗരസഭയുടെ പരിധിയിലുള്ള സ്കൂളുകൾക്ക് വിതരണം ചെയ്തിട്ടുണ്ട്.ബാക്കി വന്ന 10 എണ്ണം നഗരസഭയുടെ ലൈബ്രറിയിൽ സൂക്ഷിച്ചിട്ടുണ്ട്. പദ്ധതി പ്രകാരം വിദ്യാലയങ്ങൾക്ക് നല്കുന്നതിനായി വാങ്ങിയ പുസ്തകങ്ങൾ വിതരണം ചെയ്യാതെ നഗരസഭാ ലൈബ്രറിയിൽ സൂക്ഷിക്കുന്നത് തെറ്റായ നടപടിയാണ്. വിതരണം ചെയ്യാതെ അവശേഷിക്കുന്ന പുസ്തകങ്ങളുടെ വിലയായ 19990രൂപ(1990x10) ഓഡിറ്റിൽ തടസപ്പെടുത്തുന്നു.
ആവശ്യകത നിർണ്ണയിക്കാതെ പദ്ധതി തയ്യാറാക്കിയതിനാലാണ് അപാകം സംഭവിച്ചതെന്ന് ഓഡിറ്റിൽ നിരീക്ഷിക്കുന്നു.
ആവശ്യമായ പുസ്തകങ്ങളുടെ എണ്ണം കാലേക്കൂട്ടി നിർണ്ണയിച്ചു വേണമായിരുന്നു പുസ്തകങ്ങൾ വാങ്ങുന്നതിനുള്ള പദ്ധതി തയ്യാറാക്കാൻ .സ്ക്കൂൾ ലൈബ്രറികളിലേക്ക് നല്കാനായി വാങ്ങിയതിൽ വിതരണം ചെയ്യാത്ത പുസ്തകങ്ങളുടെ വിലയായ 19990 രൂപയുടെ ചെലവ് തടസത്തിൽ വെക്കുന്നു.

**3.പുസ്തകങ്ങളുടെ ആവശ്യകത നിർണ്ണയിക്കുന്നില്ല**

"മുനിസിപ്പൽ ലൈബ്രറിക്ക് പുസ്തകം" (പ്രോജക്ട് നമ്പർ -158/19) എന്ന പദ്ധതിക്കുവേണ്ടി (bill no.12/18-19,15-2-19)100000/- രൂപ ചെലവഴിച്ച് കേരള ബുക്ക് മാർക്ക് ,തിരുവനന്തപുരം എന്ന സ്ഥാപനത്തിൽ നിന്നും 734 ബുക്കുകൾ വാങ്ങി സ്റ്റോക്കിലെടുത്തിട്ടുണ്ട്.എന്നാൽ ലൈബ്രറിക്ക് ആവശ്യമുള്ള പുസ്തകങ്ങൾ ലൈബ്രേറിയൻ നിശ്ചയിച്ചു നൽകുന്നില്ല. ആയതുമായി ബന്ധപ്പെട്ട രേഖകൾ പരിശോധനക്കായി ഹാജരാക്കാൻ ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.40/28-10-19 )ന് ലഭ്യമാക്കിയ മറുപടി, 100000/- രൂപയുടെ ഏറ്റവും പുതിയ പുസ്തകം നൽകുന്നതിനാണ് ബുക്ക് മാർക്കിന് നിർദ്ദേശം നൽകിയത് എന്നായിരുന്നു. ലൈബ്രറിക്ക് ആവശ്യമുള്ള പുസ്തകങ്ങൾ വാങ്ങുന്നതിന് പകരം മേൽപ്പറഞ്ഞ പ്രകാരം പുസ്തകങ്ങൾ വാങ്ങിയത് ശരിയായ നടപടിയല്ല . ഭാവിയിൽ ഇത്തരത്തിലുള്ള പദ്ധതികൾ നടപ്പിലാക്കുമ്പോൾ പുസ്തകങ്ങളുടെ ആവശ്യകത നിർണ്ണയിച്ച ശേഷം വാങ്ങാൻ ശ്രദ്ധിക്കേണ്ടതാണ്.

4.ക്യാഷ് ബുക്ക്,പ്രോജക്ട് രജിസ്റ്റർ എന്നിവ എഴുതി സൂക്ഷിക്കുന്നില്ല
5.മോണിറ്ററിംഗ് ഫലപ്രദമായി നടത്തുന്നില്ല

## 1-27 ടെൻഡർ നടപടിക്രമങ്ങളിലെ അപാകങ്ങൾ

നഗരസഭയിൽ ടെൻഡർ രജിസ്റ്റർ സൂക്ഷിക്കുന്നില്ല.ടെൻഡർ ഫോറങ്ങൾ പൂർണ്ണമായും പൂരിപ്പിക്കാതെയാണ് ഭൂരിപക്ഷം ടെൻഡറുകളും ലഭിച്ചിരിക്കുന്നത്.പല ടെൻഡറുകളിലും കരാറുകാരന്റെ പേര്,ഒപ്പ് എന്നിവയില്ലാതെ അനുബന്ധമായി നൽകിയിരിക്കുന്ന പത്രിക/ ബി.ഒ.ക്യു എന്നിവയിൽമാത്രമാണ് അവയുള്ളത്. അതുപോലെ ടെൻഡർ സമർപ്പിക്കുന്ന തിയ്യതിയും കരാറുകാരൻ ടെൻഡർ ഫോറത്തിൽ രേഖപ്പെടുത്തുന്നില്ല. പ്രവൃത്തിയുടെ ഫയലിൽ ലഭ്യമാക്കിയിരിക്കുന്ന പൂർത്തീകരണ പത്രത്തിൽ പൂർത്തീകരണത്തിന്റെ തിയ്യതി

കാണിച്ചിട്ടില്ല. ഭൂരിഭാഗം മോണിറ്ററിംഗ് സമിതി റിപ്പോർട്ടുകളിലും കമ്മറ്റി ചെയർമാനും സമിതിയംഗങ്ങളും ഒപ്പ് വെച്ചിട്ടില്ല.

എ)<u>കരാർ ഉടമ്പടി വ്യവസ്ഥകൾ കാലഹരണപ്പെട്ടത്.</u>

മുനിസിപ്പൽ എഞ്ചിനീയറും കരാറുകാരനും നിശ്ചിത തുകക്കുള്ള സ്റ്റാമ്പ് പേപ്പറിൽ കരാർ ഉടമ്പടി ചമച്ചിട്ടുണ്ട്.എന്നാൽ ഇതിൽ വ്യവസ്ഥകൾ ഒന്നും എഴുതിയിട്ടില്ല. വ്യവസ്ഥകൾ ഉൾപ്പെടുന്ന മറ്റൊരു പ്രിന്റഡ് ഉടമ്പടി ഫയലിൽ അനുബന്ധമായി ഉൾപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ഇതിലെ പല വ്യവസ്ഥകളും കാലഹരണപ്പെട്ടതും നിലവിലെ സാഹചര്യങ്ങൾക്ക് അനുയോജ്യമല്ലാത്തതുമാണ്. ഉദാഹരണമായി കരാറിലെ നിബന്ധന 6 പ്രകാരം 500 രൂപയിൽ കൂടുതൽ എസ്റ്റിമേറ്റ് തുകയുള്ള പ്രവൃത്തികൾക്ക് പ്രവൃത്തിയുടെ നടത്തിപ്പ് വേളയിൽ പൂർത്തീകരിച്ച പ്രവൃത്തിയുടെ അളിവനനുസൃതമായി പ്രതിമാസം കരാറുകാരന് സെക്രട്ടറിയുടെ സാക്ഷ്യപത്രത്തിന്റെ അടിസ്ഥാനത്തിൽ തുക നൽകാമെന്ന് പറയുന്നു. ഇതിൽനിന്നും കാരാർ ഉടമ്പടിയിലെ വ്യവസ്ഥകൾ എത്രമാത്രം കാലഹരണപ്പെട്ടതു അപ്രസക്തവുമാണെന്ന് വ്യക്തമാണ്.മ രാമത്ത് മാന്വൽ 2012 ൽ പറയുന്ന വ്യവസ്ഥകൾ ഉൾപ്പെടുത്തിക്കൊണ്ടുള്ള കരാർ ഉടമ്പടി ചമക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

ബി)<u>മുദ്രപത്രം വാങ്ങിയ തിയ്യതിക്ക് മുമ്പേ കരാർ ഉടമ്പടി ചമച്ചതായി രേഖപ്പെടുത്തി</u>

ചില പ്രവൃത്തികളുടെ കരാർ ഉടമ്പടി ചമച്ച തിയ്യതിയും സ്റ്റാമ്പ് പേപ്പർ വാങ്ങിയ തിയ്യതിയും തമ്മിൽ താഴെ പറയും പ്രകാരം പൊരുത്തക്കേട് കാണുന്നു.

| ക്രമ നം. | പ്രൊജക്ട് നം. | പ്രൊജക്ടിന്റെ പേര് | കരാർ ഉടമ്പടി ചമച്ച തിയ്യതി | സ്റ്റാമ്പ് പേപ്പർ വാങ്ങിയ തിയ്യതി. |
|---|---|---|---|---|
| 1 | 33/19 | ഹുദാ പള്ളിക്ക് സമീപത്തെ തങ്ങൾ റോഡ് റീടാറിംഗ്. | 17.10.2018 | 12.11.2018 |
| 2 | 336/19 | കുപ്പം -കണികുന്ന് റോഡ് കൾവെർട്ട് നിർമ്മാണം. | 15.11.2018 | 19.11.2018 |
| 3 | 52/19 | ടെലഫോൺ എക്സ്ചേഞ്ച് റോഡ് റീടാറിംഗ്. | 20.10.2018 | 27.10.2018 |

ഇക്കാര്യം ചൂണ്ടിക്കാണിച്ചുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടിയായി ഒരേ കരാറുകാരൻ തന്നെ പല പ്രവൃത്തികൾക്ക് കരാർ എടുക്കുന്നതിനാൽ വ്യത്യസ്ത തിയ്യതികളിൽ വാങ്ങിയ മുദ്രപത്രങ്ങളിൽ കരാർ ഉടമ്പടി ചമക്കുമ്പോൾ തിയ്യതി ശ്രദ്ധിക്കാതെ പോയതിനാൽ സംഭവിച്ച ക്ലറിക്കൽ അപാകമാണ് ഇതെന്ന് വ്യക്തമാക്കുകയുണ്ടായി.എന്നാൽ മുകളിൽ പറഞ്ഞവയിൽ ക്രമ നം.1 ന്റെ പ്രവൃത്തി 17.10.2018 നും ക്രമ നം.2 ന്റെ പ്രവൃത്തി 16.11.2018 നും തുടങ്ങിയതായാണ് ബന്ധപ്പെട്ട അളവ് പുസ്തകങ്ങളിൽനിന്നും മനസ്സിലാവുന്നത്. ആയതിനാൽ ഇവയെ കേവലം ക്ലറിക്കൽ അപാകങ്ങളായി മാത്രം പരിഗണിക്കാൻ പറ്റുന്നവയല്ലയെന്നും പ്രവൃത്തി

നടപ്പാക്കിത്തുടങ്ങിയതിന് ശേഷം മുൻകാല തിയ്യതി വെച്ച് കരാർ ഉടമ്പടി ചമച്ചതാണെന്നും വ്യക്തമാണ്. ഇത്തരം ഗുരുതരമായ വീഴ്ചകളിലേക്ക് കൗൺസിലിന്റെ ശ്രദ്ധ ക്ഷണിക്കുന്നു.

## 1-28 ബിറ്റുമിൻവില തിരികെ ഈടാക്കൽ-രേഖപ്പെടുത്തലിലെ അപര്യാപ്തത.

നഗരസഭയിലെ മരാമത്ത് പ്രവൃത്തികൾക്കായി 2018-19 വർഷത്തിൽ ബിറ്റുമിൻ വാങ്ങി കരാറുകാർക്ക് നല്കിയിട്ടുണ്ട്. തനത് ഫണ്ടിൽ നിന്നും മെയിന്റനൻസ് ഗ്രാന്റ്-റോഡ് ൽ നിന്നും വികസന ഫണ്ടിൽ നിന്നും ഇതിനായി തുക വിനിയോഗിച്ചിട്ടുണ്ട്. ഓരോ ഫണ്ടിൽ നിന്നും ബിറ്റുമിൻ വാങ്ങുന്നതിനായി ചെലവഴിച്ച തുകയുടെ വിവരം ഓഡിറ്റ് എൻക്വയറി നമ്പർ 32/26.10.19 മുഖേന ആവശ്യപ്പെട്ടിരുന്നുവെങ്കിലും ലഭ്യമാക്കുകയുണ്ടായില്ല.എന്നാൽ തനതു ഫണ്ടിൽ നിന്നു മാത്രം 4998634രൂപ ഇതിനായി ചെലവഴിച്ചതായി വൌച്ചറുകളിൽ നിന്ന് വ്യക്തമാവുന്നു

യഥാർത്ഥത്തിൽ തനത് ഫണ്ട് വകയിരുത്തിയ റോഡ് ടാറിംഗ് പ്രവൃത്തികൾക്ക് ആവശ്യമായതിന്റെ ഇരട്ടിയിലധികം തുക തനത് ഫണ്ടിൽനിന്നും വിനിയോഗിച്ച് ബിറ്റുമിൻ വാങ്ങിയിട്ടുണ്ട്. വികസനഫണ്ട്,മെയിന്റനൻസ് ഫണ്ട് എന്നിവ ഉപയോഗിച്ച് നടത്തുന്ന റോഡ് പ്രവൃത്തികളുടെ അന്തിമ ബില്ലിൽനിന്നും ബിറ്റുമിൻ വിലയിനത്തിൽ കുറവ് ചെയ്യുന്ന തുക അതാത് ഫണ്ടുകളിലേക്കും തനത് ഫണ്ടിലേക്കും മുതൽക്കൂട്ടുകയാണ് ചെയ്യുന്നത്. എന്നാൽ ഓരോ പ്രവൃത്തിക്കും ഉപയോഗിച്ച ബിറ്റുമിന്റെ അളവിൽ തനത് ഫണ്ട്/മെയിന്റൻസ് ഫണ്ട്/ വികസന ഫണ്ട് എന്നിവയിൽനിന്നും വാങ്ങിയ ബിറ്റുമിന്റെ അളവ് എത്രയെന്ന് മനസ്സിലാക്കുന്നതിനുതകുന്ന രേഖപ്പെടുത്തലുകൾ അളവ് പുസ്തകത്തിലോ ബിറ്റുമിൻ സ്റ്റോക്ക് രജിസ്റ്ററിലോ ഇല്ല. ഈ സാഹചര്യത്തിൽ ഓരോ ഫണ്ടിൽനിന്നും ബിറ്റുമിൻ വാങ്ങുന്നതിനായി ചെലവഴിക്കപ്പെട്ട തുക തന്നെയാണ് ബന്ധപ്പെട്ട ഫണ്ടിലേക്ക് മുതൽക്കൂട്ടപ്പെട്ടത് എന്ന് ഉറപ്പു വരുത്താൻ സാധിക്കുന്നില്ല.

ഉദാഹരണമായി പ്രൊജക്ട് നം.40/19(അള്ളാംകുളം സ്ട്രീറ്റ് നം 9 റീ ടാറിംഗ് )എന്ന പ്രവൃത്തിക്ക് വകയിരുത്തിയിരിക്കുന്ന തുക 7,33,000 രൂപ പൂർണ്ണമായും മെയിന്റനൻസ് (റോഡ്) ഫണ്ടിൽ നിന്നാണ്. ഈ പ്രവൃത്തിക്കായി സ്റ്റോക്ക് രജിസ്റ്റർ പ്രകാരം 33ബാരൽ ബിറ്റുമിൻ നൽകിയിട്ടുണ്ട്. ഇതിന്റെ മൂല്യം 265019 രൂപയെന്നാണ് കണക്കാക്കിയിട്ടുള്ളത്. ഈ പ്രവൃത്തിക്കായി ബിറ്റുമിൻ വാങ്ങുന്നതിനായി 209646 രൂപ മെയിന്റനൻസ് ഫണ്ടിൽനിന്നും പിൻവലിച്ചിട്ടുണ്ട്. പ്രസ്തുത തുക അന്തിമ ബില്ലിൽ കുറവു ചെയ്ത ശേഷം മെയിന്റനൻസ് ഫണ്ടിൽ നിന്നും പിൻവലിക്കുകയും ബിറ്റുമിൻ വിലയിൽ അവശേഷിക്കുന്ന മൂല്യമായ 55373 രൂപ പിൻവലിച്ച തുകയിൽ നിന്നും ബിറ്റുമിന്റെ വിലയിനത്തിൽ തനത് ഫണ്ടിൽ നിക്ഷേപിക്കുകയുമാണ് ചെയ്തത്. എന്നാൽ ഈ പ്രവൃത്തിക്കായി തനത് ഫണ്ടിൽ നിന്നും 55373 രൂപയുടെ ബിറ്റുമിനാണ് വിനിയോഗിച്ചിട്ടുള്ളതെന്ന് മനസ്സിലാക്കുന്നതിനുതകുന്ന രേഖപ്പെടുത്തലുകൾ എവിടെയുമില്ല. ആയതിനാൽതന്നെ തനത് ഫണ്ടിൽനിന്നും ചെലവഴിച്ചിരിക്കുന്ന തുകക്ക് ആനുപാതികമായി തന്നെയാണ് തിരികെ ഈടാക്കിയിരിക്കുന്ന തുകയെന്ന് ഉറപ്പാക്കുന്നതിനുള്ള രേഖപ്പെടുത്തലുകൾ നടത്തേണ്ടതാണ്. ഇതിനായി ബിറ്റുമിൻ സ്റ്റോക്ക് രജിസ്റ്ററിൽ നൽകിയ ബിറ്റുമിന്റെ അളവ് രേഖപ്പെടുത്തുന്നതിനോടൊപ്പം തന്നെ അവയുടെ മൂല്യവും അതിന്റെ തിരികെ ഈടാക്കലും രേഖപ്പെടുത്തുകയും ചെയ്യുന്നത് ഉചിതമായിരിക്കും. തിരിച്ചടവ് നടത്തിയത് ഏത് ഫണ്ടിലേക്കെന്ന് വ്യക്തമാകുന്ന രേഖപ്പടുത്തലുകൾ നടത്തിയാൽ ചെലവഴിച്ച തുകക്ക് തുല്യമായ തുക തിരികെ ലഭ്യമായിയെന്ന് ഉറപ്പ് വരുത്തുന്നതിനും സാധിക്കും. (ഇക്കാര്യം ശ്രദ്ധയിൽപെടുത്തിക്കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ,നം 32/26.10.2019)വരും വർഷങ്ങളിൽ ആവശ്യമായ രേഖപ്പെടുത്തൽ വരുത്തുന്നതാണെന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്). ഇക്കാര്യത്തിലേക്ക് നഗരസഭാ കൗൺസിലിന്റെ ശ്രദ്ധ ക്ഷണിക്കുന്നു.

## 1-29 നിർമ്മാണതൊഴിലാളി ക്ഷേമനിധി വിഹിതം-കളക്ഷൻ

## ചാർജ്ജ് ഈടാക്കുന്നില്ല.

മരാമത്ത് പ്രവൃത്തികളുടെ ബില്ലിൽനിന്നും നിർമ്മാണതൊഴിലാളി ക്ഷേമനിധി വിഹിതമിനത്തിൽ പ്രവൃത്തിമൂല്യത്തിന്റെ ഒരു ശതമാനം ഈടാക്കുന്നുണ്ട്. എന്നാൽ കേരള ബിൽഡിംഗ് &അദർ കൺസ്ട്രക്ഷൻ വർക്കേഴ്സ് വെൽഫെയർ സെസ്സ് ആക്ട് 1996 സെക്ഷൻ 3-3 പ്രകാരം ഈ തുകയുടെ 1% കളക്ഷൻ ചാർജ്ജായി നഗരസഭക്ക് ഈടാക്കാവുന്നതാണ്.എന്നാൽ ഈ തുക ഈടാക്കാതെ മുഴുവൻ തുകയും നിർമ്മാണ തൊഴിലാളി ക്ഷേമനിധിയിലേക്ക് നൽകുകയാണ് നഗരസഭ ചെയ്യുന്നത്. ഭാവിയിൽ കളക്ഷൻ തുക ഈടാക്കിയതിന് ശേഷമുള്ള തുക മാത്രം ക്ഷേമനിധി വിഹിതമിനത്തിൽ അടവാക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്. (ഇത് ശ്രദ്ധയിൽപെടുത്തിക്കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്, 33/26.10.19, കളക്ഷൻ ചാർജ്ജ് ഈടാക്കി നഗരസഭാ ഫണ്ടിലേക്ക് അടവാക്കി ഓഡിറ്റിനെ അറിയിക്കുന്നതാണെന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്.)

## 1-30 കണ്ടിജന്റ് ജീവനക്കാരുടെ പെൻഷൻ -അപാകങ്ങൾ.

2018-19 വർഷത്തിൽ 10 പെൻഷനർമാരാണ് കണ്ടിജന്റ് വിഭാഗത്തിൽ പെൻഷൻ കൈപ്പറ്റുന്നവരായി ഉള്ളത്.ഇവരുടെ പെൻഷൻ സ.ഉ.(എം.എസ്.)നം.178/2017 തസ്വഭവ തിയ്യതി 7.9.2017 പ്രകാരം പുതുക്കി നിശ്ചയിക്കുകയും തദനുസരണമായി 1.7.2014 മുതൽ 30.11.2017 വരെയുള്ള കുടിശിക വൌച്ചർ നം. 5/22.6.2018 മുഖേന നൽകുകയും ചെയ്തിട്ടുണ്ട്. കുടിശിക കണക്കാക്കിയതിൽ താഴെ പറയുന്ന അപാകങ്ങൾ ശ്രദ്ധയിൽപെട്ടു.

എ)<u>പെൻഷൻ പരിഷ്ക്കരണത്തിന് സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ അംഗീകാരം വാങ്ങിയിട്ടില്ല.</u>

മുകളിൽ സൂചിപ്പിച്ച ഉത്തരവിലെ ഖണ്ഡിക 11 പ്രകാരം പരിഷ്ക്കരിച്ച പെൻഷൻ സംസ്ഥാന ഓഡിറ്റ് വകുപ്പിലെ ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ അധികാരപ്പെടുത്തി നൽകുന്നതാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്.എന്നാൽ താഴെ പറയുന്ന പെൻഷനർമാരുടെ പുതുക്കിയ പെൻഷൻ സംസ്ഥാന ഓഡിറ്റ് വകുപ്പ് സീനിയർ ഡെപ്യൂട്ടി ഡയറക്ടറുടെ അംഗീകാരത്തിന് സമർപ്പിച്ചിട്ടില്ല.

| ക്രമ നം. | പെൻഷനറുടെ പേര് | വിരമിച്ച തിയ്യതി | റിമാർക്സ്. |
|---|---|---|---|
| 1 | ശ്രീമതി.നാരായണി കെ.സി | 31.10.2016 | നാളിതുവരെയുള്ള പരിഷ്ക്കരണങ്ങളൊന്നും അംഗീകാരത്തിന് സമർപ്പിച്ചിട്ടില്ല. |
| 2 | ശ്രീ.എം.നാരായണൻ | 31.5.2007 | |
| 3 | ശ്രീ.വീജയൻ പാട്ടാണി | 31.5.2012 | |
| 4 | ശ്രീ.പി.എം.പ്രഭാകരൻ | 31.8.2007 | |
| 5 | ശ്രീ.കെ.ബാലകൃഷ്ണൻ(ശ്രീമതി.കെ.വൽസലക്ക് കുടുംബപെൻഷൻ) | 31.7.2012 | |
| 6 | ശ്രീ.പദ്മനാഭൻ കെ. | 31.5.2012 | |
| 7 | ശ്രീമതി.പി.വി.യശോധ | 30.9.2014 | |

ബി)<u>പ്രതിമാസ പെൻഷൻ വിതരണം – നിരക്കിൽ വ്യക്തതയില്ല</u>

കണ്ടിജന്റ് ജീവനക്കാരുടെ പെൻഷൻ പരിഷ്കരണം നടത്തിയതിന്റെ ഫയൽ പരിശോധക്ക് ലഭ്യമാക്കിയിട്ടില്ല.എന്നാൽ പരിഷ്കരിച്ച പെൻഷന്റെ 1.7.2014 മുതൽ 30.11.2017 വരെയുള്ള കുടിശ്ശക നൽകിയിരിക്കുന്ന വൗച്ചറിൽ ലഭ്യമാക്കിയിരിക്കുന്ന സ്റ്റേറ്റ്മെന്റ് പ്രകാരം പരിഷ്കരിച്ച നിരക്കിലും കുറഞ്ഞ തുകയാണ് തുടർന്നുള്ള കാലയളവിൽ(1.12.2017 മുതൽ)പ്രതിമാസ പെൻഷൻ നൽകുന്നതിന് പരിഗണിച്ചിരിക്കുന്നത്. വിശദാംശങ്ങൾ ചുവടെ.

| ക്രമ നം. | പെൻഷനറുടെ പേര് | പരിഷ്കരിച്ച പെൻഷൻ | 1.12.2017 മുതൽ | നിരക്കുക ളിലെ |
|---|---|---|---|---|

| | | തുക | നല്കിയിരിക്കുന്ന പെൻഷൻ തുക | വ്യത്യാസം. |
|---|---|---|---|---|
| 1 | ശ്രീ.പത്മനാഭൻ കെ. | 8910 | 8500 | 410 |
| 2 | ശ്ര.കെ.ബാലകൃഷ്ണൻ(ശ്രീമതി.കെ.വൽസലക്ക് കുടുംബപെൻഷൻ) | 8910 | 8500 | 410 |
| 3 | ശ്രീ.പി.എം.പ്രഭാകരൻ | 8910 | 8500 | 410 |

പെൻഷൻ പരിഷ്ക്കരണത്തിന് അംഗീകാരം വാങ്ങണ്ടതും അർഹമായ തുക വിതരണം ചെയ്യേണ്ടതുമാണ്.

സി)<u>അംഗീകരിച്ച് നൽകിയ നിരക്കിലും അധികമായി പ്രതിമാസ പെൻഷൻ നല്കി.</u>

ശ്രീ.കൊയിലേരി മോഹനൻ എന്ന പെൻഷനർമാർക്ക് സംസ്ഥാന ഓഡിറ്റ് വകുപ്പ് സീനിയർ ഡെ.ഡയറക്ടർ അംഗീകരിച്ച് നൽകിയ നിരക്ക് 15141 ആണ്. ഇത് പ്രകാരമാണ് കുടിശ്ശിക നൽകിയിരിക്കുന്നതെങ്കിലും തുടർന്നുള്ള മാസങ്ങളിലെ പ്രതിമാസ പെൻഷൻനല്കിയിരിക്കുന്നത് 16550 നിരക്കിലാണെന്ന് അക്കാലയളവിലെ പെൻഷൻ വിതരണ പട്ടികയിൽനിന്നും വ്യക്തമാകുന്നു. അധിക നിരക്കിൽ പെൻഷൻ നൽകിയതിനെ തുടർന്നുള്ള തുക തിരികെ ഈടാക്കി നഗരസഭാ ഫണ്ടിൽ അടവാക്കേണ്ടതാണ്.വിശദവിവരങ്ങൾ ഖണ്ഡിക 1-46ൽ പരാമർശിച്ചിട്ടുണ്ട്.

ഡി)<u>പെൻഷൻ വിഹിതം പെൻഷൻ ഫണ്ടിലേക്ക് അടവാക്കിയിട്ടില്ല.</u>

കണ്ടിജന്റ് പെൻഷൻ വിതരണത്തിനായി തുടങ്ങിയിരിക്കുന്ന ട്രഷറി അക്കൌണ്ട് നം.7190002000038 ലേക്ക് ജീവനക്കാരുടെ പെൻഷൻ വിഹിതം പ്രതിമാസം അടവാക്കി അതിൽനിന്നുമാണ് പെൻഷൻ നൽകുന്നത്.എന്നാൽ 2018 ജൂൺ മാസത്തിൽ ഇത്തരത്തിൽ അടവാക്കേണ്ട വിഹിതം ശമ്പള ബില്ലിൽ 80515 എന്ന് കാണിച്ചിട്ടുണ്ടെങ്കിലും ഈ തുക തനത് ഫണ്ടിൽ നിന്നും പിൻവലിച്ച് മുകളിൽ കാണിച്ച അക്കൌണ്ടിലേക്ക് അടവാക്കിയിട്ടില്ല.

മേൽകാര്യങ്ങൾ ശ്രദ്ധയിൽപെടുത്തിക്കൊണ്ടുള്ള ഓഡിറ്റ് എൻക്വയറിക്ക് മറുപടിയായി കണ്ടിജന്റ് ജീവനക്കാരുടെ പെൻഷൻ പരിഷ്കരണത്തിന് സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ അംഗീകാരം വാങ്ങുന്നതിനുള്ള അടിയന്തര നടപടികൾ സ്വീകരിക്കുന്നതോടൊപ്പം പെൻഷൻ ഫണ്ടിലേക്ക് അടവാക്കേണ്ട മുകളിൽ സൂചിപ്പിച്ച തുക അടവാക്കുന്നതിനുള്ള നടപടി കൈക്കൊള്ളുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. ഇക്കാര്യത്തിൽ സത്വര നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-31 പി എം എ വൈ ഭവന നിർമ്മാണ പദ്ധതി

2018-19 സാമ്പത്തിക വർഷം പ്രോജക്ട് ഓഫീസർ, നഗര ദാരിദ്ര്യ നിർമ്മാർജ്ജന സെൽ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പാക്കിയ രണ്ട് പ്രോജക്ടുകൾ പ്രകാരം താഴെ പറയുന്ന തുക പി എം എ വൈ പദ്ധതി അക്കൗണ്ടിലേക്ക് മാറ്റിയിട്ടുണ്ട്.

| പ്രോജക്ട് നമ്പർ | അടങ്കൽ | ചെലവ് |
|---|---|---|
| 127/19 ലൈഫ് പദ്ധതി | 78,04,200(വികസനഫണ്ട്ജനറൽ) | 78,00,000 |
| 168/19 പി എം എ വൈ ഭവന നിർമ്മാണപദ്ധതി | 60,00,000(വികസനഫണ്ട്ജനറൽ) | 60,00,000 |

**1.എല്ലാ ഫണ്ടിനങ്ങളും പ്രോജക്ടിൽ ഉൾപ്പെടുത്തിയിട്ടില്ല**

പി എം എ വൈ ഭവന നിർമ്മാണ പദ്ധതിയിലുൾപ്പെട്ട ഗുണഭോക്താക്കൾക്ക് 2018-19 വർഷം പ്രൊജക്ടിലുൾപ്പെടുത്താതെ മറ്റ് സ്രോതസ്സുകളിൽ നിന്ന് ലഭിച്ചിട്ടുള്ള ഫണ്ടുകൾ താഴെ പട്ടികയിൽ കൊടുത്തിരിക്കുന്ന പ്രകാരം ചെലവഴിച്ചിട്ടുണ്ട്. ലഭ്യമായ എല്ലാ സ്രോതസ്സുകളിൽ നിന്നുള്ള ഫണ്ടുകളും ഉൾപ്പെടുത്തി പദ്ധതി തയ്യാറാക്കുന്നതിന് പകരം വികസന ഫണ്ടിൽ നിന്നുള്ള വിഹിതം മാത്രം ഉൾപ്പെടുത്തി പദ്ധതിആസൂത്രണം ചെയ്യുന്നത് സർക്കാർ നിർദ്ദേശങ്ങൾക്ക് വിരുദ്ധമാണ്.

| വർഷം | കേന്ദ്രവിഹിതം | സംസ്ഥാന വിഹിതം | ഗുണഭോക്തൃ വിഹിതം | നഗരസഭാ വിഹിതം (പ്രോജക്ടിൽ ഉൾപ്പെടുത്തിയത്) |
|---|---|---|---|---|
| 2018-19 | 53,81,250 | 17,93,750 | 2,45,000 | 1,38,00,000 |

**2.പദ്ധതി നിർവ്വഹണം**

മേൽ പദ്ധതികളുടെ നടത്തിപ്പിലേക്കായി കേന്ദ്ര ഭവന നഗര വികസന മന്ത്രാലയം അംഗീകാരം നൽകിയ ഗുണഭോക്താക്കളുടെ ഭവന നിർമ്മാണപുരോഗതി താഴെ പട്ടികയിൽ കൊടുത്തിരിക്കുന്ന പ്രകാരമാണ്.

| അംഗീകാരം ലഭിച്ച ഗുണഭോക്താക്കളുടെ എണ്ണം | ഭവന നിർമ്മമാണം ആരംഭിച്ച ഗുണഭോക്താക്കളുടെ എണ്ണം | ഭവന നിർമ്മാണം പൂർത്തിയാക്കിയ ഗുണഭോക്താക്കളുടെ എണ്ണം | പാതി വഴിയിൽ ഉപേക്ഷിക്കപ്പെട്ടവയുടെ എണ്ണം. |
|---|---|---|---|
| 299 | 296 | 167 | 0 |

പദ്ധതി നിർവ്വഹണവുമായി ബന്ധപ്പെട്ടു നല്കിയ ഓഡിറ്റ് എൻക്വയറിക്ക് (20/24.10.2019) നല്കിയ മറുപടിയിൽ ,പദ്ധതി ആരംഭിച്ച 2017-18 വർഷം മുതൽ വിവിധ സ്രോതസ്സുകളിൽ നിന്ന് ലഭ്യമായ ഫണ്ടിനങ്ങളുടെ വരവു ചെലവു വിവരങ്ങൾ താഴെ കൊടുത്തിരിക്കുന്ന പ്രകാരമാണെന്ന് അറിയിച്ചിട്ടുണ്ട്.

| വർഷം | | കേന്ദ്രവിഹിതം | സംസ്ഥാന വിഹിതം | ഗുണഭോക്തൃ വിഹിതം | നഗരസഭാ വിഹിതം | ലോൺ |
|---|---|---|---|---|---|---|
| 2017-18 | വരവ് | 19650000 | 6550000 | 6053000 | 10280000 | -- |
| | ചെലവ് | 15138500 | 7569250 | 6053000 | 7569250 | -- |
| 2018-19 | വരവ് | 7710000 | 2570000 | 245000 | 13800000 | 1,54,00,000 |
| | ചെലവ് | 5381250 | 1793750 | 245000 | 13800000 | 0 |

2017-18 ൽ 202856 രൂപയും 2018-19 ൽ 317286രൂപയും പലിശയിനത്തിലും വരവുണ്ട്.
സർക്കാർ മാർഗ്ഗനിർദ്ദേശങ്ങൾക്കനുസൃതമായും സമയബന്ധിതമായും പദ്ധതി പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-32 വാർഷിക കണക്കിൽ ഉൾപ്പെടാത്ത നീക്കിബാക്കി തുകകൾ.

സി.ഡി.എസ് ചെയർപേഴ്സന്റെ പേരിലുള്ള ബാങ്ക് അക്കൗണ്ടുകളിലെ 31.3.2019 ലെ നീക്കിബാക്കി തുകയുടെ വിവരം ചുവടെ ചേർക്കുന്നു

| ക്രമ നം. | പദ്ധതിയുടെ പേര് | അക്കൗണ്ട് നം. | 31.3.2019 ന് അവശേഷിക്കുന്ന തുക | അവസാനം ഇടപാട് |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| | | | | നടന്ന തിയ്യതി. |
| 1 | നാഷണൽ അർബൻ ലിറ്ററസി മിഷൻ | 116901000682, ഐ.സി.ഐ.സി.ഐ ബാങ്ക് | 444306രൂപ | 07/03/19 |
| 2 | എൻ.എസ്.ഡി.പി | 57043440155,എസ്.ബി.ഐ | 701024രൂപ | 15.5.2015 |

പ്രസ്തുത തുകയുടെ വിനിയോഗം നിരീക്ഷിക്കപ്പെടേണ്ടതാണ്

## 1-33 റിംഗ് കമ്പോസ്റ്റ് - പദ്ധതി നടത്തിപ്പിലെ കാലതാമസം - 12-ാം പദ്ധതി കാലത്ത് തെരഞ്ഞെടുത്ത ഗുണഭോക്താക്കളെ ഉൾപ്പെടുത്തി പദ്ധതി തുടരുന്നു

<table>
<tr><td>പ്രോജക്ട് നം/പേര്</td><td colspan="6">237/19/ റിംഗ് കംമ്പോസ്റ്റ്</td></tr>
<tr><td>നിർവ്വഹണ ഉദ്യോഗസ്ഥൻ</td><td colspan="6">ഹെൽത്ത് ഓഫീസർ</td></tr>
<tr><td rowspan="5">അടങ്കൽ</td><td rowspan="5">3,00,000 -(തനത് ഫണ്ട്)<br>4,50,000(വികസന ഫണ്ട്)<br>37,5,0000(ശുചിത്വമിഷൻ ഫണ്ട്)<br>5,00,000(ഗുണഭോക്തൃ വിഹിതം)</td><td rowspan="5">ചെലവ്</td><td>തുക</td><td colspan="2">ബിൽ/വൌച്ചർ നം/ തിയ്യതി</td></tr>
<tr><td rowspan="2">4,50,000</td><td>2/14.05.18/ 243025</td><td rowspan="2">വികസന ഫണ്ട്</td></tr>
<tr><td>6/14.05.18/ 206975</td></tr>
<tr><td>2,11,750</td><td rowspan="2">1141/ 28.03.19</td><td>തനത് ഫണ്ട്</td></tr>
<tr><td>3,97,000</td><td>ഗുണഭോക്തൃ വിഹിതം</td></tr>
<tr><td>ആകെ</td><td>50,00,000</td><td></td><td colspan="3">10,58,750/-</td></tr>
</table>

2016-17 വർഷം ഏകവർഷം പ്രോജക്ടായി 800/DPC/DPO/KNR/09.09.16 തിയ്യതിയിലെ തീരുമാന പ്രകാരം ഏകവർഷ പ്രോജക്ടായി നടപ്പിലാക്കുന്നതിന് അംഗീകാരം ലഭിച്ച പദ്ധതി താഴെ പരാമർശിക്കുന്ന കാരണങ്ങളാൽ 2019-20 വർഷവും തുടരുന്ന വസ്തുതയിലേക്ക് നഗരസഭാ കൗൺസിലിന്റെ ശ്രദ്ധ ക്ഷണിക്കുന്നു.

**കരാർ പ്രകാരമുള്ള സമയപരിധിക്കുള്ളിൽ റെയ്ഡ്കൊ കമ്പോസ്റ്റ് യുണിറ്റുകൾ വിതരണം ചെയ്തില്ല.**

ശുചിത്വ മിഷന്റെ 237/സി 2/2010/എസ് എം/25.03.2017 നമ്പർ കത്ത് പ്രകാരം സാങ്കേതികാനുമതി ലഭിച്ച മേൽ പ്രോജക്ട്, 2018-19 വർഷം സ്പിൽ ഓവർ പ്രോജക്ടായി അംഗീകാരം നല്കി നടപ്പിലാക്കിയിട്ടുണ്ട്. പദ്ധതി പ്രകാരം 2000 ഗുണഭോക്താക്കൾക്ക് അവരുടെ വീടുകളിൽ റിംഗ് കംമ്പോസ്റ്റ് സ്ഥാപിച്ച് കൊടുക്കുന്നതിന് 2017 ആഗസ്ത് 3 ന് റെയ്ഡ്കൊ കേരള ലിമിറ്റഡ്, കണ്ണൂർ ബ്രാഞ്ച് മാനേജറുമായി കരാറിലേർപ്പെട്ടിട്ടുണ്ട്. സ. ഉ. (സാധാ) നം 1597/2012 തസ്വഭവ തീ.12.08.2012 ലെ സബ്സിഡി നിബന്ധനകൾ (പന്ത്രണ്ടാം പദ്ധതി മാർഗ്ഗരേഖ) പ്രകാരം 75%

ശുചിത്വ മിഷൻ വിഹിതവും 15% തദ്ദേശ സ്ഥാപന വിഹിതവും 10% ഗുണഭോക്തൃ വിഹിതവും ഉൾപ്പെടുത്തി പദ്ധതി നടപ്പിലാക്കാനാണ് സാങ്കേതികാനുമതി നൽകിയത്. കൂടാതെ റെയ്ഡ്കൊയുമായി ഉണ്ടാക്കിയ എഗ്രിമെന്റ് പ്രകാരം 2017 ഡിസംബർ മാസം 31-ാം തിയ്യതിക്കകം റിംഗ് കമ്പോസ്റ്റുകൾ വിതരണം ചെയ്യേണ്ടതും ആയവ സ്ഥാപിച്ചതിന് റെയ്ഡ്കൊ നൽകുന്ന സാക്ഷ്യപത്രത്തിന്റെ അടിസ്ഥാനത്തിൽ തുക നൽകേണ്ടതുമാണ്.

പന്ത്രണ്ടാം പദ്ധതിയുടെ ഭാഗമായി 2016-17 വർഷം വാർഡ് സഭകൾ തെരഞ്ഞെടുത്ത 2000 ഗുണഭോക്താക്കളിൽ 185 പേർക്ക് 2017-18 വർഷവും 1588 പേർക്ക് 2018-19 വർഷവും താഴെ പട്ടികയിൽ കൊടുത്തിട്ടുള്ള പ്രകാരം റിംഗ് കമ്പോസ്റ്റുകൾ വിതരണം ചെയ്തിട്ടുണ്ട്.
മേൽ പദ്ധതി 2019-20 വർഷവും സ്പിൽ ഓവറായി തുടരുന്നുണ്ട്. പതിമൂന്നാം പദ്ധതിയുടെ ഭാഗമായി 2017-18 മുതലുള്ള വാർഷീക പദ്ധതികൾക്ക് ബാധകമായ സ. ഉ. (എം. എസ്) നമ്പർ80/2017 തസ്വഭവ തി 03.04.2017 (പഞ്ചായത്തിരാജ് /നഗരപാലിക സ്ഥാപനങ്ങൾ സബ്സിഡിയും അനുബന്ധവിഷയങ്ങളും) ഉത്തരവിലെ ഖണ്ഡിക 8.8 പ്രകാരവും സ.ഉ. (സാധാ) 565/18/തസ്വഭവ തി. 27.02.2018(ഖ.3(1)) പ്രകാരവും ഉറവിട മാലിന്യ സംസ്കരണ പദ്ധതിക്ക് ഗുണോഭോക്താവിന് പരമാവധി നൽകാവുന്ന സബിസിഡി യൂനിറ്റ് കോസ്റ്റിന്റെ 50% ആണെന്നിരിക്കെ 20171-18 വർഷം തന്നെ എഗ്രിമെന്റ് വ്യവസ്ഥകൾ പ്രകാരം പൂർത്തിയാക്കേണ്ടിയിരുന്ന പദ്ധതി 2019-20 വർഷവും (പ്രോജക്ട് നം. 298/20) പഴയനിരക്കിൽ ഗുണഭോക്തൃവിഹിതം ഈടാക്കി പന്ത്രണ്ടാം പദ്ധതിക്കാലത്ത് തെരഞ്ഞെടുത്ത ഗുണഭോക്താക്കളെ ഉൾപ്പെടുത്തി തുടരുന്ന പൊരുത്തക്കേടിലേക്ക് കൗൺസിലിന്റെ ശ്രദ്ധക്ഷണിക്കുന്നു.

| ഇൻവോയ്സ് നം/ തിയ്യതി | സ്ഥാപിക്കപ്പെട്ട റിംഗ് കമ്പോസ്റ്റുകളുടെ എണ്ണം | നൽകേണ്ട തുക |
|---|---|---|
| TPBA/124/2018-19/31.05.18 | 200 | 4,87,000 |
| TPBA/264/2018-19/12.07.18 | 250 | 6,08,750 |
| TPBA/391/2018-19/30.08.18 | 478 | 11,63,931 |
| TPBA/701/2018-19/31.10.18 | 660 | 16,07,100 |
| TPBA/1217/2017-18/22.11.17 | 100(സമയപരിധിക്കകം സ്ഥാപിച്ചത്) | 2,43,500 |
| TPBA/2439/2017-18/23.03.18 | 85 | 2,06,975 |
| ആകെ | 1773 | 43,17,256 |

**ശുചിത്വമിഷന് യഥാസമയം ധനവിനിയോഗ സാക്ഷ്യപത്രം സമർപ്പിക്കാത്തതിനാൽ അർഹമായ ഗ്രാന്റ് ലഭ്യമായില്ല**

ശുചിത്വ മിഷൻ സാങ്കേതികാനുമതി നല്കിയതുമായി ബന്ധപ്പെട്ട മേൽ സൂചിപ്പിച്ച കത്തിൽ 2005 വർഷം മുതൽ അനുവദിച്ച 1,12,57,000/-രൂപയുടെ ധനവിനിയോഗ സാക്ഷ്യ പത്രം ഹാജരാക്കുന്ന മുറക്ക് മാത്രമേ ഈ പദ്ധതിക്ക് ഫണ്ട് അനുവദിക്കുകയുള്ളൂവെന്ന് വ്യക്തമാക്കിയിട്ടുണ്ടെങ്കിലും 2018-19 വർഷം വരെ ധനവിനിയോഗ സാക്ഷ്യപത്രം സമർപ്പിക്കാതെ പദ്ധതി നടപ്പിലാക്കുകയാണ് ഉണ്ടായത് .ഇക്കാരണത്താൽ തന്നെ ശുചിത്വമിഷനിൽ പ്രസ്തുത പദ്ധതിക്കായി ലഭിക്കേണ്ടിയിരുന്ന വിഹിതം ഇതേവരെ ലഭ്യമായിട്ടില്ല എന്നതും പദ്ധതി നടത്തിപ്പിലെ പ്രധാന കാരണമായി വിലയിരുത്തുന്നു . 15.10. 2019 ന് മാത്രമാണ് ധനവിനിയോഗ സാക്ഷ്യപത്രം ശുചിത്വമിഷന് നൽകിയിട്ടുള്ളതായി ഫയലിൽ രേഖപ്പെടുത്തിയിട്ടുള്ളത്. ധനവിനിയോഗ സാക്ഷ്യപത്രം സമർപ്പിക്കുന്നതിലുണ്ടായ വീഴ്ചയും പദ്ധതി നിർവ്വഹണത്തിലെ കാലതാമസത്തിന് പ്രധാന കാരണമായി ഓഡിറ്റ് വിലയിരുത്തുന്നു.

## 1-34 നഗരസഭാ സെക്രട്ടറിയുടെ ശമ്പളവും അലവൻസുകളും

1994-ലെ കേരളാ മുനിസിപ്പാലിറ്റി ആക്ട് സെക്ഷൻ 48(3),കേരളാസർവ്വീസ് റൂൾസ് പാർട്ട് 1 റൂൾ 146 എന്നിവ പ്രകാരം നഗരസഭാസെക്രട്ടറി ഒരു സർക്കാർ ഉദ്യോഗസ്ഥനെന്നനിലയിൽ ശമ്പളവും അലവൻസുകളും സംസ്ഥാനത്തിന്റെ സഞ്ചിത നിധിയിൽ നിന്ന് പിൻവലിക്കേണ്ടതും ടിയാന്റെ സേവനം നഗരസഭയ്ക്കായി വിട്ടുനൽകിയിട്ടുള്ളതിനാൽ പ്രസ്തുത തുകകളും പെൻഷൻ അംശദാനവും മുനിസിപ്പാലിറ്റി തനതുഫണ്ടിൽ നിന്ന് മാസം തോറും തിരികെ സർക്കാരിലേയ്ക്ക് അടയ്ക്കേണ്ടതാണ്. എന്നാൽ രജിസ്റ്ററുകളുടെയും ഫയലുകളുടെയും അഭാവത്തിൽ ഇക്കാര്യം പരിശോധിച്ച് ഉറപ്പുവരുത്താൻ സാധിച്ചിട്ടില്ല. സെക്രട്ടറിയുടെ ശമ്പളവും, അലവൻസുകളും, പെൻഷൻ അംശദാനവും ഏത് കാലയളവ് വരെ സംസ്ഥാനത്തിന്റെ സഞ്ചിത നിധിയിലേയ്ക്ക് അടവാക്കിയിട്ടുണ്ടെന്നുള്ളതിന്റെ വിവരവും, അടവാക്കിയതിന്റെ വിശദാംശങ്ങളും, സഞ്ചിത നിധിയിലേയ്ക്ക് തുക ഒടുക്കിയതിന് ശേഷം നാളിതുവരെ സെക്രട്ടറി കൈപ്പറ്റിയ ശമ്പളത്തിന്റെയും അലവൻസുകളുടെയും വിശദാംശങ്ങളും സഞ്ചിത നിധിയിലേയ്ക്ക് ഒടുക്കുവാൻ അവശേഷിയ്ക്കുന്ന തുകയുടെ വിശദാംശങ്ങളും ലഭ്യമാക്കേണ്ടതാണ്. (ഇതുമായി ബന്ധപ്പെട്ടു നല്കിയ ഓഡിറ്റ് എൻക്വയറി നമ്പർ 48/30.10.2019 ന് നല്കിയ മറുപടിയിൽ തുക അടവാക്കി വിവരം അറിയിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്)

## 1-35 അയ്യങ്കാളി നഗര തൊഴിലുറപ്പു പദ്ധതി-അവലോകനം

തളിപ്പറമ്പ നഗരസഭയിൽ അയ്യങ്കാളി നഗര തൊഴിലുറപ്പു പദ്ധതി ആരംഭിച്ചത് 2018-19 സാമ്പത്തിക വർഷം മാത്രമാണ്. 2017-18 സാമ്പത്തിക വർഷം 32690 തൊഴിൽദിനങ്ങൾ കണക്കാക്കി 14056700രൂപ അടങ്കലിൽ ലേബർ ബജറ്റ് തയ്യാറാക്കി നഗരകാര്യ വകുപ്പിന്റെ അംഗീകാരം വാങ്ങിയിരുന്നുവെങ്കിലും പ്രസ്തുത വർഷം രജിസ്ട്രേഷൻ നടപടികൾ പോലും ആരംഭിച്ചിരുന്നില്ല. 2017-18 സാമ്പത്തിക വർഷം അനുവദിക്കപ്പെട്ട ഒന്നാംഗഡു തുകയായ 50ലക്ഷം രൂപ നാളിതുവരെയും വിനിയോഗിച്ചു തീർന്നിട്ടില്ല.

2018-19 സാമ്പത്തിക വർഷം 958 കുടുംബങ്ങൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്.എല്ലാവർക്കും തൊഴിൽ കാർഡ് നല്കിയിട്ടുണ്ട്. 15 പ്രവൃത്തികളിലായി 4216 തൊഴിൽ ദിനങ്ങൾ മാത്രമാണ് ഓഡിറ്റ് വർഷം പ്രദാനം ചെയ്യാൻ കഴിഞ്ഞിട്ടുള്ളത്. പ്രധാനമായും ഓടകളുടെ (earthen drain) നിർമ്മാണവും തോടുകളും ഓടകളും വൃത്തിയാക്കലുമാണ് നടത്തിയിട്ടുള്ളത് . പി എം എ വൈ പദ്ധതിയുടെ ഭാഗമായി വീടു നിർമ്മാണത്തിനുള്ള അവിദഗ്ദ്ധ തൊഴിലാണ് ഇതിനു പുറമേ നല്കിയിട്ടുള്ളത്. വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു

**ഫണ്ട് വിനിയോഗം**

| | |
|---|---|
| മുന്നിരിപ്പ് | 50,14,523 |

| | |
|---|---|
| | (14523രൂപ പലിശയിനത്തിൽ ലഭിച്ചത്) |
| വരവ് | 1,84,076(പലിശ) |
| ആകെ | 51,98,599 |
| ചെലവ് | 13,57,590 |
| നീക്കിയിരിപ്പ് | 38,41,009 |

343145രൂപ സ്റ്റാഫിന് ശമ്പളം നല്കിയ ഇനത്തിലും 270രൂപ കടത്തു ചെലവും 1966രൂപ പ്രിന്ററിംഗ് &സ്റ്റേഷനറിയും ഉൾപ്പെടെ 363076രൂപ ഭരണച്ചെലവിനത്തിലാണ് വരുന്നത് . 994514രൂപയാണ് പദ്ധതിച്ചെലവായി വന്നിട്ടുള്ളത്. ഭരണച്ചെലവ് പദ്ധതിച്ചെലവിന്റെ 6% ൽ അധികമാവാൻ പാടില്ല എന്ന നിബന്ധന പാലിക്കപ്പെടാത്തതിനാൽ അധികരിച്ച ഭരണച്ചെലവ് തുക നഗരസഭയുടെ തനതു ഫണ്ടിൽ നിന്ന് അയ്യങ്കാളി നഗരതൊഴിലുറപ്പ് പദ്ധതി ഫണ്ടിലേക്ക് വകമാറ്റാൻ സംസ്ഥാന കൗൺസിൽ യോഗത്തിന്റെ 27/05/19 ലെ മിനുട്സിൽ നഗരസഭാ സെക്രട്ടറിക്ക് നിർദ്ദേശം നല്കിയിട്ടുണ്ട്. ഈ രീതിയിൽ പദ്ധതി നടത്തിപ്പിൽ വീഴ്ച്ച വരുത്തി നഗരസഭാ ഫണ്ടിന് നഷ്ടമുണ്ടാക്കുന്നത് ഗുരുതരമായ അപാകമാണ്

**തുടർ പദ്ധതി നടപ്പിലാക്കാത്തതിനാൽ സൃഷ്ടിക്കപ്പെട്ട ആസ്തി സംരക്ഷിക്കാൻ കഴിയുന്നില്ല**

എർത്തൻ ഡ്രെയിനുകളാണ് പ്രധാനമായും തൊഴിലുറപ്പു പദ്ധതിയുടെ ഭാഗമായി നിർമ്മിച്ചിട്ടുള്ളത്. ആയതിന്റെ തുടർപദ്ധതികൾ എഞ്ചിനീയറിംഗ് വിഭാഗം ഏറ്റെടുത്തിട്ടില്ല.അതുകൊണ്ടു തന്നെ സുസ്ഥിര ആസ്തിക്കുള്ള മുന്നൊരുക്ക പ്രവർത്തനമായി തൊഴിലുറപ്പു പദ്ധതി മാറിയിട്ടില്ല. മറ്റു പദ്ധതികളുടെ അവിദഗ്ദ്ധ തൊഴിൽ ഘടകവുമായി സംയോജിപ്പിച്ചു കൊണ്ട് കൂടുതൽ തൊഴിൽ ലഭ്യമാക്കുവാനും തൊഴിലുറപ്പു പദ്ധതിയിലൂടെ നിർമ്മിക്കുന്ന സ്ഥായിയല്ലാത്ത ആസ്തികൾക്ക് തുടർപദ്ധതികളിലൂടെ പ്രയോജനം ലഭിക്കുന്ന രീതിയിൽ പദ്ധതികൾ ആവിഷ്ക്കരിക്കാനും ശ്രദ്ധിക്കേണ്ടതുണ്ട് .

**സോഷ്യൽ ഓഡിറ്റിംഗ്**

പദ്ധതിയുടെ ഫലപ്രാപ്തി ഉറപ്പു വരുത്തുന്നതിന് സോഷ്യൽ ഓഡിറ്റിംഗ് നല്ല രീതിയിൽ നടപ്പിലാക്കേണ്ടതുണ്ട്. പ്രവൃത്തി തുടങ്ങുന്നതിന് മുമ്പും പ്രവൃത്തി നടന്നു കൊണ്ടിരിക്കുമ്പോഴും പ്രവൃത്തി അവസാനിച്ച ശേഷവുമുള്ള ഫോട്ടോകളും ഫയലിൽ സൂക്ഷിക്കാൻ ശ്രദ്ധിക്കേണ്ടതാണ് .

തൊഴിലിലൂടെ ദാരിദ്ര്യ നിർമ്മാർജ്ജനം എന്ന പദ്ധതി ലക്ഷ്യം കൈവരിക്കുന്നതിന് ഫലപ്രദമായ നടപടികൾ സ്വീകരിക്കേണ്ടതിലേക്ക് നഗരസഭാ കൗൺസിലിന്റെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

## 1-36 പ്ലാൻ ഫണ്ട് വകമാറ്റിയത്-വിനിയോഗിക്കാതെ അവശേഷിക്കുന്ന തുക തിരിച്ചടക്കേണ്ടതാണ്.

ഐ.എച്ച്.എസ്.ഡി.പി പദ്ധതി 31.3.2017 ന് അവസാനിച്ചതിനെ തുടർന്ന് ഇതിനായി തുറന്ന 67029767059 നം.അക്കൗണ്ട് (എസ്.ബി.ഐ-യിൽ നഗരസഭാ സെക്രട്ടറിയുടെ പേരിൽ ഉള്ളത്) അവസാനിപ്പിക്കുന്നതിന് തീരുമാനിച്ചതായി ഇത് സംബന്ധിച്ച ഫയലിൽ കാണുന്നുണ്ട്. കുടുംബശ്രീ എക്സിക്യൂട്ടീവ് ചെയർമാന്റെ 27.3.2017 ലെ 6066/ജി/2011/കെ.എസ്.എച്ച.ഡി നംപർ കത്തിനെ തുടർന്ന് അക്കൗണ്ടിൽ അവശേഷിച്ചിട്ടുള്ള 5058926 രൂപയിൽ കേന്ദ്ര -സംസ്ഥാന വിഹിതമിനത്തിലുള്ള 1987283 രൂപ കുടുംബശ്രീ യുടെ 67035240424 നമ്പർ അക്കൗണ്ടിലേക്ക് 15.4.2017 ന് തിരിച്ചടവാക്കിയിട്ടുണ്ട്. അവശേഷിക്കുന്ന 3071643 രൂപയിൽ 2440000രൂപ2013-14 വർഷത്തെ 334/14 (ഐ.എച്ച്. എസ്.ഡി.പി ഭവന നിർമ്മാണ പദ്ധതി)പദ്ധതിയുടെ

ബാക്കിവന്നിരുന്ന പദ്ധതിവിഹിതം തുകയാണെന്ന് ഫയലിൽ വ്യക്തമാക്കിയിട്ടുണ്ട്. ഈ തുക തിരിച്ചടക്കുന്നതിന് ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിന്റെ 2013-14,14-15 വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിലെ ഖണ്ഡിക 11 ൽ ആവശ്യപ്പെട്ടിരിക്കുന്നതനുസരിച്ച സംസ്ഥാന സർക്കാരിലേക്ക് തിരിച്ചടക്കേണ്ട ഹെഡ് ആവശ്യപ്പെട്ടുകൊണ്ട് 21.8.2019 ന് സി.ഡി.എസ്.17942/06 നമ്പറിൽ കത്തയച്ചിട്ടുണ്ടെങ്കിലും അനന്തര നടപടികൾ കാണുന്നില്ല. ഇപ്രകാരം 2440000 രൂപ തിരിച്ചടവാക്കിയാൽ തന്നെയും വീണ്ടും 631643 രൂപ ഈ അക്കൗണ്ടിൽ അവശേഷിക്കുന്നുണ്ട്. ഈ തുക ഏത് ഇനത്തിലുള്ളതാണെന്ന് മനസ്സിലാക്കി അതാത് ഫണ്ടിലേക്ക് അടവാക്കുന്നതിനുള്ള നടപടിയും കൈക്കൊള്ളേണ്ടതാണ്.

ഇതിനു പുറമേ 2012 ൽ പൂർത്തിയായ ഇ എം എസ് ഭവന നിർമ്മാണ പദ്ധതിക്കു വേണ്ടി പ്ലാൻഫണ്ടിൽ നിന്ന് മുൻകൂറായി പിൻവലിച്ച തുകയിൽ അവശേഷിക്കുന്ന 48 ലക്ഷം രൂപയും നഗരസഭാ ഫണ്ടിൽ അവശേഷിക്കുന്നുണ്ട്.

ഹെഡ് ഓഫ് അക്കൗണ്ട് സംബന്ധിച്ച അവ്യക്തത കാരണമാണ് തുക തിരിച്ചടക്കാത്തതെന്നാണ് മറുപടി നല്കിയിട്ടുള്ളത്. തുക സഞ്ചിത നിധിയിലേക്ക് തിരിച്ചടക്കുന്നതിനുള്ള അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്

## 1-37 ഓഫീസ് അറ്റന്റൻസിൽ ആബ്സന്റ് മാർക്ക് ചെയ്ത ദിനങ്ങളിൽ ശമ്പളം അനുവദിച്ചു-3240രൂപ തിരികെ ഈടാക്കേണ്ടതാണ്

വൌച്ചർ നമ്പർ 1036/31-03-2018 ₹825391

ശ്രീ.ശ്രീജിത്ത് ആർ., ഹെൽത്ത് ഇൻസ്പെക്ടർ 2018 മാർച്ച് മാസത്തിൽ 13,14,27,28,31 തീയതികളിൽ അറ്റന്റൻസ് രജിസ്റ്റർ പ്രകാരം ആബ്സന്റ് രേഖപ്പെടുത്തിയിട്ടുണ്ട്. 5 ദിവസം ആബ്സന്റ് ആയ ജീവനക്കാരന് ശമ്പളം അനുവദിച്ചപ്പോൾ 28 ദിവസത്തെ ശമ്പളം അനുവദിച്ചിട്ടുണ്ട്. വിശദവിവരം ചുവടെ ചേർക്കുന്നു.

| | അടസ്ഥാന ശമ്പളം 42500 | ക്ഷാമബത്ത 14% | വീട്ട് വാടക ബത്ത @1500 | പി.സി.എ. @270 | ആകെ |
|---|---|---|---|---|---|
| അനുവദിച്ചത് 28 ദിവസങ്ങൾ | 38387.10 | 5374.17 | 1354.84 | 243.87 | 45360 |
| അനുവദിക്കാവുന്നത് 26 ദിവസങ്ങൾ | 35645.16 | 4990.32 | 1258.06 | 226.45 | 42120 |
| അധികം നല്കിയത് | | | | | 3240 |

2 ദിവസത്തെ ശമ്പളം അധികം നല്കിയതിന് വിശദീകരണം നല്കുന്നതിന് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (7/21-10-2019) അധികം നല്കിയ തുക ഈടാക്കി ഒടുക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. 3240രൂപയുടെ ചെലവ് ഓഡിറ്റിൽ അംഗീകരിക്കുന്നില്ല.

## 1-38 ഇ- ടോയിലറ്റ് വാർഷിക അറ്റകുറ്റപണി അപാകങ്ങൾ

വൌച്ചർ നമ്പർ 59/25-04-2018 99000/-
വൌച്ചർ നമ്പർ 913/28-01-2019 99000/-
ഫയൽ നമ്പർ -E1 -22970/2017

കൂവോട് ആയുർവേദാശുപത്രി,തളിപറമ്പ് താലൂക്ക് ആശുപത്രി, തളിപറമ്പ് ടാക്സി സ്റ്റാന്റ് എന്നിവിടങ്ങളിലുള്ള ഇ – ടോയ് ലറ്റുകളുടെ വാർഷിക അറ്റകുറ്റപണി നടത്തിയത് ഇറാം സയന്റിഫിക്ക് സൊലൂഷൻസ് പ്രൈവറ്റ് ലിമിറ്റഡ് തിരുവനന്തപുരം എന്ന സ്ഥാപനമാണ് (കരാർ തുക ₹198000). പ്രവൃത്തിയുമായി ബന്ധപ്പെട്ട ഫയൽ പരിശോധിച്ചതിൽ താഴെ പറയുന്ന അപാകങ്ങൾ ശ്രദ്ധയിൽപെട്ടു.

1- ജി.ഒ.(എം.എസ്. ) 17/2018/ത.സ്വ.ഭ.വ. തീയതി 02-02-2018 ഖ. 5-1-3 പ്രകാരം അടിയന്തിര സ്വഭാവമുള്ള പ്രവർത്തികളെല്ലാതെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്താതെ തനത് ഫണ്ട് പദ്ധതി ഏറ്റെടുത്ത് നടപ്പിലാക്കരുതെന്ന് വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ മേൽ പ്രവർത്തി വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്താതെയാണ് നടപ്പിലാക്കിയത്.

2- പ്രവൃത്തി നടത്തുന്നതിനായി സ്ഥാപനവുമായി എഗ്രിമെന്റിൽ ഏർപ്പെട്ടത് 26-03-2018 തീയതിയിലാണ് . 25-04-2018 99000/-ആദ്യഗഡുവും 28-01-2019 ൽ അവസാന ഗഡുവും(₹99000) നല്കിയിട്ടുണ്ട് . സ.ഉ. 177/2006/ധന തീയതി 02-04-2006 പ്രകാരം മുൻകൂർ തുക അനുവദിക്കാവുന്ന ഇനങ്ങളിൽ വാർഷിക അറ്റകുറ്റ പണി ഉൾപ്പെടുന്നില്ല .

ഇത്തരം അപാകങ്ങൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-39 കണ്ടിജന്റ് ജിവനക്കാർ യൂനിഫോം തുണികൾ - കാട്ട് ചെയ്ത തുകയിലും അധിക നിരക്ക് അനുവദിച്ചത് കാരണം 12782 രൂപയുടെ അധികച്ചെലവ്

വൗച്ചർ നമ്പർ 80/27-04-2018 86184/-

ഫയൽ നമ്പർ H- 14662/2013

കണ്ടിജന്റ് ജിവനക്കാർക്ക് 2016-17, 2017-18 വർഷത്തേക്കുള്ള യൂനിഫോം തുണികൾ വാങ്ങിയത് മൊണാൽ ട്രേഡിംഗ് കമ്പനി തളിപറമ്പ് എന്ന സ്ഥാപനത്തിൽ നിന്നാണ്. പ്രസ്തുത സ്ഥാപനം തുണിതരങ്ങൾക്ക് ഒരേ ഇനത്തിന് രണ്ട് തരം നിരക്കുകളാണ് കാട്ട് ചെയ്തത്. ഇതിൽ നഗരസഭ കൌൺസിൽ 30-10-2017 ലെ 18 നമ്പർ തീരുമാനം പ്രകാരം അംഗീകരിച്ച നിരക്കിലും കൂടിയ നിരക്ക് അനുവദിച്ചത് കാരണം 12782 രൂപ അധിക ചെലവുണ്ടായിട്ടുണ്ട്. വിശദവിവരം ചുവടെ ചേർക്കുന്നു .

| ക്രമ നമ്പർ | ഇനം | അളവ് | കൌൺസിൽ അംഗീകരിച്ച നിരക്ക് | തുക | അനുവദിച്ച നിരക്ക് | തുക | അധികം നല്കിയത് |
|---|---|---|---|---|---|---|---|
| 1 | കാക്കിയൂനിഫോം | 541.2 മീറ്റർ | 105.90 | 57313.08 | 119.90 | 64889.88 | 7577 |
| 2 | സാരി | 44 എണ്ണം | 214.90 | 9455.60 | 289 | 12716 | 3260 |
| 3 | ബ്ലൌസ് പീസ് | 44 മീറ്റർ | 57.98 | 2551.12 | 74.98 | 3299.12 | 748 |
| 4 | ഓവർക്കോട്ട് | 70.4മീറ്റർ | 57.98 | 4081.79 | 74.98 | 5278.50 | 1197 |
| | | | | | | | 12781.90 (₹12782) |

പ്രസ്തുത വിഷയം ശ്രദ്ധയിൽ പെടുത്തിക്കൊണ്ട് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (10/21-10-2019) മറുപടിയായി അധികം നല്കിയ തുക തിരികെ ഈടാക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. അധികം നല്കിയ തുക തിരികെ ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

2- 2016-17, 2017-18 വർഷങ്ങളിലെ യൂണിഫോം 2018 മാർച്ചിലാണ് വിതരണം ചെയ്തത്. യൂനിഫോം യഥാസമയം വിതരണം ചെയ്യാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-40 പത്രപരസ്യം ഡിസ്കൗണ്ട് ലഭിക്കാത്തത് സംബന്ധിച്ച്

ജി.ഒ(പി)നം.17/15/I&PRD dated 8.12.15പ്രകാരം സർക്കാർ സ്ഥാപനങ്ങൾക്ക് എല്ലാത്തരം

പത്രപ്പരസ്യങ്ങൾക്കും 15% ഡിസ്ക്കൗണ്ട് അനുവദിക്കേണ്ടതാണ്. എന്നാൽ താഴെ പറയുന്ന പത്രപരസ്യങ്ങൾക്ക് ഡിസ്ക്കൗണ്ട് ലഭിച്ചിട്ടില്ല.

| വൗച്ചർ നമ്പർ തീയതി | തുക | ഇനം |
|---|---|---|
| 55/19-04-2018 | 6120 | കണ്ടിജന്റ് തൊഴിലാളികളുടെ യൂനിഫോം ടെണ്ടർ പരസ്യചാർജ്ജ് |
| 56/19-04-2018 | 4973 | റിംഗ് കമ്പോസ്റ്റ് സ്ഥാപിക്കുന്നതിന് ടെണ്ടർ പരസ്യചാർജ്ജ് |
| 68/25-04-2018 | 4620 | ഡി.പി.ആർ തയ്യാറാക്കുന്നതിന് ടെണ്ടർ പരസ്യചാർജ്ജ് |
| 145/10-05-2018 | 15878 | ബസ് സ്റ്റാന്റ് യൂസർ ഫീ പിരിച്ചെടുക്കുന്നതിന് ടെണ്ടർ നടപടികൾ പരസ്യ ചാർജ്ജ് |
| 665/08-11-2018 | 9240 | ടെണ്ടർ പരസ്യം |
| 611/27-10-2018 | 3840 | ടെണ്ടർ റീടെണ്ടർ പരസ്യം |
| 1121/21-03-2019 | 20790 | ടെണ്ടർ പരസ്യം |
| 789/19-12-2018 | 5631 | ടെണ്ടർ പരസ്യം |
| 786/02-09-2018 | 9240 | ടെണ്ടർ പരസ്യം |

പത്രപരസ്യം ഡിസ്കൌണ്ട് ലഭിക്കാത്തതിന് വിശദീകരണം നല്കുന്നതിന് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (12/21-10-2019) സർക്കാർ ഉത്തരവ് ശ്രദ്ധയിൽ പെട്ടിട്ടല്ലെന്ന് അറിയിച്ചിട്ടുണ്ട്. ആയത് ലഭ്യമാക്കുന്നതിന് നടപടികൾ സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. ഡിസ്കൌണ്ട് ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-41 2014 ലെ ശമ്പള പരിഷ്കരണ കുടിശ്ശിക അധികം നല്കിയത്.3595രൂപ പലിശസഹിതം ഈടാക്കേണ്ടതാണ്

വൌച്ചർ നമ്പർ 263/26-06-2018 473778/-
വൌച്ചർ നമ്പർ 567/08-10-2018 582022/-

ശ്രീ.മുകുന്ദൻ സീനിയർ ക്ലാർക്ക് എന്നവർക്ക് 2014 ലെ ശമ്പള പരിഷ്കരണ കുടിശ്ശിക അനുവദിച്ചതിൽ 3595 രൂപ അധികം നല്കിയിട്ടുണ്ട്. ജീവനക്കാരൻ 04/2015 ൽ 29 ദിവസം ആർജിതാവധി സറണ്ടർ ചെയ്തിട്ടുണ്ട്. ഇത് പ്രകാരം അനുവദിക്കാവുന്ന കുടിശ്ശികയുടെ വിശദവിവരം ചു വടെ ചേർക്കുന്നു.

| | അടിസ്ഥാന ശമ്പളം | ക്ഷാമ ബത്ത | ആകെ | അടിസ്ഥാന ശമ്പളം | ക്ഷാമ ബത്ത | ആകെ | |
|---|---|---|---|---|---|---|---|
| അനുവദിച്ചത് | 34800x29/30= 33640 | 1009 | 34649 | 14980x29/30= 14481 | 12454 | 26935 | 7714 |
| അനുവദിക്കാവുന്നത് | 34800x29/30= 33640 | 1009 | 34649 | 16980x29/30= 16414 | 14116 | 30530 | 4119 |
| അധികം നല്കിയത് | | | | | | | 3595 |

ജീവനക്കാരന് 3595 രൂപയും അതിന്റെ പലിശയും നാലു ഗഡുക്കളായി വിതരണം ചെയ്തിട്ടുണ്ട്. (ജീവനക്കാരന് ശമ്പള കുടിശ്ശികയിനത്തിൽ വൌച്ചർ നമ്പർ 126/18-05-2016 പ്രകാരം വിതരണം ചെയ്ത തുകയും പരിഗണിക്കേണ്ടതാണ്). ഇത് സംബന്ധിച്ച് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് അധികം നല്കിയ തുക തിരികെ ഈടാക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. അധികം നല്കിയ തുക പലിശ സഹിതം ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-42 സർക്കാർ അംഗീകാരമില്ലാതെ ഡാറ്റാ എൻട്രി ഓപ്പറേറ്റർ മാരെ നിയമിച്ച് 313110 രൂപ വേതനം നല്കിയതും മറ്റ് അപാകങ്ങളും

01-04-2013 മുതൽ 31-03-2018 വരെയുള്ള രശീതുകൾ സഞ്ചയ സോഫ്റ്റ് വേറിൽ അപ് ലോഡ് ചെയ്യുന്നതിന് ഡാറ്റാ എൻട്രി ഓപ്പറേറ്റർ മാരെ നിയമിച്ച് 3,13,110 രൂപ വേതനം നല്കിയിട്ടുണ്ട് . പ്രസ്തുത നിയമനത്തിന് സർക്കാർ അംഗീകാരം ലഭിച്ചിട്ടില്ല. ഇത് സംബന്ധിച്ച് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് സർക്കാർ അനുമതിക്കായി അപേക്ഷിച്ചിട്ടുണ്ടെന്ന് അറിയിക്കുകയുണ്ടായി.

ജി.ഒ.(പി) 112/2018/ധന തീയതി 21-07-2018 പ്രകാരം ദിവസ വേതനത്തിൽ ജോലിചെയ്യുന്ന ഡാറ്റ എൻട്രി ഓപ്പറേറ്റർ മാർക്ക് അനുവദിക്കാവുന്ന പരമാവധി മാസവേതനം 20300 രൂപയാണ്. എന്നാൽ താഴെ പറയുന്ന ജീവനക്കാർക്ക് സർക്കാർ നിശ്ചയിച്ച നിരക്കിലും അധികമായി വേതനം അനുവദിച്ചിട്ടുണ്ട്. വിശദവിവരം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | വൌച്ചർ നമ്പർ | പേര് | അനുവദിച്ചത് | അനുവദിക്കാവുന്നത് | അധികം നല്കിയത് |
|---|---|---|---|---|---|
| 1 | 435/201-08-2018 | സുജാത | 20590 | 20300 | 290 |
| 2 | | സോനു.എം | 20590 | 20300 | 290 |
| 3 | | ഷൈമ .കെ | 20590 | 20300 | 290 |
| 4 | 549/04-10-2018 | സുജാത | 20590 | 20300 | 290 |
| 5 | | ഷൈമ .കെ | 20590 | 20300 | 290 |
| ആകെ | | | | | 1450 |

അധികം നല്കിയ തുക തിരികെ ഈടാക്കി നഗരസഭ ഫണ്ടിൽ ഒടുക്കേണ്ടതാണ്.

## 1-43 യാത്രാബത്ത – സർക്കാർ നിർദ്ദേശിച്ച നിരക്കിലും അധിക നിരക്കിൽ അനുവദിക്കുന്നത് സംബന്ധിച്ച്

ജീവനക്കാർക്ക് യാത്ര ബത്ത അനുവദിച്ചതിൽ അനാമത്ത് ചെലവ്, ദിനബത്ത എന്നിവ അധികനിരക്കിൽ അനുവദിച്ചു കാണുന്നു. ഇത് സംബന്ധിച്ച് ഓഡിറ്റ് അന്വേഷണം നല്കിയതിനെ തുടർന്ന് (14/21-10-2019, 27/25-10-2019) അധികം നല്കിയ തുക തിരികെ ഈടാക്കിയിട്ടുണ്ട്. സമാന രീതിയിൽ നാളിതു വരെ തയ്യാറാക്കിയ മുഴുവൻ യാത്രാബത്താ ബില്ലുകളും പരിശോധിച്ച് അധികം നല്കിയ തുക തിരികെ ഈടാക്കേണ്ടതാണ്. ജീവനക്കാരുടെ ടി.എ. സീലിംഗ് ഡ്രൈവർമാരുടെ കാര്യത്തിൽ മാത്രമാണ് നടപ്പാക്കുന്നത്. ജി.ഒ.(പി) 137/2016/ധന തീയതി 09.09.2016-ൽ നിർദ്ദേശിച്ച പ്രകാരം യാത്രാബത്ത പരിമിതപ്പെടുത്തേണ്ടതാണ്.

## 1-44 പട്ടികജാതി മേഖലയിൽ നടത്തിയ പ്രോജക്ടുകൾ ഗുണഭോക്താക്കളെ തിരഞ്ഞെടുക്കുന്നതിൽ സർക്കാർ നിർദ്ദേശങ്ങൾ പാലിക്കുന്നില്ല.

നിർവ്വഹണ ഉദ്യോഗസ്ഥൻ : സെക്രട്ടറി
